
ഭാഗം 3

അക്ഷരവൃക്ഷം
കുട്ടികളുടെ അവധിക്കാല
സർഗ്ഗസൃഷ്ടികൾക്കൊരിടം





## കോവിഡ് 19

# കവിതകൾ

കോവിഡ് 19 പ്രതിരോധത്തിന്റെ ഭാഗമായുള്ള
ലോക്ഡൗൺ പശ്ചാത്തലത്തിൽ
വീടുകൾക്കുള്ളിൽ അവധിക്കാലം ചെലവഴിച്ച
കുട്ടികളുടെ സർഗ്ഗാത്മക രചനകൾ



കേരളസർക്കാർ
പൊതുവിദ്യാഭ്യാസ വകുപ്പ്

അക്ഷരവൃക്ഷം
കുട്ടികളുടെ അവധിക്കാല സർഗ്ഗസൃഷ്ടികൾക്കൊരിടം

# കോവിഡ് 19
# കവിതകൾ

## ഭാഗം 3

കേരളസർക്കാർ
പൊതുവിദ്യാഭ്യാസവകുപ്പ്


പ്രസിദ്ധീകരണം
സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT), കേരളം

മേയ് 2020

*Pubilished by :* **State Council of Educational Research and Training (SCERT)**
Poojappura, Thiruvananthapuram 695012, Kerala
*Website* : www.scertkerala.gov.in, *e-mail* : scert@kerala.gov.in
Phone : 0471 - 2341883, Fax : 0471 - 2341869

*Technical Support :* **Kerala Infrastructure and Technology for Education (KITE)**
Poojappura, Thiruvananthapuram 695012, Kerala

**Cover:** N. T. Rajeev, GHSS, Thariode, Wayanad

**Layout:** Dileep R. S, Mahadevan C. and Sudheer A.
**Printed at** SCERT Press
CC - By - SA - 3.0 license
Department of Education, Government of Kerala




**പിണറായി വിജയൻ**
**മുഖ്യമന്ത്രി**

**കേരള സർക്കാർ**

**സെക്രട്ടേറിയറ്റ്**
**തിരുവനന്തപുരം–695 001**


നം.401/പ്രസ്/സി.എം.ഒ/2020. മെയ് 07, 2020.


## സന്ദേശം

'അക്ഷരവൃക്ഷം' രചനകളുടെ മൂന്നും നാലും ഭാഗങ്ങൾ പ്രസിദ്ധീകരിക്കുകയാണല്ലോ. കൊറോണ എന്ന മാരകവൈറസ് ലോകമാകെ പടരുന്ന ഘട്ടത്തിൽ അവധിക്കാലത്തിന്റെ ആഹ്ലാദകരമായ യാത്രകളും ഒത്തുചേരലും പാട്ടും കളിയുമൊക്കെ ഒഴിവാക്കി കുട്ടികൾ വീട്ടിലിരുന്നു തയാറാക്കിയ രചനകളാണ് ഈ ലക്കങ്ങളിലുള്ളത്. പലവിധ പ്രതിസന്ധികളെ അഭിമുഖീകരിച്ചും അവയെ അതിജീവിച്ചുമാണ് മാനവരാശി ഇതുവരെയെത്തിയത്. മനുഷ്യൻ ഇതുവരെ നേടിയ അറിവും അനുഭവവും സാങ്കേതികവിദ്യകളും കൈമുതലാക്കി നമുക്ക് ഇനിയും ഏറെ മുന്നോട്ട് പോകേണ്ടിയിരിക്കുന്നു. നാം എത്ര അകലെയിരുന്നാലും അടുത്തു കാണാനും ആശയങ്ങൾ പങ്കുവയ്ക്കാനും അറിവുകൾ നേടാനും പുത്തൻ സാങ്കേതിക വിദ്യയിലൂടെ അവസരമുണ്ട്. നമ്മുടെ കുട്ടികൾ ഭാവനകൾക്ക് ചിറകു നൽകി കഥകളും കവിതകളും ലേഖനങ്ങളും തയാറാക്കി സ്കൂൾ വിക്കിയിൽ അപ്‌ലോഡു ചെയ്തു. അവയിൽ പ്രസിദ്ധീകരണ യോഗ്യമായവ കണ്ടെത്തി എസ്.സി.ഇ.ആർ.ടി പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കുകയാണ്. പുതിയ തിരിച്ചറിവുകൾ നേടാനുള്ള അവസരമാക്കി ഈ ആപത്തുകാലത്തെയും മാറ്റാൻ ഇതിലൂടെ കഴിയുന്നു. മറ്റു നാടുകളിലെ നമ്മുടെ കൂട്ടുകാർക്കു കൂടി അനുകരിക്കാവുന്ന മാതൃകയാണിത്.

ഇപ്പോൾ നാം നേടുന്ന ഈ മികവുകൾ നമ്മുടെ അധ്യയന പ്രവർത്തനങ്ങളിലേക്കും വ്യാപിപ്പിക്കേണ്ട കാലമാണ് മുന്നിലുള്ളത്. അതിനാവശ്യമായ മുന്നൊരുക്കങ്ങൾ വേണം. അടുത്തിരുന്നു പഠിച്ചതുപോലെ അകന്നിരുന്നും പഠിക്കാൻ നാം നിർബന്ധിതരായിരിക്കയാണ്. നിങ്ങളിൽ ചിലർ എഴുതിയതുപോലെ കൈകൾ കോർത്ത് മുന്നേറുന്നതിനുപകരം ആശയങ്ങൾകൊണ്ട് കരളുകൾ കോർത്ത് മുന്നേറാം. വിജയാശംസകൾ.

പിണറായി വിജയൻ


ടെലിഫോൺ : (0471) 2333812 & 2333682 ഫാക്സ് : (0471) 2333489 ഇ-മെയിൽ : chiefminister@kerala.gov.in
വെബ്സൈറ്റ് : www.keralacm.gov.in



Break the chain

കൈവിടാതിരിക്കാം...
കൈ കഴുകൂ...

# ആമുഖം

മധ്യവേനലവധിക്കാലം കുട്ടികൾക്ക് കളിച്ചു തിമിർക്കാനുള്ളതാണ്. പക്ഷെ, ലോക്ഡൗൺ കാരണം കൂട്ടിലിട്ട കിളികളെപ്പോലെയായിരിക്കയാണല്ലോ നമ്മുടെ കുട്ടികൾ. വിരസതയിൽ നിന്ന് അവരെ രക്ഷിക്കാനും സർഗാത്മക പ്രവർത്തനങ്ങൾ വഴി മാനസികോല്ലാസവും ചിന്താപരമായ വളർച്ചയും അവരിലുണ്ടാക്കാനും പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പാക്കിയ **'അക്ഷരവൃക്ഷം'** പദ്ധതി ഏറെ ജനശ്രദ്ധ പിടിച്ചുപറ്റുകയുണ്ടായി. കോവിഡുമായി ബന്ധപ്പെട്ട ചിന്തകളും ഭാവനകളും കോർത്തിണക്കി കുട്ടികൾ കഥയും കവിതയും ലേഖനവുമൊക്കെയാക്കി എഴുതി. പതിനായിരക്കണക്കിന് കുട്ടികളാണിതിൽ പങ്കാളികളായത്. സ്കൂൾ വിക്കിയെ ഈ രചനകൾ സമൃദ്ധമാക്കി. ഇതിൽ നിന്നും വിദഗ്ദ്ധ സമിതി തെരഞ്ഞെടുത്ത് എസ്.സി.ഇ.ആർ.ടി പ്രസിദ്ധീകരിച്ച രചനകൾ പുസ്തകമായി ഇറങ്ങുകയും പൊതുസമൂഹത്തിന്റെ പ്രശംസ പിടിച്ചുപറ്റുകയും ചെയ്തു. ഇതിന്റെ മൂന്നും നാലും ഭാഗമാണിപ്പോൾ പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കുന്നത്. നമ്മുടെ പൊതുവിദ്യാഭ്യാസത്തിന്റെ മികവിനുള്ള സാക്ഷ്യപത്രം കൂടിയാണീ രചനകൾ. ലോക്ഡൗൺ കാലത്തിന്റെ എല്ലാ പരിമിതികളെയും മറികടന്ന് ഇങ്ങനെയൊരു സംരംഭം വൻ വിജയകരമാക്കിയ പൊതുവിദ്യാഭ്യാസ വകുപ്പിലെ എല്ലാ ജീവനക്കാരെയും അഭിനന്ദിക്കുന്നു.

എഴുത്തുകാരായ കൊച്ചു കൂട്ടുകാർക്കും അഭിനന്ദനങ്ങൾ.

**പ്രൊഫ.സി. രവീന്ദ്രനാഥ്**
പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി

**എ. ഷാജഹാൻ ഐ.എ.എസ്**
പൊതുവിദ്യാഭ്യാസ സെക്രട്ടറി

**ജീവൻബാബു.കെ. ഐ.എ.എസ്**
പൊതുവിദ്യാഭ്യാസ ഡയറക്ടർ

**ഡോ.ജെ.പ്രസാദ്**
ഡയറക്ടർ, എസ്.സി.ഇ.ആർ.ടി.

**കെ.അൻവർസാദത്ത്**
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്

**ഡോ.എ.പി. കുട്ടിക്കൃഷ്ണൻ**
സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, എസ്.എസ്.കെ

# ഒന്നാംപാഠം

ഇനി നമുക്ക്
അ ആ ഇ ഈ
എന്നു തുടങ്ങാം.

മല എന്ന വാക്കിനു താഴെ
പുഴ എന്നെഴുതാം.
മണ്ണ് എന്ന വാക്കിനു മേലെ
വെള്ളം എന്നും.
സൂര്യൻ എന്നെഴുതി വെളിച്ചവും
വായു എന്നെഴുതി കാറ്റും ഉണ്ടാക്കാം.
വിത്ത് എന്ന വാക്കു കുഴിച്ചിടാം.
കാലം എന്ന വാക്കെഴുതി
കാത്തിരിക്കാം.
മീൻ എന്ന വാക്കിനു ചുറ്റും
ഒരു നീല വട്ടം വരയ്ക്കാം.

മനുഷ്യൻ എന്ന വാക്ക്
അവസാനം പഠിച്ചാൽ മതി.
അതിനുമുമ്പ്
ഞാൻ എന്ന ഒറ്റത്തടിയിൽ
നമ്മൾ എന്ന അനേകം ചില്ലകൾ
വരച്ചു പഠിക്കണം.

**അരുണിമ വിശ്വനാഥൻ**
6 എച്ച്.ഐ.ജെ.യു.പി.സ്കൂൾ ഉളുന്തി
ചെങ്ങന്നൂർ ഉപജില്ല
ആലപ്പുഴ

# ഭയം

കിനാവുകൾ മാത്രം കണ്ട
എന്റെ നയനങ്ങളിലാരോ
ഇരുൾ നിറച്ചിരിക്കുന്നു;

പറക്കുന്നതെങ്കിലും
എന്റെ ചിറകുകൾക്കാരോ
താഴിട്ടിരിക്കുന്നു;

പ്രതിഷേധങ്ങളുയർത്തിയിരുന്ന
എന്റെ വായ്കൾക്കാരോ
സീൽ വെച്ചിരുന്നു;

ചിരിക്കാൻ മാത്രം
അറിഞ്ഞൊരെൻ ചുണ്ടുകൾ
നോവിനാൽ വിതുമ്പുന്നു;

'അതെ,
ഞാനിന്നും ഈ
ലോകത്തെ ഭയക്കുന്നു..'

**മുർഷിദ പി പി**
9 A ജി.ആർ.എച്ച്.എസ്.എസ്. കോട്ടക്കൽ
മലപ്പുറം ഉപജില്ല, മലപ്പുറം

# പ്രതീക്ഷ

ജനാലകൾക്കപ്പുറം നിലാവുറങ്ങുന്നു
എത്രയോ
ശുഭ്രമാണിന്നു നിശ!
ദേശാടനപ്പക്ഷികൾ
തിരികെവന്നെന്നാലും
എത്ര നിശ്ശബ്ദമീ
താരകാകാശം!
ദൂരെദൂരെയായ്
ആതുരാലയത്തിന്റെ
ചുമരുകൾക്കുള്ളിലലയുന്നെൻ ചേതന
എവിടെയോ നേർത്ത ഞരക്കങ്ങൾ, തേങ്ങൽ,
നനുത്ത പാദപതനങ്ങൾ,
തണുത്ത നിശ്വാസങ്ങൾ, നിഗൂഢമർമ്മരങ്ങൾ....
നിന്റെ മരുന്നു മണക്കുന്ന വിരിപ്പുകൾ
പാതിവഴിയിൽ പിരിഞ്ഞ ശ്വാസം,
വിരിഞ്ഞ മന്ദസ്മിതം,
പകലിരവുകളറിയാതെ കൊഴിഞ്ഞ വസന്തം
അടഞ്ഞ കൺപോളകൾക്കുള്ളിൽ പിടയും ആർദ്രമിഴികൾ
ഓർത്തെടുക്കുമ്പോൾ വഴുതിയകലുമോർമ്മകൾ
ഹൃദയം പറയാൻ ബാക്കിവച്ച വാക്കുകൾ...
വിരൽ പിടിച്ചരികിലിരിക്കാനുമാകാതെ
വിദൂരമീ രാവിന്റെ
മറുപാതിയിൽ ഞാനുണർന്നുമുറങ്ങിയും
തളർന്നിരിക്കുന്നു...
നിന്റെ മറയുന്ന ചേതനയെ
ചേർത്തുവയ്ക്കാൻ... എന്നോർമ്മയിൽ
മണിമുഴക്കമായി
നിനക്കേറെ പ്രിയമുള്ള വാക്ക്
എന്നും നമുക്കായ് സൂക്ഷിച്ചുവയ്ക്കുവാൻ
നിറമുള്ള മയിൽപ്പീലിത്തുണ്ട് .....

**ദർശൻ ജോൺ അബ്രഹാം**
8 A
ജി.എച്ച്.എസ്.എസ്. പോരൂർ
വണ്ടൂർ ഉപജില്ല, മലപ്പുറം

# മറന്നുപോകുന്നത്...

മറന്നുപോകുന്നത്...
നീണ്ട ഈ ഇരുളിൽ
കണ്ണുകൾക്കു മുന്നിലെ പാത-
നഷ്ടമാകുമ്പോൾ
പ്രജ്ഞയിൽ പതുക്കെ കറുപ്പു-
വ്യാപിക്കുമ്പോൾ
ഞാൻ മറന്നുപോകുന്നത്
മുന്നിലേക്കു നടക്കേണ്ട പാതയോ,
പിന്നിട്ടു കടന്നുവന്ന വഴികളോ
ഇന്നു ഞാൻ സ്വയം നിൽക്കുന്ന സ്ഥാനമോ?
മറന്നുപോകുന്നത്....
കൂടെ കൈപിടിച്ചു നടന്നവരെയോ,
ചിന്തകളിൽ സൂര്യൻ ചൊരിഞ്ഞ
പ്രകാശത്തെയോ,
മഴവില്ലിനെ കണ്ടൊരു നാളിൽ
സ്നേഹിച്ചവർ കണ്ട സ്വപ്നങ്ങളോ,
കടന്നുവന്ന താളലയങ്ങൾകൊണ്ട്-
അന്യർക്ക് കൊടുത്ത വാക്കുകളോ,
തളർന്നുകിടന്നൊരു നാളിൽ
പിടിച്ചുയർത്തിയ സ്നേഹങ്ങളെയോ?
ഈ ഇരുളിൽ...
ഞാൻ മറന്നുപോകുന്നത് എന്നെത്തന്നെയോ?

**മാനസ എം.**
10 എ
യു.എൻ എച്ച്. എസ്. പുല്ലൂർ
ബേക്കൽ ഉപജില്ല, കാസർഗോഡ്

# അപ്പൂപ്പൻതാടിപോലെ

പ്രകൃതിയിലേക്കൊന്നു നോക്കണം
അപൂർവമായതെന്തോ അതിലുണ്ട്
മനോഹാരിതകളെയാണ് തിരയേണ്ടത്
കാടിൻ നടുവിലൊരു കുഞ്ഞി-
മാരുതനെ പോലെയാവണം
മൂകത ഇഴചേർത്തതിന്റെ ഇരുട്ടിലൂടെ
കിളിക്കൊഞ്ചലുകൾക്കായി പതുങ്ങിച്ചെല്ലണം
മലനിരകളിലാരോ നിറം ചാലിച്ച
മഴവില്ലൊന്നു പിടിച്ചു കുലുക്കണം
മാഞ്ചുനയേറ്റു പൊള്ളിയ ചുണ്ടിലൂടെ
മനസ്സിൽ പൊന്തിയ പുഞ്ചിരി കാണണം
നാട്ടുവഴിപ്പച്ചയിൽ പാവാടയിൽ കൊരുത്ത
തൊട്ടാവാടികളോടൊന്ന് പിണങ്ങണം
നാട്യങ്ങളേതുമില്ലാത്ത നാമജപത്തിന്റെ
കാച്ചെണ്ണമണമുള്ള സന്ധ്യകൾ വേണം
തെയ്യത്തറകളിലും വെളിച്ചപ്പാടിലും
ആരോ പറഞ്ഞ പ്രേതക്കഥകളിലുമുടലെടുത്ത
ഉറക്കം മുറിഞ്ഞ പേക്കിനാവുകൾ കാണണം
ആശകൾ തളിർക്കുന്ന വസന്തത്തിനായി
നെഞ്ചകം കുളിർക്കുന്ന മഴ കാക്കണം
പാതിയടഞ്ഞ ജാലകവാതിലോരം ചിണുങ്ങുന്ന
വായാടിപ്പക്ഷിയെ ഇനിയും കാണണം
ഇരുട്ടിന്റെ തന്ത്രികളിലൊരു നോവുപാടിയ
വാനമ്പാടിക്കായി മുറിത്തിരികൾ തെളിക്കണം
പ്രണയമാണ് പൂക്കളോട്, കാറ്റിനോട്
പുലരികൾ തന്ന തുഷാരത്തോട്
ഭൗമസൗന്ദര്യമേ, നീ എന്നിൽ ലയിച്ചിരിക്കെ
ഞാനെന്തേ നിന്നെ തിരഞ്ഞുപോവാൻ
ഗതിയറിയാത്തൊരപ്പൂപ്പൻതാടി പോൽ...

**അഡോണ സണ്ണി**
10 എ
സി.ആർ.എച്ച്.എസ്, വലിയതോവാള
നെടുങ്കണ്ടം ഉപജില്ല, ഇടുക്കി

# വൃക്ഷങ്ങൾ

വൃക്ഷങ്ങളേ,
ഹൃദയനിശ്ശബ്ദത നിങ്ങൾ ഭഞ്ജിക്കുക
ഇത് പുതിയ കഥ
പുതിയ നാട്
പുതുജീവിതം

ചരിത്രത്തിന്റെ മണ്ണടിക്കാവിൽനിന്ന്
നിങ്ങളുടെ തായ്‌വേരുകൾ വലിച്ചൂറ്റിയത്
രക്തമോ...
വിയർപ്പോ...
കണ്ണീർക്കണങ്ങളോ?

ഇന്നിന്റെ ഹരിതകരങ്ങൾ
വലിച്ചൂറ്റുന്നത്
വിഷമോ തീജ്ജ്വാലയോ
വെടിയുണ്ടയോ?

നാളെയുടെ കൂമ്പുകൾ
വാടിയെന്നോ...
ഇതെന്റെ കഥയോ,
നിന്റെയോ?

**ബി.ടി. രാജു**
8A
സെന്റ് പോൾസ് ഹൈസ്കൂൾ മുത്തോലപുരം
കൂത്താട്ടുകുളം ഉപജില്ല, എറണാകുളം

# വാർത്താപേടകത്തിനു മുമ്പിൽ ഒരു കാലം

ആകാശത്തിന്റെ
രണ്ടതിരുകളിലേക്കും
വളഞ്ഞ് 'റ' മറിച്ചിട്ടതുപോലെ
നിൽക്കുന്ന
ഒരു ഭൂമിയുടെ
നടുഭാഗം കുഴിഞ്ഞ
കുന്നടരുകളിൽ
നിൽക്കുന്ന
ഒരു കുട്ടി!
നോക്കിനോക്കി നിൽക്കേ
ഇടതുവശത്തെ
കുന്നിൻചരിവുകളിൽനിന്ന്,
നിർത്താതെ പൈൻമരങ്ങൾ
കടപുഴകി അടർന്നുവീണുരുണ്ട്
വരുമ്പോൾ,
വലത്തേ മലമ്പാതയിൽനിന്ന്
മനുഷ്യനിർമ്മിതങ്ങളായ
റോഡും വീടും പള്ളിയും അമ്പലവും
അങ്ങകലെനിന്നേ പതിയേ
അടർന്നുവീണുരുണ്ട് അവൾക്കരികിലേക്ക്,
വീടും തോടും കിണറും മൂടി
'റ' പോലിരുന്ന ഭൂമിയാകെ
ഒരേ നിരപ്പിലാവുമ്പോഴേക്ക്
അവളേതോ കൈവിരൽത്തുമ്പാൽ
ചലിക്കുന്ന യന്ത്രത്തിനു മുന്നിലിരുന്ന്
അതെല്ലാം കാണുകയായിരുന്നു!

**അനാൻ ദിയ**
9 D
സി.സി.പി.എൽ.എം.എ.ഐ.എച്ച്.എസ്. പെരുമാനൂർ
എറണാകുളം ഉപജില്ല, എറണാകുളം

# പൂക്കളെക്കൊണ്ട്

പൊഴിയുന്ന ഇലകളെക്കൊണ്ടല്ല
വിരിഞ്ഞുനിൽക്കുന്ന പൂക്കളെക്കൊണ്ട്
നിങ്ങളുടെ തോട്ടം ഗണിക്കുക
മേഘങ്ങളെക്കുറിച്ച് ചിന്തിക്കാതെ
സുവർണനിമിഷങ്ങളെക്കൊണ്ട്
നിങ്ങളുടെ ദിവസങ്ങളറിയുക
നിഴലുകൊണ്ടല്ല, നിങ്ങളുടെ രാത്രികൾ
നക്ഷത്രങ്ങൾക്കൊണ്ടറിയുക
കണ്ണീരുകൊണ്ടല്ല, പുഞ്ചിരി
കൊണ്ട് ജീവിതത്തെ അറിയുക
നിങ്ങളുടെ ജന്മദിനത്തിൽ
വയസ്സു കണക്കാക്കേണ്ടത് നേടിയ
സുഹൃത്തുക്കളുടെ അടിസ്ഥാനത്തിലാണ്,
അല്ലാതെ വർഷങ്ങളെണ്ണിയല്ല!

**അനശ്വര പി.**
9 B
സി.ജി.എച്ച്.എസ്.എസ്. വടക്കഞ്ചേരി
ആലത്തൂർ ഉപജില്ല, പാലക്കാട്

# കാവും കുളങ്ങളും

കാവും കുളങ്ങളും കായലോളങ്ങൾതൻ
കാതിൽ ചിലമ്പുന്ന കാറ്റും
കാടുകൾക്കുള്ളിലെ സസ്യവൈവിധ്യവും
ഭൂതകാലത്തിന്റെ സാക്ഷ്യം!

**അക്ഷര കൃഷ്ണൻ**
9 B
സെന്റ് മേരീസ് എം.എം.ജി.എച്ച്.എസ്.എസ്, അടൂർ
അടൂർ ഉപജില്ല, പത്തനംതിട്ട

# തിരിച്ചറിവിൻ കാലം

മാനവരാശിതൻ ജീവിതപ്പൊയ്കയിൽ
കടുംപച്ചപ്പായലായ് കൊറോണ വന്നു
തെക്കും വടക്കും നടക്കുന്നു മനുഷ്യർ
ഇല്ലാ നിൽക്കുവാൻ നേരമില്ല
കോടികളുള്ള കുബേരനും കുചേലനും
തുല്യമാം നീതി നടപ്പായ കാലമേ
മദ്യവിമോചനപ്പോരാട്ടമില്ലാതെ
ലഹരിയുപയോഗമൊന്നുമേയില്ലാതെ
മാതാപിതാക്കളും കൂട്ടുകുടുംബമായി
സന്തോഷപൂരിതമായൊരു നാളുകൾ
ജാതിമതമെന്ന വേർതിരിവില്ലാതെ
പള്ളിയും അമ്പലമൊന്നുമേയില്ലാതെ
നാലുചുവരിലടച്ചു കഴിയുമ്പോൾ
നാമെല്ലാമൊന്നാണെന്നോർത്തുപോകും
കൂരിരുട്ടാകെ പരന്നാലും ഭൂമിയിൽ
പാലൊളിച്ചന്ദ്രനുദിച്ചുവരുമല്ലോ
പുതിയൊരു ജീവിതം തുന്നിപ്പിടിപ്പിക്കാൻ
അണിചേരാം മാലോകരെല്ലാം കൂടാം

**അസ്ന പി.എ.**
9 A
സി.വി.എം.എച്ച്.എസ്. ബവണ്ടാഴി
ആലത്തൂർ ഉപജില്ല, പാലക്കാട്

# ഇനിയെന്ത്?

ആയിരമായിരം വർഷങ്ങളായി
ലോകത്തെയൊന്നാകെ കാൽക്കീഴിലാക്കിയ
ശക്തൻ മനുഷ്യൻ തകർന്നു നിസ്സാരനായ്
മുന്നോട്ടു പോകാൻ വഴിയൊന്നും കാണാതെ
സൂക്ഷ്മജീവിയാം കൊറോണയ്ക്കു മുൻപിൽ
മുട്ടുമടക്കിക്കരഞ്ഞുനിൽക്കുന്നു
ഇന്നോളമുണ്ടായ ശാസ്ത്രത്തിനൊന്നും
ചെയ്യുവാനില്ലെന്ന സങ്കടത്തോടെ
പക്ഷിമൃഗാദികൾ സന്തോഷത്തോടെ
പാറിപ്പറക്കുന്നു തുള്ളിക്കളിക്കുന്നു
ഈ ഗതി മണ്ണിൽ മനുഷ്യനു മാത്രം
വന്നുചേർന്നീടുവാൻ കാരണമെന്താകാം?
അത്യാഗ്രഹം തന്നെ വേറെന്തു കാരണം
കാടായ കാടെല്ലാം വെട്ടിമുടിച്ചു
കുന്നുകളെല്ലാം ഇടിച്ചുനിരത്തി
തണ്ണീർത്തടങ്ങൾ മണ്ണിട്ടുയർത്തി
ശുദ്ധജലമെങ്ങും കിട്ടാതെയായി
നാടായ നാടെല്ലാം മാലിന്യമായി
പാഠം പഠിക്കണം ഇനിയെങ്കിലും നമ്മൾ
അത്യാഗ്രഹത്തോട് വിടപറഞ്ഞീടാം
സ്നേഹിക്കണം നമ്മുടെ പ്രിയമാതാവിനെ
കാക്കണം പ്രകൃതി മലിനമാകാതെ
അതു മാത്രമാണേക പോംവഴി മുന്നിൽ
ഈ ദുരന്തത്തിൽനിന്നു കരകേറുവാൻ

**ആൻ മരിയ ജോൺസൺ**
3 B
സെന്റ് ഗൊരേറ്റീസ് എൽ.പി. സ്കൂൾ, നാലാഞ്ചിറ
തിരുവനന്തപുരം നോർത്ത് ഉപജില്ല

# അവർ ഒറ്റയ്ക്കായിരുന്നു...

അവർ ഒറ്റയ്ക്കായിരുന്നു
ഉറഞ്ഞ മഞ്ഞിലെ തീക്കനൽപോലെ
ചുട്ടമണലിലെ മഴത്തുള്ളിപോലെ
അവർ ഒറ്റയ്ക്കായിരുന്നു.
തുറക്കാത്ത വാതിലുകൾ
കോട്ടതീർത്തിരുന്നു
അടുത്ത ജാലകങ്ങൾ
കിടങ്ങു തീർത്തു
മൂടിവച്ച പളുങ്കുപോലെ
അവർ ഒറ്റയ്ക്കായിരുന്നു
ഇരുട്ടു മൂടിയിരുന്നു
എന്നിട്ടും
പ്രകാശം ഒഴുകിയെത്തിയിരുന്നു
പ്രതീക്ഷ ചിറകുവിടർത്തിയിരുന്നു
പ്രതിരോധത്തിന്
പോംവഴി ഇതു മാത്രമായിരുന്നു
മറുമരുന്നിതു മാത്രമായിരുന്നു
അവർ പ്രതീക്ഷയുടെ ഭിത്തികളിലേക്ക്
ഉൾവലിയുകയായിരുന്നു.
ഒറ്റപ്പെടലിൽ
അവർ സുരക്ഷതേടി...
ഒരുനാൾ അവർ ഭിത്തികൾ
ഭേദിച്ച് പുറത്തുവരും
അന്നവർ തിരിച്ചറിയും,
അവർ ഒറ്റയ്ക്കായിരുന്നില്ല.

**പ്രേം ജോൺ**
7 A
സെന്റ് ജോസഫ്സ് ആൻഡ് സെന്റ് സിറിൽ എസ്. എച്ച്. എസ്.എസ്.
വെസ്റ്റ് മങ്ങാട്, കുന്നംകുളം ഉപജില്ല, തൃശ്ശൂർ

# അതിരുകൾ

ആകാശവും ഭൂമിയും
അതിരുകൾ അടച്ചിരിക്കുന്നു
ഇത്, അശാന്തിയുടെ കറുത്തകാലം

ചില മനസ്സുകളുടെ അതിരുകൾ അടയുന്നതേയില്ല
കരുതലായ്, കാവലായ്, കരുണയായ് അവരങ്ങനെ
അതിരുകൾക്ക് അപ്പുറത്തേക്ക് ഒഴുകുന്നു

ആ തണുപ്പിൽ ഞാൻ ഒറ്റയ്ക്കിരിക്കുന്നു
ഇതും കടന്നു പോകും
പ്രതീക്ഷയുടെ പുലരികൾ
വരിക തന്നെ ചെയ്യും

നാമതിനെ ഒന്നായ് എതിരേൽക്കും
അപ്പോഴേയ്ക്കും അതിരുകളെല്ലാം
മാഞ്ഞു പോവുക തന്നെ ചെയ്യും

**റിയാൻ മനോജ്**
5 ബി
സെന്റ് ജോസഫ്സ് ഗേൾസ് ഹൈസ്കൂൾ മുണ്ടക്കയം
കാഞ്ഞിരപ്പള്ളി ഉപജില്ല, കോട്ടയം

# ഇലപ്പാട്ട്

ഇല ഇല ഇല ഇല വാഴയില
സദ്യയുണ്ണാമീ ഇലയിൽ
ഇല ഇല ഇല ഇല ചേനയില
കുടപോലുള്ളൊരു വലിയയില
ഇല ഇല ഇല ഇല മത്തയില
കറിവെക്കാനൊരു നല്ലയില
ഇല ഇല ഇല ഇല ചേമ്പിനില
വെള്ളം നനയില്ലീയിലയിൽ
ഇല ഇല ഇല ഇല മുരിങ്ങയില
പോഷകഗുണമുണ്ടീയിലയിൽ

**അനറ്റ് ജോയ്**
1 എ
സെൻട്രൽ എൽ.പി. സ്കൂൾ, പെരിഞ്ഞനം
വലപ്പാട് ഉപജില്ല, തൃശ്ശൂർ

# കോവിഡ് കൊലക്കയർ

വിഷമാണ് കോവിഡ്
വിഷസർപ്പമാണ് നീ
ലക്ഷങ്ങളെ ഇരയായി ഹിംസിച്ചു നിൻ
സംഹാരതാണ്ഡവമാടിക്കൊണ്ടിരിക്കെ
എവിടെയും എവിടെയും തോരാതെ
മായാതെ ഇരയെ പിടിച്ചു മുന്നേറിടുമ്പോൾ
ജീവനെ പേടിച്ചൊരു മുറിക്കുള്ളിൽ
ജീവച്ഛവമായ് ഞാൻ മാറിയിരിക്കെ

കാലങ്ങൾ മാറുന്നു രോഗങ്ങൾ കൂടുന്നു
മർത്യന്റെ അത്യാർത്തി ചെന്നെത്തുന്നതോ
മരണമാം കൊലക്കയറൊന്നിൽ മാത്രം

ഇനിയെങ്കിലും പിന്മാറി നന്മതൻ പാത
തേടുമോ നാളെയ്ക്ക് വേണ്ടിയെങ്കിലും

**അലീന ജോസ്**
9 B
സെന്റ് തോമാസ് എച്ച്.എസ്.എസ്. തോമാപുരം
ചിറ്റാരിക്കാൽ ഉപജില്ല, കാസർഗോഡ്

# പ്രകൃതി

പ്രകൃതീ... നീ ഇത്രയും നിശ്ശബ്ദയായിരുന്നുവോ?
നിൻ മേനിയിൽ ഇത്രയും വാസന മറഞ്ഞിരുന്നുവോ?
കേൾക്കാത്ത പാട്ടിന്റെ നിൻ സ്വരമിന്നു ഞാനറിയുന്നു
നിൻ വിരിമാറിൽ കരിഞ്ചായം തേക്കാനിന്നാരുമില്ല
നിന്റെ ഗന്ധത്തിന് മായം കലർത്താനിന്നാരുമില്ല
നിൻ ഹൃത്തിൽ കൂർത്ത മുനകളാൽ മാന്തി,
നിൻ രക്തം കുടിക്കുവാനിന്നാരുമില്ല
ഇന്നു ഞാനറിയുന്നു നിൻ നൊമ്പരം
തലചായ്ച്ചീടട്ടേ മതിവരുവോളം

**മിനർവ മധു**
7 A
മീത്തലെ പുന്നാട് യു.പി. സ്കൂൾ
ഇരിട്ടി ഉപജില്ല, കണ്ണൂർ

# അനുഭവിക്കുക

പാതവക്കിൽ പൂക്കൾ വിരിയുമായിരുന്നെന്നോ,
ഞാനറിഞ്ഞിട്ടേയില്ലല്ലോ...
പറവയും ശലഭവും തേനുണ്ണാനെത്തിയിരുന്നെന്നോ,
ഞാൻ കണ്ടിട്ടേയില്ലല്ലോ...
നിങ്ങൾ കള്ളം പറയുന്നു
ഞാൻ കണ്ടതിതിത്രമാത്രം,
അഴുകിയ പച്ചക്കറി, ചത്തമൃഗം
പിന്നെ
പേരറിയാത്ത മാലിന്യക്കൂമ്പാരം
പള്ളിക്കൂടത്തിലേക്ക് പോകുമ്പോൾ
മൂക്കുപൊത്തി, വാപൊത്തി
നീയും ഞാനും
തീർത്ത വിധി

**മർയം ഫർഹത്ത് എം.**
3 ബി
സെന്റ് ജോസഫ്സ് എൽ.പി.എസ്. മുണ്ടക്കയം
കാഞ്ഞിരപ്പള്ളി ഉപജില്ല, കോട്ടയം

# അകറ്റിടാം പകർച്ചയെ.....

പരക്കെ പരക്കുന്ന വൈറസു ചുറ്റും
പരക്കാതിരിക്കാൻ നമുക്കെന്തു ചെയ്യാം?
കരം ശുദ്ധമാക്കാം, ശുചിത്വം വരിക്കാമിരിക്കാം
നമുക്കിന്നു വീട്ടിൽ സുഹൃത്തേ...
പുറത്തേക്കു പോകേണ്ട, ഓൺലൈനിലായാൽ
പുറംജോലിയെല്ലാം യഥേഷ്ടം നടത്താം
പുറംലോകമെല്ലാം അതിൽക്കണ്ടിരിക്കാം
മറക്കല്ലേ, കൈശുദ്ധി പരമപ്രധാനം
ഇടയ്ക്കെങ്കിലും വൃത്തിയില്ലാക്കരത്തിലെ-
ങ്കിൽ തൊടാതിരിക്കേണം കണ്ണും മുഖവും
ശ്രദ്ധയാൽ ഇമ്മട്ടു സൂക്ഷിച്ചിതെങ്കിൽ
അകന്നുപോം വേഗമീ പകരുന്ന വ്യാധികൾ .....

**എയ്ജൽ ജോഷി**
2 F
ഹോളി ഫാമിലി എൽ.പി.എസ്. സൗത്ത് പറവൂർ
തൃപ്പൂണിത്തുറ ഉപജില്ല, എറണാകുളം

# മഞ്ചാടിക്കുരു

എനിക്കും
ആഗ്രഹങ്ങളുണ്ടായിരുന്നു
മുളയ്ക്കാൻ, വളരാൻ
വൻവൃക്ഷമാവാൻ
മഴയുടെ ആലിംഗനങ്ങളേൽക്കാൻ
മഞ്ഞിനോടു മല്ലിട്ട്

ആകാശം എത്തിപ്പിടിക്കാൻ
ഒരു വസന്തകാലത്ത്
എനിക്ക് ജന്മം നൽകിയ
ചുവപ്പിന്റെ സൗന്ദര്യം
വീണ്ടും വാരിവിതറാൻ

കുസൃതിയും പ്രണയവും
ചേതനയും നിരാശയും
എന്റെ തണലിൽ ജന്മമിടുന്നതിന്
സാക്ഷിയാവാൻ.

കാലവും,
ആശയങ്ങളും കടന്നുപോകുമ്പോഴും
കുലുക്കമില്ലാതെ നിൽക്കാൻ
ഇതെല്ലാം ഞാൻ മാറ്റിവച്ചത്
നിന്റെ നിഷ്കളങ്കതയ്ക്കും
കൗതുകത്തിനു വേണ്ടിയായിരുന്നു

എന്റെ ചോരകൊണ്ട്
നിന്റെ ബാല്യത്തിന് നിറം പകരാൻ
വേണ്ടിയായിരുന്നു
നിന്റെ പകുതി പല്ലുമാത്രമുള്ള ചിരിയിൽ.

**ബെനിത**
10 D
സെന്റ് മാത്യൂസ് ഹൈസ്കൂൾ പൊഴിയൂർ
പാറശ്ശാല ഉപജില്ല
തിരുവനന്തപുരം

# പ്രകൃതിയെൻ പ്രണയിനി

ഒരിക്കലും കാണാത്ത
കുയിലിന്റെ പാട്ടിനാൽ
കുയിലിനെ സ്നേഹിച്ച
കുഞ്ഞിനെപ്പോലെൻ പ്രണയം
പ്രകൃതീ നിന്നോട്....
ഒരിക്കലും കാണാത്ത
പൂവിൻ സുഗന്ധത്താൽ
പൂവിനെ സ്നേഹിച്ച
കുഞ്ഞിനെപ്പോലെൻ പ്രണയം
പ്രകൃതീ നിന്നോട്.....
ഒരിക്കലും കാണാത്ത
തെന്നലിൻ കുളിർമയാൽ
കാറ്റിനെ സ്നേഹിച്ച
കുഞ്ഞിനെപ്പോലെൻ പ്രണയം
പ്രകൃതീ നിന്നോട്......

**ശാലിൻ ഷിനു**
1 A
സെൻറ് മേരീസ് യു.പി.എസ്. മേരിഗിരി
കാട്ടാക്കട ഉപജില്ല, തിരുവനന്തപുരം

# JUST WAIT FOR THE SUN

Yes there is fear,
There is sickness, Isolation,
And even death.
It's going to be hard
But hard does not mean impossible

They say that in Wuhan after so much noise
We hear the birds again
After weeks of silence
Once again the sky is awaken blue and clear.
People all over the world are awakening to a new reality
To how little control we really have
So we remember that
There ought not be hate no loneliness.

The sky is clear and the birds are singing.
Opening the windows of your soul
Hope can be a powerful force.

You can make things happen
Almost like a magic
Just wait for the sun.

**ആലിയ അനിൽ**
9 A
സെന്റ് അഗസ്റ്റിൻസ് ജി.എച്ച്.എസ്. കുഴുപ്പിള്ളി
വൈപ്പിൻ ഉപജില്ല, എറണാകുളം

# YES THERE IS

Yes there is fear......
Yes there is isolation.....
Yes there is panic situation.....
Yes there is shocking experience.....
Yes there are tears...
Yes there are immense death....

But.....

No ailment affect us....
Because we are strong.....
No crisis can affect us....
Because we are brave.....

There is hope ...
This too shall pass..
That we'll findout our way.....
During this darkest hours....

**അമൃത ബാബു**
7 B
സെന്റ് അഗസ്റ്റിൻസ് ജി.എച്ച്.എസ്. കുഴുപ്പിള്ളി
വൈപ്പിൻ ഉപജില്ല, എറണാകുളം

# BREAK THE CHAIN

We Marians are all
In this togetherness
Fighting against COVID 19

Nothing in nature is for itself
Rivers don't drink water
Trees don't eat fruit
Sun doesn't give heat
For itself

Living for others is
the way of life
Let us give part of our life "seva"

"Stay home, Stay safe..."

**സീതാലക്ഷ്മി ആർ.എസ്.**
8 A
സെന്റ് മേരീസ് എ.ഐ.ജി.എച്ച്.എസ്. ഫോർട്ടുകൊച്ചി
മട്ടാഞ്ചേരി ഉപജില്ല, എറണാകുളം

# തണൽ

ഓരോ വിത്തും
ഒരു നന്മയാണ്

ഓരോ നന്മയും
നമ്മളാണ്...

ഈ കുഞ്ഞുകൈകളാൽ
നാളെയ്ക്കു വേണ്ടി നാം
തണലുകൾ ഒരുക്കിടണം

മണ്ണറിയുന്നു നാം
നേരിന്റെ വിത്തെറിയുന്നു നാം

മണ്ണിന്റെയുള്ളിലൊളിക്കുന്ന
നേരിനെ ഉള്ളുകൊണ്ടേറ്റു
വാങ്ങുന്നു നാം

ഉള്ളിന്റെയുള്ളിൽ മയങ്ങുന്ന
സ്നേഹത്തെ വീണ്ടും
ഉണർത്തും കാലം

**വിശ്വജിത്**
6
സെന്റ് ജോർജ്സ് എച്ച്.എസ്. ഇടപ്പള്ളി
എറണാകുളം ഉപജില്ല, എറണാകുളം

# മനസ്സ്

നിൻ ദുഃഖങ്ങളും പേറി,
ഓരോരോ മനസ്സും വിണ്ണിലെ
നക്ഷത്രങ്ങളാവാൻ കൊതിക്കുന്നു.

നിൻ വേദനകളും പേറി,
ഓരോരോ ശിരസ്സും വിണ്ണിലെ
ചന്ദ്രനാവാൻ കൊതിക്കുന്നു.

നിൻ വിദ്വേഷങ്ങളും പേറി,
ഓരോരോ ജീവനും വിണ്ണിലെ
മേഘങ്ങളാവാൻ കൊതിക്കുന്നു.

നിൻ സ്വപ്നങ്ങളും പേറി,
ഓരോരോ നേത്രവും വിണ്ണിലെ
സൂര്യനാവാൻ കൊതിക്കുന്നു.

**ആൽഡ്രിൻ**
8 B
സെന്റ് റീത്താസ് എച്ച്.എസ്. പൊന്നുരുന്നി
തൃപ്പൂണിത്തുറ ഉപജില്ല, എറണാകുളം

# കൊറോണക്കവിത

കൊറോണ നാടുവാണീടും കാലം
മനുഷ്യനെങ്ങുമേ നല്ല നേരം
തിക്കും തിരക്കും ബഹളമില്ല
വാഹനാപകടം തീരെയില്ല
വട്ടംകൂടാനും കുടിച്ചീടാനും
നാട്ടിൻപുറങ്ങളിൽ ആരുമില്ല
ജങ്ക്ഫുഡുണ്ണുന്ന ചങ്കുകൾക്ക്
കഞ്ഞികുടിച്ചാലും സാരമില്ല
കല്ലെറിയാൻ റോഡിൽ ജാഥയില്ല
കല്യാണത്തിൽ പോലും ജാടയില്ല
നേരമില്ലെന്ന പരാതിയില്ല
ആരുമില്ലെന്നുള്ള തോന്നലില്ല
എല്ലാരും വീട്ടിൽ ഒതുങ്ങിനിന്നാൽ
കള്ളൻ കൊറോണ തളർന്നുവീഴും
എല്ലാരുമൊന്നായി ചേർന്നുനിന്നാൽ
നന്നായി നമ്മൾ ജയം വരിക്കും

**കെവിൻ ജോർജ് റോഡ്റിക്സ്**
5 ബി
സെൻറ് മേരീസ് എച്ച്.എസ്.എസ്. വല്ലാർപ്പാടം
എറണാകുളം ഉപജില്ല, എറണാകുളം

# ലോക്ഡൗൺ

പടനയിച്ചു ഭയമകറ്റി ഞങ്ങൾ വരുന്നേ
നാടുനീളേ കൊലനടത്തും മാരിയെ തടുത്തിടാൻ
മാരിയെ തടുത്തിടാൻ

ഭയപ്പെടില്ല നാം പേടിച്ചോടുകില്ല നാം
കരുതലുള്ള കേരളം കരുത്തുകാട്ടിടും

തുടർച്ചയായ് തുടർച്ചയായ്
കൈകൾ രണ്ടും കഴുകിടും
കൊറോണയെന്ന ഭീകരനെ
തുടച്ചു ഞങ്ങൾ നീക്കിടും
പദവിയും പ്രതാപവും
പാരിലെന്തു നൽകിടും
മാന്യഹൃദയമുള്ള നല്ല
മാനവനായ് മാറിടും

ഭയപ്പെടില്ല നാം പേടിച്ചോടില്ല നാം
കരുതലുള്ള കേരളം കരുത്തുകാട്ടിടും

കരുതലോടെ ലോക്ഡൗൺ
നിയമമെല്ലാം നോക്കിടും
പൊതുവിടങ്ങളിൽ പെരുത്ത്
സൂക്ഷ്മത പാലിച്ചിടാം
തുമ്മലിൽ ചുമയ്ക്കലിൽ
തൂവലായാൽ മറച്ചിടാം
പിന്നെയൊന്നു ചേർന്നിരിക്കാൻ
ഇന്നകന്നിരുന്നിടാം

ഭയപ്പെടില്ല നാം പേടിച്ചോടുകില്ല നാം
കരുതലുള്ള കേരളം കരുത്തുകാട്ടിടും

**ഫരാഷ പി.എം.**
6 C
സെന്റ് ആനീസ് സി.യു.പി.എസ്. എടത്തിരിത്തി
വലപ്പാട് ഉപജില്ല, തൃശ്ശൂർ

# നാളെയുടെ ചെടികൾ

നെറിവുള്ള നന്മകൾ
നിറമുള്ള ലോകത്ത്
അറിയാതെപോയതാണെൻ ബാല്യം

കനിവുള്ള കൈകളാൽ
ഈ കുഞ്ഞുഭൂമിയിൽ
നട്ടുനനച്ചതാണെൻ ലോകം

വിറയാർന്ന കൈകളാൽ
നമ്മുടെ പൂർവികർ
നട്ടുവളർത്തിയതാണിവിടം

തച്ചുതകർക്കുവാൻ
ആളതുണ്ടെങ്കിലും
നട്ടുവളർത്തുവാനവിടെ

ഒരു കൊച്ചുചെടിയിലും
ഒരു കുഞ്ഞുജീവിതം
ഈ കുഞ്ഞുജീവിതം

നാളേക്കുമേകണം
താങ്ങായ് തണലായ്
താരാട്ടുപാട്ടുമായ്

ഈ കുഞ്ഞുചെടിയുടെ
തോഴിയായ് മാറണം

സാൻ മരിയ തോമസ്
2 B
സെന്റ് ജോസഫ്സ് ഹൈസ്കൂൾ പൂവത്തുശ്ശേരി
അങ്കമാലി ഉപജില്ല, എറണാകുളം

# ഒരു മഴയായ്....

ഒരു മഴയായ് എനിക്കൊന്നു പെയ്യാൻ കഴിഞ്ഞെങ്കിൽ...
കരൾ പിളർക്കും വേദനയേവം തുടയ്ക്കാനും
കടിച്ചമർത്തും നോവിനെ കണ്ണീരായ് അണപൊട്ടിയൊഴുക്കാനും
ആടിത്തിമർക്കും മഴയായ് ആ കണ്ണീർ ഒന്നലിയിച്ചുകളയാനും
കഴിഞ്ഞെങ്കിൽ...

ഒരു മഴയായ് എനിക്കൊന്നു പെയ്യാൻ കഴിഞ്ഞെങ്കിൽ...
ഇവിടെ പൊലിഞ്ഞൊരായിരം ജീവനെൻ നെഞ്ചിലേറ്റാനും
അഴലിൽപ്പെട്ടുഴലുന്നോർക്കാശ്വാസമേകാനും
മഴവില്ലായ് അവർതൻ സ്വപ്നങ്ങൾക്ക് വർണച്ചിറകേകാനും
കഴിഞ്ഞെങ്കിൽ...

ഞാനുമവരും കടന്നുപോവതൊരേ നോവുതൻ തേരിലെന്നും
തിരിച്ചറിയുന്നു ഞാൻ
എങ്കിലും ഞാനാശിച്ചുപോകുന്നു..
ഒരു മഴയായ് എനിക്കൊന്നു പെയ്യാൻ കഴിഞ്ഞെങ്കിൽ...
ആ സങ്കടക്കടലൊന്നൊതുക്കാൻ കഴിഞ്ഞെങ്കിൽ...

**മേരി ഷെലോമി കെ.ജെ.**
9 B
സെന്റ് ജോസഫ്സ് എച്ച്.എസ്. വരാപ്പുഴ
ആലുവ ഉപജില്ല, എറണാകുളം

# പങ്കുകാർ

അകന്നിരുന്നേക്കാം
ഒരു കരുതലെനിക്കും
അന്യനും ഒപ്പമീ
ലോകത്തിനും

ശുദ്ധമാക്കാം കരങ്ങളും
ആവൃതമാക്കാം മുഖങ്ങളും
ഭേദിച്ചിടാം നമുക്കൊന്നായ്
മഹാമാരിതൻ ചങ്ങലകൾ

ദ്വേഷങ്ങളകറ്റി, പങ്കുവയ്ക്കാം
കാത്തിടാം സഹജീവികളെ
ഉയരട്ടെ വാനോളമീ ജനം
'ലോകാ സമസ്താഃ സുഖിനോ ഭവന്തു'

**സിറ്റ സാസ്മിൻ**
Plus One Commerce
സെന്റ് ജോസഫ്. എച്ച്.എസ്. കിടങ്ങൂർ
അങ്കമാലി ഉപജില്ല, എറണാകുളം

# ഒരു പുഷ്പം

നടാനെനിക്കൊരു വിത്തുണ്ട്
അതിനെ വളർത്താൻ ഒരുപിടി മണ്ണുണ്ട്
ഒരു കൊച്ചു കുഴി
ഒരിറ്റു സൂര്യൻ,
ഒരിറ്റു മഴ, ഒരിറ്റു തലോടൽ
കുറച്ചു സമയം
അത്രമാത്രം.
ഒരു പുഷ്പം.

**സന ആർ.**
2 B
സെന്റ് ജോർജ് എൽ.പി.എസ്. അമ്പൂരി
പാറശ്ശാല ഉപജില്ല, തിരുവനന്തപുരം

# എന്റെ കൊറോണക്കാലം

മുറ്റത്തെ മുല്ലയിൽ പൂവിറുക്കാം
പൂകൊണ്ട് നല്ലൊരു മാലകോർക്കാം
മുത്തശ്ശിയോടൊത്തു കഥകൾ കേൾക്കാം
മുത്തശ്ശനോടൊത്തു പാട്ടുപാടാം
മുറ്റത്തെ മാവിൽ കല്ലെറിയാം
കിട്ടുന്ന മാമ്പഴം പങ്കുവയ്ക്കാം
മാവിന്റെ ചില്ലയിൽ ഊഞ്ഞാലിടാം
ആ മരത്തണലിൽ ഉല്ലസിക്കാം
പുള്ളിക്കുയിലിന്റെ പാട്ടിനൊത്ത്
ഏറ്റുപാടിക്കളിച്ചാനന്ദിക്കാം
അമ്മയോടൊപ്പം അടുക്കളയിൽ
പുതുപുത്തൻ ഭോജ്യങ്ങളുണ്ടാക്കീടാം
പച്ചക്കറിത്തോപ്പിലച്ഛനൊപ്പം
പച്ചക്കറി നടാനെന്തു രസം!
ലോകമാകെ വെന്തുനീറിടുമ്പോൾ
നല്ലൊരു നാളെയെ കാത്തിരിക്കാം.

**അക്ഷര വി.ബി.**
8 G
സെൻറ് ക്രിസോസ്റ്റംസ് ജി.എച്ച്.എസ്. നെല്ലിമൂട്
ബാലരാമപുരം ഉപജില്ല, തിരുവനന്തപുരം

# അവൻ വന്നപ്പോൾ...

കൂട്ടം കൂടരുതെന്നമ്മ പറഞ്ഞു
കൂട്ടുകാരൊക്കെ വീട്ടിലായി
കാട്ടിലെക്കളി, നാട്ടിലെക്കളി
കളികളൊക്കെ വീട്ടിലായി
കൂട്ടുകാരൊക്കെ വീട്ടിലായപ്പോൾ,
അച്ഛനമ്മമാർമക്കൾ കൂട്ടിലായി
കൂട്ടിലായവർ കൂട്ടുകാരായി
വീട്ടിലെ കൂട്ടുകാർ ഞങ്ങളായി

**ഐറിൻ ജോസ്**
8 A
ഹോളി ഫാമിലി ഹൈസ്കൂൾ അങ്കമാലി
അങ്കമാലി ഉപജില്ല, എറണാകുളം

# കോവിഡ് 19

ഭൂമി ഒരു കമ്പ്യൂട്ടർ!
മാനവർ വൈറസുകൾ!
ഗതികെട്ടു ഭൂമി
റിഫ്രഷ് ആവാൻ
പുറത്തിറക്കി ആന്റിവൈറസ്....

**ബെൽന സൈമൺ**
9 E
ഹോളി ഫാമിലി ഹയർ സെക്കണ്ടറി സ്കൂൾ
ഹോസ്ദുർഗ് ഉപജില്ല, കാസർഗോഡ്

# മരം

കാട്ടിലെ
കിളികൾക്കും മരം വേണം
നാട്ടിലെ
മനുഷ്യർക്കും മരം വേണം
പറക്കുന്ന തുമ്പിക്കും ചിരിക്കുന്ന കുഞ്ഞിനും
മരിക്കുന്ന വൃദ്ധനും മരം വേണം

ശ്വസിക്കുവാൻ പ്രാണനായ് മരം വേണം
കുടിക്കുവാൻ ജലമായ് മരം വേണം
വിശപ്പിനു പഴമായ് മരം വേണം
എരിയുവാൻ വിറകായ് മരം വേണം

വിണ്ണിന്റെ മഴയായ് മരം വേണം
മണ്ണിന്റെ ഉയിരായ് മരം വേണം
കണ്ണിനു കുളിരായ് മരം വേണം
ഞങ്ങൾക്ക് തുണയായ് മരം വേണം

വെട്ടല്ലേ, വെട്ടല്ലേ വലിയോരേ
വിറ്റു കാശാക്കല്ലേ പെരിയോരേ
കാടിതു ഞങ്ങൾക്ക് വീടാണേ
വീടു മുടിക്കല്ലേ ഉടയോരേ

**ഷിബിന എൻ.**
5 B
സെന്റ് റോക്സ് എച്ച്.എസ്. തോപ്പ്
തിരുവനന്തപുരം നോർത്ത് ഉപജില്ല, തിരുവനന്തപുരം

# പൂവുകൾ പാടുമ്പോൾ ...

ഒരു തൈ നടുന്നു നാം നാളെയീ മണ്ണിലൊരു
വസന്തോത്സവം തീർക്കാൻ
മറയുന്ന മാമഴക്കാടിനെ, മയങ്ങുന്ന പുഴകളെ
വിളിച്ചുണർത്താൻ
കനിവറ്റ കാലം കരിച്ച, വർണാഭ ശലഭജന്മങ്ങളെ വീണ്ടെടുക്കാൻ
അകലെ മറഞ്ഞൊരു തുമ്പികളെ; ഓമനക്കിളികളെ തിരിച്ചുകിട്ടാൻ
മധുരമാന്തോപ്പുകൾ മുക്കുറ്റിമുറ്റങ്ങൾ കറുകവരമ്പുകൾ
വീണ്ടെടുക്കാൻ....
ഇടമുറിയാതെ തിമർത്തുപെയ്യും പ്രിയ
തിരുവാതിരക്കളി തിരിച്ചുകിട്ടാൻ
ഒരു തൈ നടുന്നു നാം നാളെയീ മണ്ണിലൊരു
വസന്തോത്സവം തീർക്കാൻ...

**ദേവനന്ദ പി.എസ്.**
2 B
ഹോളി ഫാമിലി എൽ.പി.എസ്. സൗത്ത് പറവൂർ
തൃപ്പൂണിത്തുറ ഉപജില്ല, എറണാകുളം

# കൊറോണ നാടുവാണീടും കാലം

കൊറോണ നാടുവാണീടും കാലം
മനുഷ്യരെല്ലാരും ഒന്നുപോലെ

അന്തിക്കു'മന്തി' അടിച്ചോരെല്ലാം
ചമ്മന്തി നുള്ളി നുണഞ്ഞീടുന്നു

കാറിലിരുന്നു പറന്നോരെല്ലാം
കാവലിരിപ്പാണാ പൂമുഖത്ത്

മട്ടത്തിൽ വെട്ടിയൊതുക്കാൻ മുടി
വെട്ടുകാരാരുമീ നാട്ടിലില്ല

കൂട്ടുകാരനന്യോന്യം വെട്ടീടുന്നു
മൊട്ടത്തലകൾ നിറഞ്ഞിടുന്നു

ഊറ്റം പറഞ്ഞു നടന്നവനും
ചെറ്റക്കുടിലിൽ കഴിഞ്ഞവനും

മുറ്റത്തെ പ്ലാവിൽ വലിഞ്ഞു കേറി
തീറ്റക്കു വല്ലതും കൊയ്തിടുന്നു

മക്കളെ പോറ്റുന്ന പാട് അറിഞ്ഞു
ചക്കക്കുരുവിൻ രുചി അറിഞ്ഞു

ചിക്കനും മട്ടനും പോത്തുമില്ലാ
നാളുകൾ അങ്ങനെ നീങ്ങിടുന്നു

മുഷ്ടിചുരുട്ടിയ യൗവ്വനങ്ങൾ
കത്തിക്കയറിയ ഭാഷണങ്ങൾ

ശബ്ദകോലാഹലഘോഷണങ്ങൾ
എല്ലാം നിലച്ചു നിശബ്ദമായി

തോരണം തൂക്കിയ പന്തലില്ല
പളപള മിന്നും വെളിച്ചമില്ല

മങ്കമാർ താളത്തിൽ പാട്ടുപാടും
മാമാങ്ക കല്യാണമൊന്നുമില്ല

തമ്മിലടിയും കലഹം ഇല്ല
വണ്ടിയിടിച്ച് മരണമില്ല

തെണ്ടി നടന്നൊരാ ഭിക്ഷക്കാരും
പോയതന്നെങ്ങാണറിയുകില്ല

മട്ടത്തിൽ കയ്യുകൾ സോപ്പിടേണം
കൂട്ടത്തിൽ കെട്ട്യോളേം സോപ്പിടേണം

വെട്ടത്തിറങ്ങാതെ നോക്കിടേണം
വീട്ടിന്നകത്തു കഴിഞ്ഞിടേണം

**ഹുസ്ന റുബ പി**
5 A അൽ അൻസാർ യു.പി.സ്കൂൾ മുണ്ടംപറമ്പ്
കിഴിശ്ശേരി ഉപജില്ല, മലപ്പുറം

# കൊറോണ നാടുവാണീടും കാലം

കൊറോണ നാട് വാണീടും കാലം
കൊറോണ രാജ്യം ഭരിക്കും കാലം
മാനുഷ്യരെല്ലാരും ഭീതിയിലാണെ
തിക്കും തിരക്കും ബഹളവുമില്ല
വാഹനാപകടം തീരെയില്ല
വട്ടം കൂടാനും സൊറ പറയാനും
നാട്ടിൻപുറങ്ങളിലാരുമില്ല
കല്യാണമേളങ്ങളൊന്നുമില്ല
കഞ്ഞി കുടിച്ചാലും സാരമില്ല
നേരമില്ലെന്ന പരാതിയില്ല
ആരുമില്ലെന്നൊരു തോന്നലില്ല
എല്ലാരും വീട്ടിൽ ഒതുങ്ങി നിന്നാൽ
കൊറോണ കള്ളൻ തളർന്ന് വീഴും
എല്ലാരുമൊന്നായി ചേർന്നു നിന്നാൽ
നന്നായി നമ്മൾ ജയം വരിക്കും

**അംഗിത രാജീവൻ**
5 ആമ്പിലാട് സൌത്ത് എൽ പി സ്കൂൾ
കൂത്തുപറമ്പ് ഉപജില്ല
കണ്ണൂർ

# LET ME PLAY

"Get inside...." shouted mother.
"It's lockdown..."
roared father.
What can I do?
What can I do?
Help me help me...
Oh!My God....
"Keep quite.."
Yelled brother...
It's corona outside.
What can I do?
What can I do?
Go corona.. go corona
Let me play with my friends.....
Wear your mask
Wash your hands
Cover your mouth
Get inside...keep calm
Its lockdown everywhere.
Its corona on the road
It put me in a jail
With my lovely family...
I learn tô draw
I learn to clean
I learn to pray....
Clap clap clap for
The doctors & nurses
Who treat us now
The real heros around
Clap clap clap for
The police outside

Who keep us safe...
The real heros around...
Stay home... Stay safe
Break the chain...
Stay healthy always.
Go... Corona..... Go...Corona.....
Let me play with friends....

**പ്രണവ് ആർ നായർ**
4 B എ എം എൽപി സ്കൂൾ കരിങ്ങനാട് സൗത്ത്
പട്ടാമ്പി ഉപജില്ല, പാലക്കാട്

# ചുമരിലെ അമ്മാവൻ

ജനുവരിയൊന്നാം തിയ്യതി വന്നേ
ചുമരിൽ പുതിയൊരു അമ്മാവൻ
ക്രിസ്മസ് ബക്രീദ് ഓണവും വിഷുവും
(ഗാന്ധി ജയന്തി ചിൽഡ്രൻസ് ഡേ )2
അവധികളെല്ലാം ചോപ്പ് നിറത്തിൽ
തിളങ്ങി നിൽക്കുമോരമ്മാവൻ

ജനുവരിയാദ്യം വന്നതു കൊണ്ടോ
(പിന്നെവരുന്നുഫെബ്രുവരി )2
മാർച്ചിനു ശേഷംഏപ്രിലുമുണ്ട്
മെയ്, ജൂൺ, ജൂലൈ, ആഗസ്റ്റ്

പുറകെ വരുന്നു സെപ്റ്റംബർ
കളിചിരിയോടെ ഒക്ടോബർ
നവംബറെത്തി പാട്ടുകൾ പാടി
(ഡിസംബറുണ്ടേ പിന്നാലെ )2

**സഫ ഫാത്തിമ**
3 D എ.എം.എൽ.പി.എസ്.കരിങ്ങനാട് സൗത്ത്
പട്ടാമ്പി ഉപജില്ല, പാലക്കാട്

# പല വർണപ്പൂക്കൾ

കണികാണാൻ കൊന്നപ്പൂ
തലയിൽ ചൂടാൻ മുല്ലപ്പൂ
മനംകവരാൻ റോസാപ്പൂ
മണംപകരാൻ ചെമ്പകപ്പൂ
വെള്ളത്തിൽ ഒരു താമരപ്പൂ
വെള്ളനിറത്തിൽ തുമ്പപ്പൂ
മാല കുരുക്കാൻ മല്ലിപ്പൂ
മധുനുകരാൻ ലില്ലിപ്പൂ
തേൻ കുരുവിക്കൊരു തെച്ചിപ്പൂ
പൂന്തേൻ നിറയുന്നൊരു ചെത്തിപ്പൂ

**സഫ**
4 C എ.എം.എൽ.പി.എസ്.കരിങ്ങനാട് സൗത്ത്
പട്ടാമ്പി ഉപജില്ല
പാലക്കാട്

# ഓർമ്മകളിലൂടെ

ആദ്യമായ് കാലെടുത്തു വച്ചോരാ
എന്റെ കൊച്ചു വിദ്യാലയം
കളിച്ചും ചിരിച്ചും നടന്നു
ഞങ്ങളാ വിദ്യാലയ മുറ്റത്ത്
എന്നുമെന്നുള്ളിൽ നിറഞ്ഞുനിൽപ്പൂ
ഭംഗിയേറുന്നൊരാ ദിനങ്ങൾ
നേർവഴി കാട്ടി നയിച്ചൊരെന്റെ
ഗുരുനാഥരേയും ഞാനോർത്തിടുന്നു
ഒരു കൊച്ചുതേങ്ങലമർത്തിയുള്ളിൽ
പടിയിറങ്ങുന്നു !ഞാൻ ഓർമ്മകളേ...

**ഫാത്തിമ നാസിൻ വി വി**
4 C എ എം എൽ പി സ്കൂൾ കൊടുമുണ്ട
പട്ടാമ്പി ഉപജില്ല
പാലക്കാട്

# അപ്പൂപ്പൻതാടി

അപ്പൂപ്പൻതാടി പോലെ
പാറിപ്പറക്കണം.
ആരും കാട്ടാത്ത
വികൃതികൾ കാട്ടണം.
മാനത്തങ്ങനെ
പാറിപറക്കണം.
കൊച്ചനുജത്തിയെ
ഇക്കിളികൂട്ടണം.
ഒന്നിനെ തന്നെ
പലതാക്കി മാറ്റണം
അപ്പൂപ്പൻതാടിയായി
പാറിപ്പറക്കും ഞാൻ.

**മുഹമ്മദ് നിഷാൻ.പി**
4 A എ.എം.എൽ.പി.എസ്. ആദൃശ്ശേരി
താനൂർ ഉപജില്ല, മലപ്പുറം

# മുല്ലപ്പൂവേ

സുന്ദരിപ്പൂവേ മുല്ലപ്പൂവേ
പാൽ നിറമെങ്ങനെ കിട്ടി
പാലിൽ കുളിച്ചോ പൂവേ
പാൽച്ചോർ തിന്നോ പൂവേ
എവിടന്ന് കിട്ടി വെള്ള നിറം
അമ്പിളിമാമൻ വരമായ്തന്നോ
കോടമഞ്ഞ് കനിഞ്ഞു തന്നോ
ചൊല്ലൂ മൊഞ്ചത്തിപ്പൂവേ

**മുഹമ്മദ് റഫാൻ**
2B എ എം എൽ പി സ്കൂൾ പനക്കത്തായം
താനൂർ ഉപജില്ല
മലപ്പുറം

# അമ്മയായ് പ്രകൃതി

അമ്മതൻ പുഞ്ചിരി പോലെ
പൂക്കുന്നു പുലരികൾ
അഞ്ജന മിഴികൾ പോലെ
വിടരുന്നു പൂമൊട്ടുകൾ
ഭൂമിയെ തഴുകുന്നു നദികൾ
അമ്മതൻ കാർകൂന്തലെന്ന പോലെ
കാതിന്നു തേൻമഴയാണീ
കാട്ടിലെ കുയിലിന്റെ നാദം
കൈനീട്ടി നിൽപൂ തണലുമായ്
വൃക്ഷത്തലപ്പുകളെന്നെയും കാത്ത്
അമ്മയുണരുമ്പോളുണരുമെൻ പകലുകൾ
അമ്മയോടൊത്തുറങ്ങുമെൻ രാവുകൾ
അതുപോലെ ഈ പ്രകൃതിതൻ
ചലനങ്ങളെല്ലാമെന്നമ്മക്കു തുല്യം.

**വൈഗ എസ് ലാൽ**
6 എ.എം.യു.പി.സ്കൂൾ അയ്യായ
താനൂർ ഉപജില്ല
മലപ്പുറം

# കിളിക്കൊരു നീർക്കുടം

വറ്റി വരണ്ടൊരു ഭൂമിതൻ ഹൃത്തടം
അറ്റമില്ലാമരുക്കാടായി മാറവേ
ഉച്ചയുറക്കം പിണങ്ങിയ തീപ്പകൽ
പിച്ചതെണ്ടാനെത്തും ഉമ്മറക്കാഴ്ചയിൽ
ലോകം മഹാ വ്യാധി, യുദ്ധഭീതിച്ചിതൽ,
ചോരമണക്കുന്ന പത്രവൃത്താന്തങ്ങൾ !
അന്യന്റെ വാക്കുകൾ സംഗീതമാവാതെ-
യന്യതയെന്ന മതിൽ പടുക്കുന്നവർ !
കണ്ടു മുറ്റത്തൊരു പാവം കിളിമകൾ
തൊണ്ട വരണ്ടൊരു നീർകണം തേടുമ്പോൾ !
ആരു മാറ്റും അതിന്റെ ദാഹം? ഇനി
ആരു കാണും കിളിപ്പെണ്ണിന്റെ വേദന ?
പിഞ്ചുകാലുകൾ പിച്ചവെച്ചെത്തിയാ
കയ്യിലുണ്ട് ചിരട്ടയിൽ ദാഹനീർ !
തൊണ്ട വറ്റിയ പക്ഷിയാ പൈതലാൽ
ദാഹമാറ്റിപ്പറന്നു പോയീടവേ '
ഉള്ളിലേതോ മഹാ കുറ്റബോധമെൻ
കണ്ണുനീരിൽ വിഷാദവർഷങ്ങളായ് !
ഇല്ല, വറ്റിവരണ്ടതില്ലിത്തിരി
ബാക്കിയുണ്ടീ ദയ, കാരുണ്യവർഷവും!

**ശ്രീലക്ഷ്മി കെ**
6 L എ.എം.യു.പി.സ്കൂൾ അയ്യായ
താനൂർ ഉപജില്ല
മലപ്പുറം

# കുന്നിക്കുരു നട്ട കുഞ്ഞിമുത്തി

കുന്നിക്കുരു നാട്ടിൽ കുഞ്ഞിമുത്തി
കുന്നിമലയിൽ വസിച്ചിരുന്നു
കുന്നിൻ ചെരുവിലൊരാൽ മരത്തിൻ
ചോട്ടിലിരുന്നു കുഞ്ഞിമുത്തി
താഴെക്കിടന്നു കിട്ടിയതാ
ഇത്തിരി കുഞ്ഞൻ കുന്നിക്കുരു
കുന്നിക്കുരു നടാൻ മോഹമായി
ആറ്റിൻകരയിൽ ചെന്നു മുത്തി
ചേമ്പില കൊണ്ടൊരു കുമ്പിളാക്കി
വെള്ളമെടുത്തു നടന്നു മുത്തി
വീടിൻപടിക്കൽ നിന്ന മുത്തി
പേരമരത്തിൻ ചോട്ടിലായി
ഇത്തിരിക്കുഞ്ഞനെ നട്ടു മുത്തി
നാളുകൾ പലതങ്ങു പോയിവന്നു
കുന്നിക്കുരുവങ്ങു പടർന്നു പൊങ്ങി
കുന്നിക്കുരു നിറഞ്ഞങ്ങു പൂത്തു
കുഞ്ഞിമുത്തിക്കങ്ങു സന്തോഷമായി.......

**ശ്രേയ സുബീഷ്**
3 F എൽ പി എസ്, വൈലത്തൂർ ഈസ്റ്റ്
ചാവക്കാട് ഉപജില്ല
തൃശ്ശൂർ

# മുത്തശ്ശിപ്ലാവിന്റെ സന്തോഷം

പ്ലാവേ പ്ലാവേ മുത്തശ്ശിപ്ലാവേ
എന്തേ നിനക്കിത്ര സന്തോഷം
നിന്നെയും തേടി ആളുകൾ വന്നിട്ടോ
നിൻ കനിയെല്ലാം അവർക്ക് കൊടുത്തിട്ടോ
എന്തേ നിനക്കിത്ര സന്തോഷം
ലോകം മുഴുവനും കോവിഡ് വന്നപ്പോൾ
ലോകജനത വീട്ടിലിരുന്നപ്പോൾ
വേലയും കൂലിയും ഇല്ലാതെ വന്നപ്പോൾ
വീട്ടുകളെല്ലാം പട്ടിണിയായപ്പോൾ
നീയാണേവർക്കും ആശ്വാസമായത്
ഒരു കാലം ചിലരൊന്നും നിന്നെ കണ്ടില്ല
അന്നു നിൻ കനിയെല്ലാം വീണു പോയില്ലേ
അക്കാലമോർത്തവർ ഖേദിക്കുന്നുണ്ടാവാം
നിൻ കനിയെത്രയോ നല്ലതെന്നോതി
ഇന്നവർ തോളിലേറ്റുന്നു നിന്നെ
നല്ല നാളേയ്ക്കായ് പ്രാർത്ഥിക്കുന്നുണ്ടാവാം.

**ജന്ന എം കെ**
1 ബി എ എൽ പി സ്കൂൾ ഊർങ്ങാട്ടിരി
അരീക്കോട് ഉപജില്ല
മലപ്പുറം

# മടുപ്പ്

പൊന്നു കൊറോണേ..
ഒന്നു പോയി തരാമോ?
കൂട്ടുക്കാരെ കണ്ടിടാനായി
മോഹമേറെയായി.
നീ വന്നനാൾ മുതൽ
ഞാൻ വീട്ടിലിരിപ്പാ..
സ്കൂളിലൊന്നു പോയിട്ടിന്നു
നാളുകളായി.
കൂട്ടുകൂടലും പിന്നെ പാട്ടു പാടലും
വാട്ട്സാപ്പ് വീഡിയോയിലൂടെ മാത്രമായി.
പ്രവർത്തനങ്ങൾ ഓരോന്നും
ടീച്ചർ തരുമ്പോൾ
വീട്ടിലിരുന്നു ചെയ്തു ഞങ്ങൾ
ആകെ മടുത്തു.
സ്കൂളിലൊന്നു പോകണം ബെഞ്ചിലിരിക്കണം.
മുറ്റത്ത് കൂടിയൊന്ന് ഓടിക്കളിക്കണം.
കൂട്ടുക്കാരോടൊപ്പം കൂടി
ചോറുമുണ്ണണം.
കൊണ്ടുവന്ന കറികളൊക്കെ
പങ്കു വെക്കണം.
ടീച്ചറെക്കാണുമ്പോൾ
ഓടിച്ചെല്ലണം.
വിശേഷങ്ങൾ ഓരോന്നായി
കാതിൽ ചൊല്ലണം.
അതിനായി പോണം ഈ
നാടുവിട്ട്
വേഗമൊന്നു നീ എന്റെ
പൊന്നു കൊറോണേ.

**മയൂഖ് പി കെ**
3 A എ എൽ പി സ്കൂൾ കീഴത്തൂർ
കുഴൽമന്ദം ഉപജില്ല
പാലക്കാട്

# കലാഗ്രാമം

പൂക്കളെ കാണുവാനെന്തു ഭംഗി
പൂന്തോട്ടം കാണുവാനെന്തു ഭംഗി
പൂക്കളിൽ ചുറ്റീട്ടു തേൻ കുടിച്ചീടുന്ന
പൂമ്പാറ്റയെ കാണാൻ എന്തുഭംഗി
പുഴകളെ കാണുവാൻ എന്തു ഭംഗി
പുതുമഴ കാണുവാൻ എന്തു ഭംഗി
പുതുമഴ പെയ്തിട്ടു പുതുവെള്ളം നിറഞ്ഞുള്ള
പുഴകളെ കാണുവാൻ എന്തു ഭംഗി
മണ്ണിനു വിണ്ണിന്റെ വരദാനമായുള്ള
പൂന്തോട്ടം കാണാനും ഭംഗിയുണ്ട്
പച്ചപ്പുൽപ്പാടത്ത് മേഞ്ഞുനടക്കുന്ന
പൂവാലിപ്പശുവിന്നും ഭംഗിയുണ്ട്
പാലുകുടിച്ചിട്ട് തുള്ളികളിക്കുന്ന
കുട്ടിക്കിടാവിനും ഭംഗിയെത്ര
തേൻവരിയ്ക്കച്ചക്ക കൊത്തിത്തുളയ്ക്കുന്ന
മഞ്ഞക്കിളിപെണ്ണിനുണ്ട് ഭംഗി
പ്ലാവിന്റെ കൊമ്പിലിരുന്നു കുറുകുന്ന
വെള്ളരിപ്രാവിനും ഭംഗിയുണ്ട്
നമ്മുടെ നാടിന്റെ കീർത്തിപരത്തിയ
കഥകളി കാണുവാൻ ഭംഗിയെത്ര
കഥകളി സംഗീതമലയടിച്ചുയരുന്ന
ഈ കലാഗ്രാമമാണെന്റെ ഗ്രാമം

**സൂര്യ എ**
3 എ എ.എൽ.പി.എസ്. കുറുവട്ടൂർ
ചെർപ്പുളശ്ശേരി ഉപജില്ല, പാലക്കാട്

# പൂമ്പാറ്റയും പൂവും

കുഞ്ഞിപ്പൂവിൻ കവിളത്ത്
മുത്തം നൽകി പൂമ്പാറ്റ.
മുത്തം നൽകിയ നേരത്ത്
ആടി ഉലഞ്ഞു കുഞ്ഞിപ്പൂ .
കുഞ്ഞിപ്പൂവിൻ സന്തോഷം
കണ്ടു രസിച്ചു പൂമ്പാറ്റ.
ഒന്നു ചൊല്ലി പൂമ്പാറ്റ
തേൻ കുടിക്കാൻ തരുമോ നീ .
എന്റെ മേനി നോവല്ലേ
ഇതളുകളൊന്നും കൊഴിയല്ലേ
എന്നു ചൊല്ലി കുഞ്ഞിപ്പൂ .
കുഞ്ഞിപ്പാറ്റേ പൂമ്പാറ്റേ
സന്തോഷത്താൽ പൂമ്പാറ്റ
കുഞ്ഞിപ്പൂവും കളിയാടി.

**നൗറിൻ മറിയം എസ്.പി.**
1 A എ.എൽ.പി.എസ്.വിളയൂർ യൂണിയൻ
പട്ടാമ്പി ഉപജില്ല, പാലക്കാട്

# തിരിച്ചറിവ്

ആദ്യമായ് കേട്ടപ്പോൾ ആശ്ചര്യമായ്
പിന്നെ ഞാൻ കേട്ടപ്പോൾ ആകാംക്ഷയായ്
അന്വേഷിച്ചറിഞ്ഞപ്പോൾ പരവേശമായ്
കൂടുതലറിഞ്ഞപ്പോൾ ഭീതിയായ്
കാഴ്ചയിൽ നീയൊരു രാജാവ്
കാര്യത്തിൽ നീയൊരു രാക്ഷസൻ
തൊട്ടറിഞ്ഞാലെൻ തോഴനായ്
താഴിട്ടുപൂട്ടുമെൻ ജീവിതങ്ങൾ
നേരിടും ഞങ്ങൾ കൈകോർത്ത്
തുരത്തിടും ഞങ്ങൾ ഒരുമയോടെ.

**തീർത്ഥ കെ**
2A എ.എൽ.പി.സ്കൂൾ പുത്തൻതെരു
താനൂർ ഉപജില്ല, മലപ്പുറം

# പക

മഞ്ഞുള്ളൊരു മകരം പോയീ
മാമലകൾ മാഞ്ഞും പോയീ
പുഴകൾ തൻ പാട്ടും പോയീ
വയൽക്കിളിതൻ കൊഞ്ചൽ പോയീ

കാടിൻ മുടി വെട്ടിയെടിത്തു
കാട്ടാറും കൂടെയെടുത്തു
കരിമണലും കോരിയെടുത്തു
കായലുകൾ കരിനിറമാക്കീ

പുഴ നൽകിയ പുതുവെള്ളത്തെ
പലവഴിയെ വിഷമയമാക്കീ
തരു നൽകിയ ജീവനവായൂ
നുകരേണ്ടോർ വിഷമയമാക്കീ

പകകൊണ്ടിതു ഭൂമിയുമപ്പോൾ
പകലോനും പകകൊണ്ടപ്പോൾ
പകകൊണ്ടിതു ഭൂമിയുമപ്പോൾ
പകലോനും പകകൊണ്ടപ്പോൾ

മാരിക്കാർ കാലംതെറ്റീ
മാരികളും പലതുണ്ടായി
തിരമുത്തിയ തീരമതെല്ലാം
തിരതന്നെ തിന്നുതുടങ്ങി

കത്തുന്നിതു ഭൂമിയുമിപ്പോൾ
മഞ്ഞുമല ഉരുകുമതിനിയും
വന്നെത്തും താപനകാലം
ആഗോള താപനകാലം

കാത്തീടാം നമ്മുടെ ഭൂമി
മാറ്റീടാം നമ്മുടെ ചെയ്തി
മാറ്റീടുമതല്ലേൽ നമ്മേ
ഓർക്കേണം സോദരരേ നാം

ജ്യോതിമോൾ ജയ്സൺ
ബി എൻ. എസ്. എസ്. ഹയർസെക്കണ്ടറി സ്കൂൾ കവിയൂർ
മല്ലപ്പള്ളി ഉപജില്ല
പത്തനംതിട്ട

# THE MAGIC OF NATURE

Really your soothing magic-
make me so energic.
In your enlarged lawns
I approached the restrictions which I owns

I feels the nightingale sonnet
Like the song of an adept poet
Thy the birds,rivers,mountains and all
has a story of a deep fall

Your soft melodious music
makes me a classic
You gave me happiness in many ways
Even through the sea waves!

If you destroy the earth would burn
And reduces to ashes in a turn
Because all are choosing only weeds
You have to lead them to choose seeds!

Millions are always praising
But no one gives you a facing
My dear mother how cute you are
But no one realise that where you are?

Your broad mind and kindness together
Is soft as a lullaby of mother
Though no one cease your magical wonder
All would be lost by a thunder!

**അനന്തകൃഷ്ണൻ**
8 B എച്ച്.എസ്.പാവുമ്പ
കരുനാഗപ്പള്ളി ഉപജില്ല
കൊല്ലം

# പ്രകൃതിയോടുള്ള എന്റെ പ്രണയം

പ്രണയിക്കാൻ എളുപ്പമാണ്..
പ്രത്യേകിച്ച് പ്രകൃതിയെ...
ചിരി വരുമ്പോൾ അവൾ ഉറക്കെ ചിരിക്കും...
കിളികളുടെ ശബ്ദത്തിൽ..
സങ്കടം വന്നാൽ കരയും
മഴയുടെ രൂപത്തിൽ...
ദേഷ്യം വരുമ്പോൾ
ഇടിയായും മിന്നലായും ശോഭിക്കും...
അവസാനം എന്റെ കണ്ണടയുമ്പോൾ
എല്ലാവരും തനിച്ചാക്കുമ്പോൾ
ഇരുകയ്യും നീട്ടി എന്നെ
അവളുടെ മാറോടു ചേർക്കും...
പണ്ടെങ്ങോ സ്നേഹിച്ചു മറന്നവരെ
ഒന്നുകൂടി കാണണമെന്ന്
തോന്നുമ്പോൾ
വീണ്ടും അവൾ എനിക്കൊരു ജന്മം കൂടി തരും...
അവളുടെ കൈവെള്ളയിൽ വേരാഴ്ന്ന് പോയൊരു
ചെമ്പക മരത്തിന്റെ പൂവായി...
സുഗന്ധമുള്ള ഒരു പൂവായി..

**പ്രാർത്ഥന പി ബി**
9 C എച്ച്.ഡി.പി.എസ്സ്.എച്ച്.എസ്സ്.എസ്സ്.എടതിരിഞ്ഞി
ഇരിഞ്ഞാലക്കുട ഉപജില്ല, തൃശ്ശൂർ

# ധരണി

സർവ്വംസഹയാം ധരണിതൻ
ഹരിതാഭയെ ഭസ്മമാക്കീടും
നരിയാം നരജന്മങ്ങൾ നാം...
എന്തിനായ് മർത്ത്യ നീ
ഭൂമിക്കു ശാപമായ്
വിങ്ങലായ് നിന്നീടുന്നു...

മാതാവാം ധരണി തന്നിൽ
നരനായ് പിറന്നിങ്ങു നീ
നരിയായ് വളർന്നിങ്ങു നീ
നീർക്കുമിളപോൽ പൊലിഞ്ഞീടുമീ
മനുഷ്യജന്മങ്ങൾ നാം

**അനുശ്രീ എം എ**
9 ഇ എച്ച്.ഡി.പി.എസ്സ്.എച്ച്.എസ്സ്.എസ്സ്.എടതിരിഞ്ഞി
ഇരിഞ്ഞാലക്കുട ഉപജില്ല, തൃശ്ശൂർ

# പരിസ്ഥിതി

നീർവീഴ്ച എന്നോ നിലച്ചുപോയി
നീരുറവ തോടും വരണ്ടുപോയി
നീന്തിത്തുടിച്ച നിറകുളങ്ങൾ
നീറുന്നൊരോർമ്മയിൽ മാത്രമായി
വറ്റാക്കിണറും വരണ്ടുണങ്ങി
ഭൂമിയുടെ മാറ് തുരന്നു നമ്മൾ
മഴപ്പെണ്ണ് പെയ്യാൻ മടിച്ചു നിൽക്കുന്നു
പുഴപ്പെണ്ണ് മെല്ലെ കിതച്ചൊതുങ്ങി
മണൽ ചുടുകാറ്റിൻ ഉഗ്രതയിൽ
മോഹം മുറിഞ്ഞെത്ര പൈങ്കിളികൾ
വഴിമര ആണലുകൾ തേടി നീളെ
വഴിമാറി പാറിപ്പറന്നു പോയി

**ആദിത്യാ പി രമേശ്**
8A എസ് എൻ ഡി പി എച്ച് എസ് എസ് കുട്ടമംഗലം
മങ്കൊമ്പ് ഉപജില്ല, ആലപ്പുഴ

# പ്രകൃതിക്കായ്

നാം നമുക്കായ് ഒരുക്കിയതാണീ വിപത്തുകൾ
നാം നമുക്കായ് തന്നെ വിതച്ചതാണീ നാശം.
എന്തിനാണീ ഭൂമിയെ, പുഴയെ, പ്രകൃതിയെ
എന്തിനിങ്ങനെ നികൃഷ്ടമാക്കി
എല്ലാം ഒരുക്കി തന്നൊരീ അമ്മയെ
എല്ലാ തരത്തിലും നാശമാക്കി.
പ്രകൃതിക്കിണങ്ങാത്ത ജീവിതം കൊണ്ടിന്നു
പ്രകൃതിയെത്തന്നെ മാറ്റി നമ്മൾ.
ഇനിയും വൈകിയിട്ടില്ല നമ്മൾ.
നമുക്കിനിയും ചെയ്യുവാനുണ്ട് ഏറെ നന്മകൾ.
പൂമരങ്ങൾ കൊണ്ട് പുളകിതയാകട്ടെ ഭൂമി.
പൂഞ്ചോലകളിൽ കുളിരു നിറയട്ടെ
പച്ച പുതച്ചു നിൽക്കട്ടെ കൃഷിയിടം.
പച്ച പിടിച്ചിടട്ടെ നമ്മൾ തൻ ജീവിതം.
മനസ്സു നിറഞ്ഞു സ്നേഹിക്കാം ഭൂമിയെ
മനസ്സിൽ നിറയട്ടെ മനുഷ്യത്വവും

**ഋഗ്വേദ സതീഷ്**
5 C എച്ച്.ഡി.പി.എസ്സ്.എച്ച്.എസ്സ്.എസ്സ്.എടതിരിഞ്ഞി
ഇരിഞ്ഞാലക്കുട ഉപജില്ല
തൃശ്ശൂർ

# 'മാ നിഷാദാ'

അങ്ങെവിടെ നിന്നോ ധ്വനി മുഴങ്ങുന്നു.... 'മാനിഷാദാ '
പുഴകളിൽ നിന്നോ മലഞ്ചെരുവുകളിൽ നിന്നോ...
വയലേലകളിൽ നിന്നോ അതോ പൂക്കളിൽ നിന്നോ......
ഒരമ്മയുടെ കരച്ചിൽ പോലെ...
മക്കൾ ചെയ്യുന്ന തെറ്റിനെ ശാസിക്കാനാവാത്ത ഒരമ്മയുടെ കരച്ചിൽ......
തിരകൾ ചോദിക്കുന്നു.....
ആ അമ്മയുടെ നെഞ്ചകം ആരോ തകർത്തിരിക്കുന്നു.....
ആ തേങ്ങൽ ഒടുക്കം മർമ്മരമായ്.....

'ഹേയ് മനുഷ്യാ ' നീ അറിയുന്നുവോ......
ആ അമ്മയുടെ വേദന.....
നിനക്ക് ജന്മം തന്ന ആ അമ്മയുടെ വേദന.....
നിന്നെ വളർത്തി വലുതാക്കിയ ആ അമ്മ.....
നീ ഓർത്തിരിക്കും.....
ആ വേദന.....
അല്ലെങ്കിൽ കാലം നിന്നെ പഠിപ്പിക്കും.....

ഇനിയെങ്കിലും നിർത്തൂ.....
'നിഷാദാ '
നിന്റെ കരങ്ങൾ ഇനി അമ്മയ്ക്ക് തലോടലാകട്ടെ...
പ്രകൃതിയെന്ന ആ അമ്മയുടെ മാറിൽ സ്വച്ഛന്ദമായി നമുക്ക് വിശ്രമിക്കാം....

**അഭിനവ് കൃഷ്ണ കെ വി**
10C എച്ച്.എസ്. രാമനാട്ടുക
കൊണ്ടോട്ടി ഉപജില്ല
മലപ്പുറം

# BACK TO LIFE

I never knew that my days would be paused,
Inside these walls so high.
Until then life never seemed so miserable.
And I lay on the bed,
Staring at the bare white walls,
Waiting for death to take me away.

Pain was squeezing out the life left inside me,
I couldn't breathe, I couldn't see.
And when all the rays of hope turned dark,
There stood by me,
The angels of real life.
The empathy in their eyes,
Were as pure as their white coats.

I felt life reviving back in me,
The pain was slowly leaving me.
The rays of hope were returning,
It pierced the darkness of the disease.
Finally, I was back again in my life's track,
Proving that this too can be survived.

**Theertha U S**
10 G, എച്.എസ്.പെരിങ്ങോട്
തൃത്താല ഉപജില്ല
പാലക്കാട്

# എൻ പ്രകൃതീ എവിടെ നീ

എൻപ്രകൃതീ എവിടെ നീ
എവിടെ നിൻ പുഞ്ചിരി
എവിടെനിൻ രമണീയത
നിൻ കുളിർക്കാറ്റിൽ തലോടെലെല്ലാം
ഞാൻ ആസ്വദിച്ച ആ കാലം
അതുകഴിഞ്ഞു, ഇനിയതുണ്ടാവുമോ....?
നീ എങ്ങോ മറഞ്ഞു
പോയതോർക്കുന്നു ഞാൻ ....നീറലോടെ
എന്തേ നിൻ പുഞ്ചിരി വിടരാത്തേ
തരില്ലേ നീ നിൻ സൗന്ദര്യത്തെ
തിരിച്ചു തരില്ലേ എൻ സന്തോഷത്തെ
ഓർക്കുന്നു ഞാൻ നിൻ പുഞ്ചിരി
സുന്ദരമാം നിൻ മലകളും മരങ്ങളും
ഓർക്കുന്നു ഞാൻ നീറ്റലോടെ
മനുജന്റെ കറുത്ത കൈകൾ ഉയർന്നപ്പോൾ അറിഞ്ഞില്ല ഞാൻ
എനിക്കു നിന്നെ നഷ്ടമാവുമെന്ന്.
നിന്നെ ഉയിർത്തെടുക്കാൻ വരും
ഞാനും എന്റെ സംഘവും

**മിഥുന,**
+1 കൊമേഴ്സ് എച്ച്.എസ്സ്.എസ്സ്,തിരുവമ്പാടി,
ആലപ്പുഴ ഉപജില്ല
ആലപ്പുഴ

# ജാഗ്രത
# (ഓട്ടൻ തുള്ളൽ )

രോഗം തന്നെ നമ്മുടെ നാട്ടിൽ
പല പല രോഗം അതി കെങ്കേമം
പല പല പനികൾ പല പല പേരിൽ
കുമിളകൾ പോലെ പൊന്തി വരുന്നു
ഡെങ്കിപ്പനിയായ് എലിപ്പനിയായ്
നിപ്പയും വന്നു
കൊറോണയുമായി
വിറങ്ങലിച്ചു നാടൊന്നാകെ
കരഞ്ഞു വിളിച്ചു മാനുഷരെല്ലാം.
എന്താവേണ്ടത് എങ്ങനെ വേണ്ടത്?
കുത്തിയിരിപ്പൂ ചിന്തയുമായി
ഒരുകാലത്ത് കൂട്ടംകൂടി
പ്രതിരോധിച്ചാ പ്രളയത്തെ നാം
ഇനി ഈ കാലം അകലം കാട്ടി
വിജയം കൊയ്യാൻ കരുതുക വേണം
നമ്മുടെ കയ്യാൽ പറ്റിയൊരബദ്ധം
ഇല്ലാതാക്കാൻ ഓർക്കുക വേണം
അത്യാഗ്രഹം വെടിഞ്ഞു നമ്മൾ
സംരക്ഷിക്കുക നമ്മുടെ പ്രകൃതിയെ
മാലിന്യങ്ങൾ കുത്തിനിറച്ച്
ശ്വാസംമുട്ടിക്കുന്നതു മാറ്റൂ
മരങ്ങൾ, പുഴകൾ, മലകൾ, കുന്നുകൾ
എല്ലാം നമ്മുടെ ജീവനു വേണം
എന്നൊരു ബോധം വന്നാൽ തന്നെ
നമ്മൾ മനുഷ്യർ പാതിജയിച്ചു
രോഗം വന്നാൽ ജാഗ്രത എന്നൊരു
ഔഷധമുണ്ട് ബാക്കി ജയിക്കാൻ
പൊരുതാം പൊരുതാം
നാളെക്കായി

കരുതാം നല്ലൊരു ഭൂമിക്കായി
ഒറ്റക്കെട്ടായ് പ്രതിരോധിക്കാം
രോഗങ്ങൾക്ക് ഗുഡ് ബൈ പറയാം

**അയന അനുരാഗ്**
4 എസ്.എൻ.വി.എൽ.പി .സ്കൂൾ, ചേപ്പറമ്പ്
ഇരിക്കൂർ ഉപജില്ല
കണ്ണൂർ

# ഓർമപ്പെടുത്തൽ

കണ്ണിൽക്കാണാ ജീവികളല്ലോ
ഉലകിൽ
കണ്ണീർക്കടലുകൾ തീർക്കുന്നു
ആ കടൽ താണ്ടി
മറുകര എത്താൻ
മനുജർ ഒറ്റക്കെട്ടായ്
പൊരുതുന്നു
നാളുകൾ മാറേ
വരും കാലത്തും
ഓർത്തിരിക്കാം ഈ സത്യം
ഒറ്റക്കല്ല ഒന്നിച്ചാണേ
ഈ പോരാട്ടത്തിൽ നാമെല്ലാം

**അർഷിത ആർ**
5 B എസ്.വി.എ.യു.പി.സ്കൂൾ ,പരിക്കളം
ഇരിക്കൂർ ഉപജില്ല
കണ്ണൂർ

# പ്രകൃതി

അമ്മയാം ഭൂമി
ദാനമായ് തന്ന
സ്വർഗ്ഗമാണല്ലോ
ഈ പ്രകൃതി...

മരങ്ങൾ മുറിക്കുന്നു
മലകൾ തകർക്കുന്നു
ഒഴുകും പുഴകളെ
മലിനമാക്കീടുന്നു.....

കാടില്ല, മലയില്ല
കുന്നില്ല മേടില്ല....
മണമുള്ള പൂവും
കിളിയുടെ പാട്ടും
പോയ് മറഞ്ഞു.....

നമ്മളാം കുട്ടികൾ
ഇനിയുള്ള ഭൂമിയുടെ
കാവൽക്കാർ ആയിടേണം....

പൂക്കളെ,കിളികളെ
മണ്ണിനെ, മരങ്ങളെ
സ്നേഹിച്ച് ലാളിച്ച്
ഭൂമിയെ നമുക്ക് സ്വർഗ്ഗമാക്കാം.....

**ഇസ്ര മരിയ**
2 A എസ്സ് എസ്സ് വി എൽ പി എസ്സ് വാടയ്ക്കൽ
ആലപ്പുഴ ഉപജില്ല
ആലപ്പുഴ

# തമസോമാ ജ്യോതിർഗമയാ

ചോര നീരാക്കിയും തന്റെ കിടാങ്ങൾ തൻ
ഓമനവദനവും കണ്ടിടാതെ
ഒന്നുമേ മൊഴിയാതെ ധനം തന്നെ ജീവിതം
എന്നൊരാ മനവുമായി നടന്നതില്ലേ ?
പോർക്കളങ്ങളിൽ തീ വാരിവിതറുവാൻ
ആയുധങ്ങൾ സ്വരൂപിച്ചതില്ലേ ?
ജീവവായുവേകി ജീവിതം നൽകിയ
ശാഖികൾ പോലും അറുത്തതില്ലേ ?
സ്വാർത്ഥമാം മനമോടെ ചുറ്റും നിറഞ്ഞൊരാ
ആനന്ദസാരത്തെ കണ്ടിടാതെ
അന്ധകാരപൂരിതമായ ലോകത്തിൽ
ഏകരായ് യാത്രയും ചെയ്തതില്ലേ ?
ലോകം വിരൽത്തുമ്പിലെന്നഹംഭാവവും
ആരുണ്ട് വിജയിപ്പാൻ മാനവരെ
എന്നുള്ള മിഥ്യയാം ചിന്തതൻ ലോകത്തിൽ
അന്ധരായി മാറിക്കഴിഞ്ഞുപോയി
ഇന്നിതാ സൂക്ഷ്മമാം അണുതൻ സമീപം
ധീരരായ് ചമഞ്ഞോരു മാനുഷജാതിയോ
കൂട്ടിലിരിപ്പാണ് ഒരുപറ്റവും
ചിലർ ജീവനുവേണ്ടി യാചിച്ചീടവേ
നേരമില്ലാതുള്ള ജീവിതപ്പാച്ചിലിൽ
നേരം തിരഞ്ഞോരു മാനവരോ
കാലചക്രം തിരഞ്ഞോടുമീ നേരത്ത്
നേരമിതിത്രയുമെന്തിനെന്നോതവേ
വിരിയുന്നിതാ ഒരുമ, സ്നേഹവും കരുതലും
സ്നേഹത്തിൻ മാധുര്യമൂറുന്നൊരമ്മതൻ
കൈപ്പുണ്യവും ഇക്കഴിഞ്ഞകാലം വരെ
ഞാനാസ്വദിച്ചുവോ ഇത്രയേറെ ?
കിളിമകൾ കൊഞ്ചുമാ ഗാനങ്ങളും
ശലഭം തൻ സുന്ദര ജീവിതവും

ആസ്വദിച്ചിട്ടുണ്ടോ ഞാനുമീലോകരും
പണ്ടുതന്നെ ഇവയുണ്ടാകിലും
ഓർക്കുക നിങ്ങളീ തത്വമെന്നും
ധനവും പ്രശസ്തിയും നശ്വരമല്ലയോ
ജഗദീശ്വരൻ തന്ന വരമാണറിയുക
ആരോഗ്യപൂർണ്ണമാം ഈ ജീവിതം.....(2)

**രഞ്ജിഷ രാജേഷ്**
9 A എസ്. വി. ജി. വി. ഹയർസെക്കണ്ടറി സ്കൂൾ കിടങ്ങന്നൂർ
ആറന്മുള ഉപജില്ല
പത്തനംതിട്ട

# അമ്മയാം പ്രകൃതി

നാളെയ്ക്കായി
ഒരു തൈ നടുന്നു നാമിന്ന്
നാളെ ഈ മണ്ണിൽ
ഒരു വസന്തോത്സവം തീർക്കാൻ.

മറയുന്ന മഴക്കാടിനെ,
മയങ്ങുന്ന പുഴകളെ
യൊക്കെ വിളിച്ചുണർത്താം.

കനിവറ്റ കാലം കരിച്ച
വർണ്ണാഭമാം ശലഭജന്മങ്ങളെ
കണ്ടെടുക്കാൻ ,
അകലെ മറഞ്ഞൊരു തുമ്പികളെ
ഓമനക്കിളികളെയൊക്കെ
തിരിച്ചുകിട്ടാൻ...

Diya.Sajan
2:A എസ്.എച്ച്.സി.എച്ച്.എസ്. അഞ്ചുതെങ്ങ്
വർക്കല ഉപജില്ല
തിരുവനന്തപുരം

# കാത്തിരിപ്പ്

കാത്തിരിക്കുന്നു ഞാനാ നല്ല നാളിന്റെവരവും കാത്ത്
മണ്ണടിഞ്ഞു പോയ ആ പഴയകാലം
പുനർജ്ജനിക്കണം പോയകാലം
അല്ല ചരക്കല്ല വിപണിയിൽ
വെച്ചൊരു വിൽപന ഭാണ്ഡമല്ലന്റെ ഭുമി...
തലമുറകൾക്കമൃതൂട്ടി ഉയിരു നൽകും
പൊതുവായ സ്വത്താണെന്റെ ഭുമി...
ഓർക്കുന്നു ഞാനീയവസ്ഥയിൽ നിന്നും
ദൈവനാടിന്റെയാ ഗ്രാമഭംഗി
ഓർക്കാതിരിക്കാൻ കഴിയില്ലെനിക്കിന്ന്
വിരഹദു:ഖത്തിന്റെ വേദനയിൽ
മകരമാസത്തിന്റെ മഞ്ഞിൽ വിരിയുന്ന
പൂക്കളെക്കാണുവാൻ എന്തു ഭംഗി
അമ്മയാം വിശ്വപ്രകൃതിയീ നമ്മൾക്ക്
നൽകിയ സൗഭാഗ്യങ്ങളെന്തെല്ലാം....
കാത്തിരിക്കുന്നു ഞാൻ ആ നല്ല നാളിന്റെ
ആഗമനത്തിനായ് മൂകനായി
ആശ്ചര്യമില്ലാതെ അങ്കലാപ്പില്ലാതെ
കാത്തിരിക്കുന്നു ഞാൻ ഏകനായി
കലപില ശബ്ദമായി നിദ്രയുണർത്തുന്ന
കിളികളെ കാണുവാൻ എന്തു ഭംഗി
കാത്തിരിക്കുന്നു ഞാനാ നല്ലനാളിന്റെ വരവും കാത്ത്
മൺമറഞ്ഞുപോയ ആ പഴയകാലം

**ആലിയ ഷാജി**
10 ആ എസ്.എച്ച്.ജി.എച്ച്.എസ്. മുതലക്കോടം
തൊടുപുഴ ഉപജില്ല
ഇടുക്കി

# മൗനയുദ്ധം

യുദ്ധം... മഹായുദ്ധം..
ലോകമഹായുദ്ധം.. മൗനയുദ്ധം..
ഇത്തിരിപ്പോന്നൊരു ഭീകരനും
എല്ലാമറിയുന്ന മാനുഷനും

ബോംബുകൾ വർഷിക്കും
പോർ വിമാനങ്ങളില്ല
തീത്തുപ്പി ഗർജിക്കും തോക്കുകളുമില്ല
കപ്പൽപ്പടയില്ല, കാലാൾപ്പടയില്ല

എല്ലാം വിരൽത്തുമ്പിലെ
ന്നഹങ്കരിച്ചീടുന്ന
മാനുഷക്കൂട്ടത്തെ  സംഹരിച്ചീടുന്ന
ഇത്തിരിപ്പോന്നൊരു ഭീകരനാം

സമയമില്ലാത്തവർക്ക് സമയമുണ്ടാക്കി
നിബിഡമാം വീഥികൾ വിജനമാക്കി
ഉത്സവത്തിരുനാളുകൾ ഇല്ലാതാക്കി
എല്ലാ നഗരവും വിജനമാക്കി

സംഹാരതാണ്ഡവമാടും കൊറോണയെ
സംഹരിച്ചീടുവാനായി നമ്മൾ
ഒന്നിച്ചുണരണം, ഒരുമിച്ചു നിൽക്കണം
ഒരുമയായ് ലോകരാജ്യങ്ങളെല്ലാം

**ഇമ ഋഷി**
8B എൽ. എഫ്. സി. എച്ച്. എസ്സ്. ഇരിങ്ങാലക്കുട
ഇരിഞ്ഞാലക്കുട ഉപജില്ല
തൃശ്ശൂർ

# THE DAYS OF QUARANTINE

The sound of silence was disturbing,
so was the days of Quarantine.
The smell of death was depressing,
and the shine of recovery was soothing.

Time was torturing with it's slow needle
Workdays always felt the calendar had only months,
and now I realised there were weeks!
More so, there were days!.

A silent dance of my phone
Oh! A message from a friend?
I had Friends?.Friendship was a sinking ship
with an 'end' in every 'friend'.

I was shut behind the darkness of my house
loneliness was creepy.
I tried to open the windows,But was closed when
the sound of a cough shook my eardrums.

It's been days, and my sense of time was almost lost
Wake Up , Eat ,Sleep and the cycle repeats.
And then, It happened. The lock-down was lifted.
Ode to joy. I can go out now.

I went out, wandered like a caveman
steel boxes was moving down the street
It took me a while to realise it was cars
and there were people like me driving it.

The 'Pandemic' was over
But then the 'Pandumbic' began.
Life was no challenging this much before.

**ഹരിപ്രസാദ്. S. V**
+2 SCIENCE എ. കെ.എം ഹയർസെക്കണ്ടറി സ്‌ക്കൂൾ കോട്ടൂർ
മലപ്പുറം ഉപജില്ല, മലപ്പുറം

# ആനുകാലിക നുറുങ്ങുകവിതകൾ

**1. ചെരുപ്പ്**

വലിച്ചെറിയാൻ
സമയമായെന്നറിയാം
മനഃപൂർവം
തേച്ചതല്ലെന്നറിയാം
കൂടെ നിന്ന് തേഞ്ഞത്
നിന്റെ തെറ്റല്ലെന്നറിയാം
അറിയാത്തതൊന്നുമാത്രം
എന്റെ തെറ്റെന്താണ്.......

**2. അമ്മ**

പാറ പൊട്ടിച്ചു
കുഞ്ഞിനെയൂട്ടുന്ന
അമ്മമാരുണ്ട്.....
പാറയിലെറിഞ്ഞു
പൊട്ടിച്ചു
കുഞ്ഞിനെ കൊല്ലുന്ന
അമ്മമാരും.......

**3. കൊറോണ തന്ന തിരിച്ചറിവ്**

ആവശ്യത്തിന്
യുദ്ധവിമാനങ്ങൾ
കയ്യിലുണ്ട് എന്നഹങ്കരിക്കുന്ന
മനുഷ്യർക്ക്.....
അവനെ രക്ഷിക്കാൻ
ആവശ്യത്തിന് വെന്റിലേറ്റർ
പോലും കയ്യിലില്ലെന്ന
തിരിച്ചറിവും നൽകുന്നുണ്ട്
വെറുമൊരു അണുവായ
കൊറോണ..........

**4. കൊറോണ വരുത്തിയ മാറ്റം**
കുഴിമന്തിയിൽ നിന്ന്
പഴങ്കഞ്ഞിയിലേക്കും
നെയ്മീനിൽ നിന്ന്
ഉണക്കമീനിലേക്കുമുള്ള ദൂരം
എത്ര ചെറുതാണെന്ന്
തിരിച്ചറിയാൻ
ഉള്ള കാലം....

**5. മതസൗഹാർദ്ദം**
ബീഫില്ലാതെ
ചോറിറങ്ങാത്തവന്റെ തോളിൽ കയ്യിട്ട്
പച്ചക്കറി മാത്രം
കഴിക്കുന്നവൻ സൗഹൃദത്തിന്റെ ഐസ്ക്രീം
പങ്കിടുന്നത് കാണണമെങ്കിൽ ഞങ്ങടെ നാട്ടിലേക്കു വാ....
മനുഷ്യരെന്താണെന്നറിഞ്ഞിട്ട് തിരിച്ചു പോകാം....

**6. ഏപ്രിൽ ഫൂൾ**
പരസ്പര വിശ്വാസമില്ലാത്ത
ഈ ലോകത്ത്
ഒരു നിമിഷനേരത്തേക്കെങ്കിലും
നിന്നെ വിശ്വസിച്ചു പോയതിനു
നീ കൊടുക്കുന്ന
ശിക്ഷയാണ്
ഏപ്രിൽ ഫൂൾ

**7. ഈസ്റ്റർ**
നിന്നെ പോലെ നിന്റെ
അയൽക്കാരനെയും
സ്നേഹിക്കുക എന്നു
പറഞ്ഞത് തന്നെയാകണം
നിന്നെ കുരിശിലേറ്റുവാൻ
അവർ കണ്ടെത്തിയ
ഏറ്റവും വലിയ കാരണം

**8. വനിതാദിനം**

അമ്മയായി
ഭാര്യയായി
പെങ്ങളായി
കാമുകിയായി
മകളായി
കൂട്ടുകാരിയായി
അവളില്ലാത്ത
ഒരൊറ്റ ദിനം പോലും
ഭൂമിയിലില്ല
എന്നറിയാത്തയാരോ
ഉണ്ടാക്കിയതാണീ
വനിതാദിനം.........

**9. വിഷു**

കണി കണ്ടുണരുമ്പോഴും
അകലങ്ങളിൽ പെട്ടുപോയ മക്കളെയോർത്ത്
പടക്കത്തേക്കാളുച്ചത്തിൽ
പൊട്ടുന്നുണ്ട്.......
കേരളത്തിന്റെ നെഞ്ച്

**പാർവതി ദാസ്. എൻ**
6 A എ.യു.പി.എസ്.മണ്ണേംകോട്
പട്ടാമ്പി ഉപജില്ല
പാലക്കാട്

# ജാഗ്രത

ചൈനയെന്ന നാട്ടിൽ നിന്നുയർന്നുവന്ന ഭീകരൻ
ലോകമാകെ ജീവിതം തകർത്തു നീങ്ങവേ
നോക്കുവിൻ ജനങ്ങളെ കേരളത്തിലാകെ
ഒന്നുചേർന്നു തീർത്തിടുന്ന കരുത്തും കരുണയും
മൂർച്ചയേറും ആയുധങ്ങളല്ല ജീവനാശ്രയം
ഒന്നു ചേർന്ന മാനസങ്ങൾതന്നെയാണെന്നോർക്കണം
കൊറോണയാൽ മരിച്ചിടാതെ കാക്കണം പരസ്പരം
കാടണഞ്ഞ കൂട്ടരോ കരുതണം ജയത്തിനായ്
നാട്ടിലാകെ ഭീതിയായ് പടർന്നതാം വസൂരിയെ
കുത്തി വയ്പ്പിലൂടെ തീർത്തുകേരളം ചരിത്രമായ്
സ്വന്തം ജീവിതം ബലികൊടുത്തു കോടി മാനുഷർ
പുതു തലമുറയ്ക്കു വേണ്ടി നേടിയ വിമോചനം
രോഗബാധിതനവന്റെ സ്നേഹമുള്ള സ്പർശനം
ജീവനാശത്തിനെന്ന് നമ്മളങ്ങു കരുതിയോ
സ്നേഹ സൗഹൃദത്തിൽ നിന്ന് പെരുമയുള്ളൊരിറ്റലി
കണ്ണുനീരിൽ വീണടിഞ്ഞ കാഴ്ച നിങ്ങൾ കണ്ടുവോ
രോഗമെന്നവസ്ഥയോ ക്രൂരമെന്നതോർക്കണം
ദിശ മറന്നു പോയിടാതെ മിഴിയുയർത്തി നോക്കണം
നോവു നേരിടാൻ കരുത്തു നേടണം പ്രതീക്ഷയിൽ
കൊറോണയെന്ന ഭീതിയെ തുരത്തുവാൻ പഠിക്കണം
നാളെയെന്നതില്ല നമ്മൾ ഇന്നുതന്നെ ഉണരണം
പോർക്കളത്തിൽ വൃത്തി ശുദ്ധി നമ്മളെ നയിക്കണം
കരുതലെന്നൊരാശ്രയം മരിക്കയില്ല ഭൂമിയിൽ
കേരളമാം കൊച്ചു സ്വർഗ്ഗം അന്നുമിന്നുമിങ്ങനെ
കരുതലെന്നൊരാശ്രയം മരിക്കയില്ല ഭൂമിയിൽ
കേരളമാം കൊച്ചുസ്വർഗ്ഗം അന്നുമിന്നുമിങ്ങനെ .

**ഉണ്ണികൃഷ്ണൻ.എ.കെ**
5 D, എൽ.എം.എസ്.എച്ച്.എസ്.എസ്. ചെമ്പൂര്
കാട്ടാക്കട ഉപജില്ല
തിരുവനന്തപുരം

# മാസ്ക്

ചിരികൾ മാസ്കുവെച്ചു മറച്ചപ്പോഴാണ്,
പ്രത്യാശ വിടരാൻ തുടങ്ങിയത്
ചേർത്തുപിടിച്ച കൈകൾ വിട്ടപ്പോഴാണ്.
ഒറ്റക്കെട്ടായതും ഒരുമ വളർന്നതും,
ദൈവത്തോടൊപ്പം മാലാഖമാരെയും പൂജിക്കണമെന്നു
പഠിച്ചതിപ്പോഴാണ്..
ലാത്തിക്കുള്ളിൽ കരുതൽ കണ്ടതും,
വീടിന്റെ ഒച്ച കേട്ടതും,
യാത്ര മറന്നതും,
അകലത്തെ സ്നേഹിച്ചതും,
ഒത്തുചേരാൻ കൊതിച്ചിട്ടാണ്.
പ്രതിരോധമാണ് പ്രതീക്ഷ.
അതിജീവനവും !

**ആർദ്ര.കെ.ആർ**
10 A എച്ച്.എസ്.പെരിങ്ങോട്
തൃത്താല ഉപജില്ല, പാലക്കാട്

# പ്രകൃതിവന്ദനം

ഉയിരിൻ നിറകുടമാം പ്രകൃതിക്കു മുന്നിൽ
ഒരു ചെറു തരിപോൽ പകച്ചുനിൽക്കേ
ആകുന്നില്ലെനിക്കുനിൻ മഹാത്മ്യമോതാൻ
എന്നാലറിയുന്നു ഞാൻ നിൻ ദേവസ്പർശം
കളകളമൊഴുകുന്നൊരുവിയിൽ പോലും
വിരിയുന്നൊരാ നിൻ പൂർണ്ണ വീചി
സൂര്യന്റെ വർണ്ണദീപ്തമാം
ശബളിത തെളിയുന്ന നിന്റെ പുഞ്ചിരി
പൂവിൽ നിറയും മധു കണക്കെ
നീയെന്നിൽ ചൊരിയുന്നൊരീ സ്നേഹഹർഷം
നമിക്കുന്നു നിന്നെ ഞാൻ കൃതാർഥയായി.

**പവിത്ര വി എസ്**
8 B കാർഡിനൽ എച്ച് എസ് തൃക്കാക്കര
ആലുവ ഉപജില്ല, എറണാകുളം

# മഹാമാരിയിൽനിന്ന്

ഇനിയും അണഞ്ഞിട്ടില്ല നാം അണയുകില്ല
പൊരുതുക തന്നെ ചെയ്യും നാം
മാനവഹൃത്തിനുൾത്തുടിപ്പിനു സാക്ഷിയായി
അവധിക്കാലം പെയ്തൊഴിയാതെ
പ്രതീക്ഷയുടെ സ്പർശം മുങ്ങിയണയുന്നു
അഗ്നിവാൽ പുൽകിയ മഹാമാരി
നോവിൻ കാരിരുമ്പാണി ആഴ്ത്തുന്നു
ഹൃത്തടത്തിൽ ഇരച്ചുപൊന്തിയ പെരുംമാളുകൾ
പടുത്തുയർത്തിയ മണിഗോപുരങ്ങൾ
മണ്ണിൽ നാഭീതടങ്ങൾ പൊട്ടിപ്പിളർന്നു
മഹാമാരി മലർത്തിയടിച്ചു സംഹാരിണിയായി
ജന്മഭൂമി കേഴുന്നു, സൂര്യനിരുളിൽ മറയുന്നു
ആർത്തനാദമുയരുന്നു കർണപുടങ്ങളിൽ
ദുരിതപാശം ചുറ്റി വരിഞ്ഞൊരു, പൊൻപുലരിയണഞ്ഞു ,
പൊൻവെയിൽ നാളവും ഒളിച്ചു മേഘജാലങ്ങളിൽ
കൊറോണ തകർത്തൊരീ നാടിനെ
പടുത്തുയർത്താൻ സഹസ്രകോടികൾ, നെട്ടോട്ടമോടുന്നു
പിഴക്കാത്ത ചുവടുറപ്പോടെ
നെഞ്ചിടിപ്പിന്റെ കരുത്തുമായി
കടലാഴങ്ങൾ വീശിയെറിഞ്ഞ വിപത്താം
കോവിഡ് വൈറസ്
മർത്ത്യന്റെ ചുടുനിണം നീന്തിക്കടന്നുപോയി
മറ്റൊരുഷസ്സുണർന്നിവിടെ
പൊൻപുലരിയായി
കാലത്തിൻ വിധി കാർന്നു കൊല്ലുന്നുയിരിനെ
പ്രാർത്ഥനയോടെ ഞാൻ വേദനിക്കുന്നവർക്കായി
ചങ്കുറപ്പിന്റെ നറുതിരിവെട്ടം തെളിക്കുന്നു
നല്ലൊരു നാളേയ്ക്കായി....

**സനീഷ് S S**
10B എൽ.എം.എസ്.എച്ച്.എസ്.എസ്. ചെമ്പൂര്
കാട്ടാക്കട ഉപജില്ല
തിരുവനന്തപുരം

# ഭൂവിൻ വിലാപം

മനോഹരിയാം ഭൂവിന്ന് തേങ്ങുന്നു.
ഒരിറ്റു ദാഹനീരിനായ്
വിണ്ടുകീറുന്നതവളുടെ മടിത്തട്ടുകൾ
മങ്ങലേൽക്കുന്നതവളുടെ ചന്തമേറും മേനിയിൽ
പുതപ്പായ അവളുടാവരണമിന്നൊരരിപ്പയാകുന്നു
കരഞ്ഞവളുടെ കണ്ണീർ വറ്റി
എന്താണിങ്ങനെ എന്തിനീ ഗതി
ദിനം തോറും ഉരുകുന്നവളുടെ
നിമ്നോന്നത ഹിമപാളികൾ
എന്തിനിവൾക്കിന്നീ ദുർവിധി
മനുഷ്യത്വമില്ലാ മനുഷ്യന്റെ ചെയ്തികളാൽ
ഇന്നവൾ വിലപിക്കുന്നു മൂകയായ്
കുന്നും മലയും ഇടിച്ചവളുടെ മടിത്തട്ടുകൾ
നിരത്തിപ്പണിയുന്നു കൂറ്റൻ മണിമാളികകൾ.
പുകതുപ്പും വാഹനങ്ങൾ ചീറിപ്പായുന്നു
ഇന്നങ്ങോളമിങ്ങോളം കണക്കില്ലാതെ
ചൂഷണം ചെയ്യുന്നവളുടെ ജലസ്രോതസുകൾ
വിഷമയമാം ശീതളപാനീയ നിർമിതിക്കായ്
മാനുഷ ചെയ്തികളാലവൾ വെന്തു നീറുന്നു.
എന്നിട്ടും നാം ശപിക്കുന്നവളെ
സഹിക്കാനാവില്ലീ ചൂട്, മഴയില്ല മഞ്ഞില്ല
എന്താണീ പ്രകൃതി ഇങ്ങനെ
എല്ലാം സഹിക്കുന്നവൾ മൂകയായ്
നമുക്ക് മാത്രമായ് നമ്മുടെ നന്മയ്ക്കായ്.

**അക്ഷയ എസ്**
3 C എൽ എം എസ് എൽ പി എസ് അമരവിള
നെയ്യാറ്റിൻകര ഉപജില്ല
തിരുവനന്തപുരം

# കറുത്ത ദിനങ്ങൾ

കൊഴിഞ്ഞു ഇരുപത്തൊന്നു ദിനരാത്രങ്ങൾ
നിർവചിക്കാനാവാത്ത വികാരത്തോടെ
രോദനത്തിന്റെ, ഭീതിയുടെ ദിനങ്ങൾ
ഇനിയും ആർത്തി തീരാതെ....

മാസ്കിനാൽ മറയ്ക്കപ്പെട്ട പാതി മുഖങ്ങൾ
വെളിവാക്കുന്നു ഒരു യാഥാർത്ഥ്യത്തെ
ചിത്തത്തിൽ വാളേന്തി
പുറമെ ചിരിക്കുന്നു നമ്മൾ

എന്തിനായിരുന്നു ഈ അടയ്ക്കപ്പടൽ
ജീവനുവേണ്ടിയുള്ള കൊതിയോ ?
ജീവവായുവിനായി പിടയുന്ന ജന്മങ്ങൾ
യുദ്ധക്കളത്തിലായി ഭിഷഗ്വരന്മാരും മാലാഖമാരും

ഞാൻ കൂട്ടിലടയ്ക്കപ്പെട്ടെങ്കിലും
കിളികൾ ചരിക്കുന്നു സ്വാതന്ത്ര്യത്തോടെ
ആരുടെ കർമ്മഫലമീ ദുരിതങ്ങൾ
മർത്യാ ..അതു നിന്റേതു തന്നെയല്ലേ

അരുതരുതിനിയും ചതിയും വഞ്ചനയും
കുററമില്ലാത്ത നിണം ചൊരിയലും
വരാതിരിക്കട്ടെ കറുത്തദിനങ്ങൾ
ലോകത്തിനു വെളിച്ചം പകരുന്നവരാകൂ.

**ആദിത്യ ജയപ്രകാശ്**
7 F ഐ എച്ച്ഇപിജിഎച്ച്എസ്സ് കുളമാവ്
അറക്കുളം ഉപജില്ല
തൊടുപുഴ

# THE CORONA CAROL

We tread along the shady meads
To defeat the men of endless greeds,
To lock them down and stop their deeds,
To sow new seeds and wipe out the weeds.

Our forebears came once with an oud,
But the men killed them with immense proud.
Now came we, the mutant crowd
To see the men below the shroud

Eirene is now awake, peace all around.
Streets are calm, sans displeasing sound.
Beasts are free,some lost and found.
And the men are scared to go beyond the bound.

Bodies are piled up, like the wastes, in pits.
Neither rich nor poor can escape from it.
We've come to you with monstrous spirit
To let you down and to kill your grit.

The doors are shut, with mute despair.
World with new eyes prays for care.
Fights and wars seen nowhere
Times like this, come very rare.

Eyes of men, now pleads to me
But not as such born were we
This ogre was made by thee
Thus we'll go nowhere unless you flee.

**പാർഷതി എസ് മോഹൻ**
12 A കൂത്തുപറമ്പ് ഹൈസ്കൂൾ
കൂത്തുപറമ്പ് ഉപജില്ല
കണ്ണൂർ

# പ്രകൃതി ഒരു അകംകവിത

അകത്ത് ഞാനും
പുറത്ത് നീയും
എന്നായിരുന്നു ഇതുവരെ
കാറ്റ് മഴ വെയിൽ മഞ്ഞ് മരം
എല്ലാറ്റിനെയും ഞാൻ അകവാതിലടച്ച്
പുറത്തു നിർത്തി
മഹാമാരിയുടെ യുദ്ധത്തടവുകാരനായി
പിടിക്കപ്പെട്ട വിചാരണ വേളയിൽ,
എന്തദ്ഭുതം വീടിന്റെ അകവാതിൽ തുറന്ന്
കാറ്റ്, മഴ, വെയിൽ, പൂവ്, ശലഭം, പുഴ
എന്നെ അകത്തേക്ക് ക്ഷണിക്കുന്നു.

**ഫഹദ് എം**
പ്ലസ് വൺ ഹ്യുമാനിറ്റീസ് ഗവ.ഡി വി എച്ച് എസ് എസ്, ചാരമംഗലം
ചേർത്തല ഉപജില്ല
ആലപ്പുഴ

# മഴ മഴ

ഓലത്തുമ്പിൽ ഊഞ്ഞാലാടി
നൃത്തം വച്ചു വരുന്നു മഴ
വീടിനുമുകളിൽ താളം കൊട്ടി
ചാടിച്ചാടി വരുന്ന മഴ
അങ്ങനെയിങ്ങനെ വന്നൊരു മഴയിൽ
ആകെ നനഞ്ഞു കുളിച്ചു ഞാൻ
ഇങ്ങനെയിങ്ങനെ മഴ വന്നീടുകിൽ
എങ്ങനെ കളിക്കാൻ പോകും ഞാൻ

**ഗ്രീഷ്മാ കെ പ്രസാദ്**
2 F ഗവ.ന്യൂ.എൽ.പി.സ്കൂൾ പുലിയന്നൂർ
പാലാ ഉപജില്ല
കോട്ടയം

# ഭൂമിയിലെ മാലാഖ

തലയിൽ വെള്ളക്കപ്പുണ്ട്
വെളുത്ത പുത്തനുടുപ്പുണ്ട്
ചുണ്ടിൽ നല്ലൊരു ചിരിയുണ്ട്
വെള്ളപ്രാവിൻ ഗമയുണ്ട്
ഇതാണ് നമ്മുടെ നഴ്സമ്മ
വേദന തിന്നും രോഗികളെ
ശുശ്രൂഷിക്കും നഴ്സമ്മ
രാവും പകലും നമ്മൾക്കായ്
സേവനമേകും നഴ്സമ്മ

**അക്ഷയ പി ആർ**
1 A ഗവ യു പി എസ്സ് വഞ്ചിയൂർ
കിളിമാനൂർ ഉപജില്ല
തിരുവനന്തപുരം

# പൂവേ പൂവേ

പൂവേ പൂവേ , നീ വാടുമ്പോൾ
മഴയെച്ചെന്നു വിളിക്കാം ഞാൻ
മഴ പെയ്യുമ്പോൾ മുഴുവൻ നീയാ
മഴവെള്ളത്തിൽ കുളിരട്ടെ.
പാറിത്തളരും പൂമ്പാറ്റയ്ക്കായ്
പൂക്കളെ മെല്ലെയുണർത്താം ഞാൻ.
പൂവിലിരുന്നവൾ പതിയെ കാറ്റായ്
പൂന്തേൻ മധുരം നുകരട്ടെ.

**ഷഫ്ന ഫാത്തിമ.** M.S
1 B ഗവ.എൽ.പി.എസ്സ്.അരുവിക്കര
നെടുമങ്ങാട് ഉപജില്ല
തിരുവനന്തപുരം

# അതിജീവനം

മൂവുലകാകെയടക്കി ഭരിക്കാൻ,
മുമ്പൻ ഞാനേ 'മാനവനായ്'
നൂറു പതിറ്റാണ്ടെനിക്കുമെന്റെ,
പാരിനുമധിപൻ 'ഞാൻ'മാത്രം!

വെട്ടിയറുത്തും, മാറുപിളർന്നും,
തീ തുപ്പിച്ചും, ജനനിയെ നീ,
പച്ചഞരമ്പിലെ ഇത്തിരി രക്തവു
മൂറ്റിയെടുത്തൂ കലിയോടെ.

പിറന്ന മണ്ണിനെ മറയാക്കി
പടുത്തുയർത്തി മാളികകൾ.
പാതവരമ്പും കൈത്തോടും,
പഴങ്കഥപാടും പാട്ടായി.

കാലം തോറ്റു കൊടുത്തില്ല,
കലികാലം വരവായ് പടക്കൂട്ടാൻ.
ഇത്തിരി ദാഹജലത്തിനുപോലും,
തെളിനീരില്ലാ, തേങ്ങലുകൾ!

നീലിമ മറയും നീലാകാശവും,
കാളിയ വിഷമായ് അലകടലും,
കാദരമിഴിയായ് കാട്ടാറും,
കാലം തെറ്റിയ വർഷത്തു

കാലക്കാറ്റിൽ കലിതുള്ളി,
കാഹളമൂതി ,മാരിമഴ,
പ്രളയജലപ്പെരുവയറാലമ്മ
പലതും വെട്ടിയകത്താക്കി.

ഇത്തിരി പ്രാണനു വേണ്ടി നാം,
കരഞ്ഞു കൈകൾ നീട്ടിയ നാൾ,

ഒരൊറ്റ ജാതിയിലൊരുമതമായ്
ഓങ്കാരപ്പൊരുൾ തേടീ നാം!

അന്നു പഠിച്ചൊരു പ്രകൃതീപാഠം
പ്രപഞ്ചകോടിയിലുണരട്ടെ,
പ്രപഞ്ചമെന്നൊരു പാരാവാരാ
പ്രഹേളികയിൽ നാം അണു മാത്രം!

മാനവകുലമൊരു മതമായി,
സകലചരാചര പരമായി,
പാരസ്പര്യപ്പൊരുളായി,
പാരിലൊരണുവായ് മാറീടാം.

**ശോണിമ വാസൻ**
10 C ജി.എച്ച്.എസ്.എസ്.ആനപ്പാറ
സ!ുൽത്താൻ ബത്തേരി ഉപജില്ല, വയനാട്

# നിറമുള്ള നന്മകൾ

വാ വാ എന്റെ കൂട്ടരേ
വീട്ടിലിരിക്കും കൂട്ടരേ

ഒരു ചെടി നട്ടു നനച്ചീടാം
പരിപാലിച്ചു വളർത്തീടാം

പുഴയും കിണറും വറ്റാതെ
കാടും മലയും നിലനിർത്താം

കിളികൾക്കൊരുതരി ജലമേകാം
മാലിന്യങ്ങൾ പെരുകാതെ
പരിസരമെല്ലാം ശുചിയാക്കാം
നമ്മുടെ ഭൂമിയെ രക്ഷിക്കാം

**ഐറിൻ ബിനു**
3 എ ഗവണ്മെന്റ് എൽ പി സ്കൂൾ മേവട
കൊഴുവനാൽ ഉപജില്ല, കോട്ടയം

# കോവിഡ് 19

ഉണക്കമീനിത്ര രുചിയെന്നറിഞ്ഞത്
പച്ചമീൻ കിട്ടാത്ത കാലത്തല്ലോ.
ചക്കക്കുരുവിൻ മഹത്വമറിഞ്ഞത്
പച്ചക്കറിക്ക് തീവിലയായപ്പോഴല്ലോ

കുറുവരിക്കഞ്ഞിയും തേങ്ങാച്ചമ്മന്തിയും
കുഴിമന്തിയേക്കാൾ സ്വാദോടെ തിന്നുന്നു.
കോവിഡ് കാലത്ത് വീട്ടിലിരിക്കുമ്പോൾ
കുട്ടിക്കാലത്തെ ഓർമ തികട്ടുന്നു.

വീട്ടിലെ ഭാരിച്ച ജോലികൾ കണ്ടപ്പോൾ
വീട്ടുകാരിയുടെ കഷ്ടത കാണുന്നു.
ടെക്സ്റ്റൈൽസിൽ തള്ളില്ല
മാർക്കറ്റിലാളില്ല , റോഡിൽ തിരക്കില്ല
ഫ്ളഡ്ലൈറ്റിൽ കളിയുമില്ല.

**അസ്ന വി**
8 എ ഗവ ഹൈസ്കൂൾ റിപ്പൺ
വൈത്തിരി ഉപജില്ല
വയനാട്

# കൊറോണ

പിറന്നവൾ പീതാംഗനകളുടെ നാട്ടിൽ
വളർന്നവൾ വൈരിയായ്
കവർന്നവൾ കരുണയേതുമില്ലാതെ
കുരുന്നുകൾ കുഞ്ഞു പൂമൊട്ടുകൾ
നിനയ്ക്കാതെ തെല്ലുമിട നൽകാതെ
കൊഴിഞ്ഞു പോയി ബാല്യങ്ങൾ
കൗമാരങ്ങൾ യൗവനങ്ങൾ
വയോജന സഞ്ചയവനിയിൽ
കനിവേതുമില്ലാതെ കാപാലിക
കവർന്നു കമനീയ ജീവിതങ്ങൾ
കടക്കൂ പുറത്ത് കൽപിച്ചു കൈരളി
കവരുവാനനുവാദമില്ല നിനക്ക്
കരുണ വറ്റാത്ത കേദാരനാടാം
കാഞ്ചന കോമള കേരള ഭൂവിതിൽ

**സുദീപ് എസ് ബ്രൈറ്റ്**
6 B ഗവ.യു.പി.എസ് നെല്ലിക്കാക്കുഴി
നെയ്യാറ്റിൻകര ഉപജില്ല
തിരുവനന്തപുരം

# RETURN OF NATURE

A bird from far came to a town
No one was there because it was locked down
The bird flapped wings to explore the place
At least to see anyone's face
The street which was dirty before
Is now clean and ready to explore
The air is fresh
And in lakes we can see the reflection of mesh
The grass is green and the sky is blue
No one is out for any argue
Factories are closed
And beauty of nature is exposed
The trees shed their leaves in summer
And the water in the waterfalls shimmer
All humans are in their home
Praying and having good hope
All animals enjoy nature around
And wonders about the magic of creator
The bird felt it funny,that man can't enjoy nature
And feel the return of nature

**ദേവനന്ദന ആർ**
8J ജി വി എച്ച്എസ്സ് എസ്സ് കടയ്ക്കൽ
ചടയമംഗലം ഉപജില്ല
കൊല്ലം

# കൊറോണ

കൊറോണയെന്നൊരു ഗുരുനാഥനിന്ന്
നമ്മെപഠിപ്പിച്ച ബാലപാഠം
ജാതിയും മതവും വർണ്ണങ്ങളുമില്ല
മാനവനൊന്നെന്ന ആപ്തവാക്യം

പണ്ഡിതനെന്നില്ല പാമരനെന്നില്ല
മാനവസൃഷ്ടിയതൊന്നുമാത്രം
കെട്ടുകളാക്കി നാം പെട്ടിയിലാക്കിയ
നോട്ടുകെട്ടുകൾ വെറും പേപ്പറായി

ചായംപൂശിയ ചെഞ്ചുണ്ടിൻ പുഞ്ചിരി
മാസ്ക്കെന്ന ബാനറിൻ മറകെട്ടുന്നു
അലറിക്കുതിച്ചൊരാ ഇരുചക്രവാഹനം
കോറന്റൈൻ ആയിട്ട് മാസമൊന്ന്

ചിത്രശലഭംപോൽ സ്ക്കൂളിൽ പാറേണ്ട
പൂമ്പാറ്റകൾ കൂട്ടിനകത്താകുന്നു
രാവും പകലും പേടിപ്പെടുത്തുന്നു
ഡെറ്റോൾ മണക്കും പ്രഭാത സദ്യ

തൊടിയിലും പാടത്തും പാറിക്കളിയ്ക്കുന്ന
കിളികൾക്കുപോലും പേടിയത്രേ
കോലായിൽ വീഴുന്ന വേനൽ മഴയ്ക്കും
പേടിപ്പെടുത്തുന്ന ശബ്ദമാണ്

വാഴയിലയുടെ കൊമ്പിലിരുന്നിന്ന്
വിരുന്നറിയിയ്ക്കുവാൻ കാക്കയില്ല
നാട്ടുവഴികളും നാട്ടുകൂട്ടങ്ങളും
പൊട്ടിച്ചിരികളും ഓർമ്മമാത്രം

ഉറങ്ങാനെനിയ്ക്കിന്നു പേടിയാവുന്നു
സ്വപ്നങ്ങളിൽപ്പോലും മരണം മണക്കുന്നു
ഉണർന്നിരിയ്ക്കാനും പേടിയാവുന്നു
മറഞ്ഞിരിയ്ക്കുന്നത് മരണമത്രേ

കാറ്റിനും വെയിലിനും വിടരുന്നപൂവിനും
മരണഗന്ധത്തിന്റെ മർമ്മരങ്ങൾ
എങ്കിലും ഞാനിന്നാഗ്രഹിച്ചീടുന്നു
ഒരു പുതുലോക പുലരിയുണ്ടാവാൻ

നാളെ പുലരിയിൽ സൂര്യനുദിയ്ക്കുമ്പോൾ
ആ കിരണത്തിന്റെ വെള്ളി വെളിച്ചത്തിൽ
ആ വെളിച്ചത്തിൻ ശീതളഛായയിൽ
ഒരു കനകാംബരം നമുക്കായ് വിടരും.

**ആലിയ എസ്സ് എസ്സ്**
8K ജി വി എച്ച് എസ്സ് എസ്സ്കടയ്ക്കൽ
ചടയമംഗലം ഉപജില്ല
കൊല്ലം

# നയനം മനോഹരം

നയനമുള്ളോർക്കല് പമെങ്കിലുമറിയുമോ
നയനമില്ലാത്തോർ തന്നുടെ നൊമ്പരം
നിറങ്ങളും പുഴകളും പൂക്കളും പ്രകൃതിയും
നിറയുന്ന ഭംഗിയെ കാണുന്ന നേത്രങ്ങൾ

വിലയൊട്ടുമില്ലെന്നു നാം ധരിക്കുമ്പോഴും
വിലയിടാനാവാത്ത വിലയാണീക്കണ്ണിന്
വലിയതും ചെറിയതുമായതെല്ലാറ്റിനേം
വിലയുള്ളതാക്കുന്നു കാഴ്ചതൻ മന്ത്രത്താൽ

കാണുന്ന സത്യങ്ങൾ കാണാത്ത രീതിയിൽ
കണ്ണടച്ചോടുന്ന മാനവചിത്രങ്ങൾ
കണ്ണിനു നന്നായി കാഴ്ചയുണ്ടാകിലും
കാഴ്ചയില്ലാത്തവർക്കൊത്തതാം ജീവിതം

ഭൂമി തൻ ഭംഗിയെയാവോളം ദർശിച്ച്
ഭൂമി വിട്ടോടുന്ന കാലമെത്തുമ്പൊഴോ
ഭൂമിയെ കാണുവാനക്ഷികളില്ലാത്ത
ഭ്രാതാക്കൾക്കായ് നമ്മൾ നയനങ്ങൾ നൽകുമോ

ദർശിക്കുമീയക്ഷിയാലിന്നു നാം
ദർശന സാഫല്യം നൽകുമീ നേത്രം
ദൈവകരുണയാൽ ലഭ്യമായ് ഇന്നിതാ
ദൈവദാനമാം നയനം മനോഹരം

**ഷൈനോ ഹന്നാ ചാക്കോ**
9A ഗവ.ഹൈസ്കൂൾ.കല്ലൂപ്പാറ,
മല്ലപ്പള്ളി ഉപജില്ല
പത്തനംതിട്ട

# പേപ്പർ പേനകൾ

മൂകമാം വിനാഴികകൾ
കടലുകളിൽ മുങ്ങി
തീർത്തും അശാന്തമായ്
മാറിയിരിക്കുന്നു
അസ്തമന സൂര്യന്റെ
സിന്ദൂരവർണ്ണങ്ങൾ
കടലിന്റെ മക്കൾക്ക്
വാരി കൊടുക്കുന്നു
കടലിന്റെ കയ്യുകൾ
കാറ്റിനെ വെട്ടിച്ച്
ഒരു കുഞ്ഞു ചുംബനമായ്
എന്നെ തഴുകുമ്പോൾ
സ്നേഹമോ,കരുതലോ,
വാത്സല്യമോ എന്തോ
എന്റെ പാദങ്ങളെ
ഈർപ്പമണിയിക്കുന്നു
പെട്ടെന്ന് കാലിന്റെ
വിരലുകൾക്കിടയിലായ്
തൊട്ടു തൊട്ടെന്തോരു
വസ്തു തന്നെയത്
പാമ്പെന്നു കരുതി ഞാൻ
പാദമെടുത്തപ്പോൾ
പാമ്പല്ല പാമ്പല്ല
പാമ്പിനെ വെല്ലുന്ന വീരനത്
എൻപ്രിയ പാവന ഭൂമിയെ
കൊല്ലുന്ന പാടവമുള്ളതാം
പാരിനെ ആകെ ഭരിക്കുന്നതാം
പോളിമറിൽ തീർത്ത കീടങ്ങളാണവ
നിശ്വാസ വായുവിൻ
അലകളിലൂടെന്നെ
കടലിന്റെ ദുഃഖങ്ങൾ
വാരിപ്പുണർന്നപ്പോൾ

വറ്റിവരണ്ടുള്ള കാട്ടാറ്
കണ്ടു ഞാൻ
പ്രാണനായ് പിടയുന്ന
കിളികളെ കണ്ടു ഞാൻ
        ചോര മണക്കുന്ന
        കാടുകൾ കണ്ടു ഞാൻ
        പെയ്യാത്ത മഴയുടെ
        സംഗീതം കേട്ടു ഞാൻ
ഭൂമിതന്നസ്ഥി കൂടങ്ങളും
തൊട്ടു ഞാൻ
ഒടുവിലായ് ഞാനടങ്ങുന്ന
മനുഷ്യന്റെ ഗാത്രങ്ങളറ്റു കിടക്കുന്നതും
കണ്ടു ഞാൻ
        ഒടുവിലായേറ്റവുമൊടുവിലായ്
        കണ്ടു ഞാൻ, തൊട്ടു ഞാൻ
        കയ്യിൽ പിടിച്ചു ഞാൻ
        വിത്ത് നിറച്ചുള്ള പേപ്പറിൻ
        പേനകൾ.

**ഫാത്തിമത്ത് ഷബീബ കെ പി**
10 ഗവ.എച്ച് .എസ്.എസ്.ആറളം
ഇരിട്ടി ഉപജില്ല, കണ്ണൂർ

# പനിനീർപ്പൂവ്

പനിനീർപ്പൂവ്
മുറ്റത്തു ഞാൻ നട്ട പനിനീർച്ചെടി
നല്ല തഴപ്പുള്ള പനിനീർച്ചെടി
വെള്ളമൊഴിച്ചു ഞാൻ വളവുമിട്ടു
അവളോ വളർന്നങ്ങു പൂവണിഞ്ഞു.
എന്തു സുഗന്ധമീ മുറ്റത്തെങ്ങും
എന്തൊരു നല്ല നിറപ്പകിട്ട്
പാട്ടുകൾ പാടി വിരുന്നിനെത്തി
ശലഭവും തുമ്പിയും വണ്ടത്താനും
പനിനീർച്ചെടിയുടെ ചുറ്റിലായി
പാറിപ്പറന്നവരുല്ലസിച്ചു
എന്റെ മനസിലും പൂ വിരിഞ്ഞു
ആയിരം പനിനീർപ്പൂ നിറഞ്ഞു

**ദേവനന്ദ എസ്. എസ്.**
2 F ഗവ. എൽ.പി.എസ്. കോരാണി
കണിയാപുരം ഉപജില്ല, തിരുവനന്തപുരം

# പ്രകൃതി

ഒരുമരം പെരുവഴിയിൽ നില്ക്കുന്നു
എരിവെയിലത്തു തണല് നൽകുന്നു
പരിസരമാകെ കുളിർ പകരുന്നു
വരുന്നവർക്കതു കുട നിവർത്തുന്നു
മരങ്ങൾ മണ്ണിന്റെ വരങ്ങളല്ലയോ
മരത്തിൻ ചില്ലയിൽ കിളികൾ പാടുന്നു
മനുഷ്യനന്മതൽ നിറങ്ങളാടുന്നു
പ്രകൃതിയാമമ്മ വളർത്തുന്നു സൂര്യ-
പ്രകാശമുണ്ട് വളരുന്നു
മഴത്തണുപ്പിൽ നന്നായി
കളിക്കുന്നു നമ്മെ
തഴുകുവാൻ തണൽക്കരങ്ങൾ നീട്ടുന്നു
ഒരു മരത്തിന്റെ ചുവട്ടിൽ ധ്യാനമാർന്നിരുന്ന
കാട്ടാളൻ കവീശ്വരനായി
ഒരു മരച്ചോട്ടിലിരുന്നു സിദ്ധാർത്ഥൻ
സ്വയം മറന്നപ്പോൾ മുനീശ്വരനായി
തിരിച്ചങ്ങോട്ടൊന്നും കൊടുത്തില്ലെങ്കിലും
മരത്തിനു സ്നേഹം മനുഷ്യരോടെന്നും
മനുഷ്യർക്കോ നേരേ മറിച്ചും ആകയാൽ
മഹത്ത്വമെപ്പോഴും മരങ്ങൾക്കല്ലയോ
മരങ്ങൾ നൽകുന്നു വരങ്ങൾ ജീവനു
നിറങ്ങൾ സ്വാദെഴും ഫലങ്ങൾ ശാന്തിയും
ഒരു മരം വീണാൽ മരിക്കുന്നു കഷ്ട-
മൊരു കുഗ്രാമവും തലമുറകളും

**ആകർശ് . L.S**
3 A ഗവ.എൽ.പി.എസ് മൺവിള
കണിയാപുരം ഉപജില്ല
തിരുവനന്തപുരം

# സുന്ദരഭൂമിക്കായ്

ഇവിടെയൊരു ഗ്രാമമുണ്ടായിരുന്നു.
കുന്നുകൾക്കപ്പുറം വയലുകൾക്കപ്പുറം
ഒരു പുഴയുമുണ്ടായിരുന്നു.
കുന്നെങ്ങു പോയ് കുന്നിമണിയോളവും
ശേഷിച്ചതില്ലിന്നു കുന്നെങ്ങു പോയ്
വിതയില്ല കൊയ്ത്തില്ല
തരിശു പാടങ്ങളിൽ
നിറയെ സൗധങ്ങൾ വിളഞ്ഞു നിൽപ്പൂ .
പുഴയെങ്ങുപോയ് തെളിനീരിൽ ആറാടും
ചെറുമീനും തവളകളുമെങ്ങുപോയ്
കുന്നില്ല വയലില്ല പുഴയില്ല
ഗ്രാമമില്ല
ഒന്നുമില്ലല്ലോ നമുക്ക് ബാക്കി
ഒന്നുമില്ലല്ലോ നമുക്ക് ബാക്കി
മഴയില്ല കുളിരില്ല പൂവിളിപ്പാട്ടില്ല
പൂന്തേൻ മധുരമില്ല ഒന്നുമില്ല
ഒന്നുമില്ലല്ലോ നമുക്ക് ബാക്കി

**ശരൺ. M.S**
2 A ഗവ.എൽ.പി.എസ് മൺവിള
കണിയാപുരം ഉപജില്ല
തിരുവനന്തപുരം

# ഏകാന്തവാസം

ജാലകപ്പഴുതിലൂടെത്തി നോക്കി ഞാൻ
കാറ്റിൻ കിലുക്കങ്ങൾ കേട്ടിരുന്നു.
കൈകളിൽ വന്നിരുന്നൊറ്റയ്ക്ക് പാടുന്ന
കുഞ്ഞിക്കുരുവി തൻ തേൻ നുണഞ്ഞു.
അങ്കണക്കോണിലെ തൈമാവിൻ കൊമ്പത്ത്
ആടിക്കിടക്കുന്ന നാട്ടുമാങ്ങ
ആരാരുമാരാരും കൂട്ടിനില്ലാതെ
കണ്ണെത്താദൂരത്ത് നോക്കി നിന്നു.
സൂര്യനുരുക്കിയ മഞ്ഞുതുള്ളി
താഴെ വീണുടഞ്ഞതു കാൺകയായി..
പൂക്കളിൽ വർണ്ണക്കിരീടമായി മാറിയോർ
താഴേക്ക് താഴേക്ക് വീണുടഞ്ഞു
ചിത്രം വരഞ്ഞ ചിറകുകളാൽ
പൂക്കളിൽ തങ്ങിടും പൂമ്പാറ്റകൾ
പുല്ലാങ്കുഴൽ നാദം കേട്ടുവോ
കണ്ണാടിക്കണ്ണുള്ള പൂത്തുമ്പികൾ
തെങ്ങിൻ ചോലയിലാടിക്കളിച്ചിട്ട്
മുളക്കൊമ്പിൽ ചാടുന്ന കുഞ്ഞനണ്ണാൻ
പൊയ്കയിൽ ഏകാന്തവാസം കഴിഞ്ഞിട്ട്
പുറത്തേക്ക് ചാടും തവളകളും
നെന്മണി തോളിൽ മുറുകെ ചുമന്നിട്ട്
വരിവരിയായി പോകുന്നതാ
ഇലകൾക്കുമിടയിലൂടവിടേയ്ക്ക് നീങ്ങുന്ന
കുഞ്ഞനുറുമ്പുകൾ കാൺകയായി
ആശുപത്രിക്കിടക്കയിലെ കാഴ്ചകൾ
എന്റെ മനസ്സിൽ വരഞ്ഞിടുന്നു....
മുറിയിലെ നാലു ചുവരിനുള്ളിൽ
പേനയും പേപ്പറും ഞാനുമായി
വെള്ള ഉടുപ്പിട്ട മാലാഖമാർ
ഇടയ്ക്കിടെ വന്നെന്നെ നോക്കി നിന്നു.
ഏകാന്തമായൊരു കാറ്റിന്റെ കൂടെ

ആടികിടക്കുന്നു ഊഞ്ഞാലുകൾ
സൂര്യന്റെ താപം ഉയർന്നു വന്നു
ഒച്ചയനക്കങ്ങൾ കേട്ടു വന്നു
കത്തിയെരിയുന്ന തീക്കനൽ പോലുള്ള
രശ്മികൾ കൈകളിൽ വന്നു തട്ടി.
വാതിലിൽ കൈമുട്ടുന്നൊരച്ച കേട്ടു
വാതിൽ തുറന്നാരോ വന്നു നോക്കി
അതെൻ അമ്മയാണെന്നെനിക്ക് തോന്നി
പിന്നാലെ അച്ഛനും കൂടെയുണ്ട്
അമ്മേടെ കണ്ണിലെ കണ്ണുനീർത്തുള്ളികൾ
എന്റെ മനസ്സിലേക്കിറ്റു വീണു
അമ്മയും അച്ഛനും എന്തിനിങ്ങനെ
മാസ്കും ധരിച്ചിട്ട് അകലവും പാലിച്ച്
എത്ര നാൾ എത്ര നാൾ ഞാനിങ്ങനെ
എത്ര നാൾ എത്ര നാൾ ഞാനിവിടെ
സന്ധ്യ മയങ്ങുന്ന നേരത്ത്
മയക്കം കണ്ണിൽ തട്ടുമ്പോൾ
ചിന്തിച്ചിടുന്നൊരു ഭൂമിയ്ക്കു വേണ്ടി
രോഗമുക്തമായ ലോകത്തിനായി

**ശ്രീബാല.വി. എസ്**
7G ഗവ.യു.പി.എസ് . വിതുര
പാലോട് ഉപജില്ല
തിരുവനന്തപുരം

# COVID

Late it came,with a silent step
Smacked us hard,one by one
There goes a smack!first to whom
Duplicates all in all,yes they are
The ones who borders us
Who had an army strong and worth
They proved to be the best in all.
Yes,it is the Dragon's Land.......

But,the silly sickness took them down
It gave a hint,no it ain't so silly
But as the wheel of time went on
We took more time to take it in
The silly sickness or so we called
Marched all lands with heads all up
Smacked em' hard who blocked his way
Each and every who took a look
Did not survive his wide spread.

And soon he reached the God's Own Land.
As usual,he started quite 'n' low
With no more voice,no more light
He started,silent and pitch black
BUT..the lights came on and so the voice!
The lights of prevention and voice of cure.....

We stood together,we walked united
To banish the curse which once came.
And soon the sickness was all locked up,
With cage of trust and intense care....
The key to this was stored so safe,
Hand-in-hand by
God's Own Land.....

**ആൻഡ്രിയ എസ് ജോസഫ്**
9 I ഗവ.വിഎച്ച്എസ്എസ് മാനന്തവാടി
മാനന്തവാടി ഉപജില്ല, വയനാട്

# ഏദൻ തോട്ടം

എന്റെ കൊച്ചു വീട്ടിന്റെ തെക്കെപ്പുറമ്പിൽ
ഒരോമനപ്പൂന്തോട്ടം നട്ടുവളർത്തി ഞാൻ
വെള്ളമൊഴിച്ചു വളമിട്ടു ഞാനത്
ഏദൻ എന്നു പേരും വച്ചു

വിത്തുകൾ പാകി വിതച്ചു ഞാൻ
വെള്ളമൊഴിച്ചു വളവുമിട്ടു
നാൾക്കുനാൾ മുളപൊട്ടി വളർന്നു വന്നു
ഓരില ഈരില മൂവിലയിങ്ങനെ

കതിരുകൾ നിൽക്കും പറമ്പുകൾ
എന്നന്തരംഗത്തിൻ പ്രതീക്ഷയായ്
പല വിധമാം വിത്തുവിതച്ചു ഞാൻ
പരിപാലിച്ചു താലോലമാട്ടി ഞാൻ

ഫലമെടുപ്പിൻ സമയമായ്
എന്നോളമെത്തിയ കതിരുകൾ
എന്തൊരു കൗതുകമായിരുന്നു
എന്തൊരു സൗന്ദര്യമായിരുന്നു

പച്ചയിലകളാൽ നിറഞ്ഞൊരു തോട്ടം
കുഞ്ഞിളം കാറ്റിലും നൃത്തമാടി
തേൻ നുകരാൻ ശലഭങ്ങൾ പറ-
ന്നെത്തിയെൻ പൂന്തോട്ടത്തിൽ

ചെറുവണ്ടുകൾ തൻ മർമരാരവം
ചെറുകിളികൾ തൻ കളകളനാദം
കണ്ടുരസിച്ചു ഞാൻ ഏദൻ തോട്ടത്തിൽ
ഉല്ലാസപൂരിതം കുമ്പിടുന്നു

**ജീഫിൻ.എസ്**
3 ഗവ എൽ പി എസ് ആലത്തോട്ടം
പാറശ്ശാല ഉപജില്ല
തിരുവനന്തപുരം

# എന്റെ മോഹം

എന്നും എനിക്കൊരു മോഹം...
പറക്കുവാനുള്ളൊരു മോഹം...
മോഹം കൊണ്ടു സ്വപ്നം കണ്ടു..
സ്വപ്നം കൊണ്ട് ചിറക് മുളച്ച്
സ്വപ്നച്ചിറകിൽ പറന്നുയരാൻ
എന്നുമെനിക്കൊരു മോഹം...
കാണാകരങ്ങൾ എന്നെ തേടി...
കരുണ സ്നേഹം കൈകോർത്തു
നാലു ചുവരുകൾക്കുള്ളിൽ
നിന്നും അക്ഷരമുറ്റത്ത് എത്തി
അറിവിൻ ലോകം എനിക്കായി തുറന്നു
പറന്നുയരും ഞാൻ...
എന്നും എനിക്കൊരു മോഹം .
പറക്കുവാനുള്ളൊരു മോഹം...

**ആദർശ് ചന്ദ്രൻ**
4 ഗവ എൽ പി എസ് കുലശേഖരമംഗലം
വൈക്കം ഉപജില്ല, കോട്ടയം

# കടൽ

ഒരുജന്മം പല ജന്മം
ഒരു മിഴി പല മിഴികൾ
ഒരു പുഴ പിന്നെ പല പുഴകൾ
ഒടുവിലൊരു കടൽ
അതിനുമപ്പുറം ഇതുപോലെ
കടലാണതിര്
കടലിലലിഞ്ഞിട്ടുണ്ടെല്ലാം
ജീവിതത്തിന്റെ അവസാന ഉപ്പും
അലിഞ്ഞേ കടലിൽ

**അലീന**
4 ഡി ഗവൺമെന്റ് എൽ പി എസ്സ് കുളത്തൂർ
പാറശ്ശാല ഉപജില്ല, തിരുവനന്തപുരം

# ദൈവങ്ങളുടെ പ്രാർത്ഥന

ദേവാലയങ്ങളടച്ചുപൂട്ടി
ദേവന്മാരൊക്കെത്തടവിലായി
ലോകനിയന്ത്രണമേറ്റെടുത്തു
ലോകജേതാവായ് 'കൊറോണവൈറസ്'
മുപ്പത്തിമുക്കോടി ദേവകൾക്ക്
ഇത്തറനാൾ കഴിയാതിരുന്ന
ഒരുജാതി ഒരുമതമേകദൈവം
എന്നുള്ള നിത്യമാം സത്യത്തിനെ
ഒരു ഞൊടികൊണ്ടു മനുഷ്യവർഗ്ഗം
ഉൾക്കൊണ്ടു മുന്നോട്ടു നീങ്ങിടുവാൻ
കാരണഭൂതനാം 'വൈറസിവൻ'
ദേവകൾ തമ്മിൽ പിറുപിറുത്തു
മറ്റൊരവതാര ദൈവമാണോ?
ദേവാലയത്തിനകത്തളത്തിൽ
കേൾക്കുന്നു ദൈന്യമാം പ്രാർത്ഥനകൾ
മാനവസൃഷ്ടിയാം ഞങ്ങൾക്കു നീ
നൽകുമോ ശക്തിതൻ അർദ്ധഭാഗം
ഇല്ലെങ്കിൽ ഇത്രയും നാളുകൊണ്ട്
നേടിയതെല്ലാം തകർന്നുവീഴും

**ഭാവനകൃഷ്ണ**
4 B ജി എൽ പി എസ് വൈക്കംടൗൺ
വൈക്കം ഉപജില്ല
കോട്ടയം

# SOULMATE

When we got in lock down, not in town
We ran.. ran and ran.
None of us rushed to buy  Gold or Car or phones.
But, we were indeed ran out of food and livings.
Stay back home, stay back nature
Hold our hands to retain Lands
Not for earning but for living
Have a look!! Are the farmers our
Soulmates?
Keep an insight. Their hands make our COUNTRY once again.....

Nivedhitha S
Class-3 GLPS KARIMKUNNAM
തൊടുപുഴ ഉപജില്ല, ഇടുക്കി

# അപ്പൂപ്പൻ താടി

ചുറ്റുമുള്ള ലോകത്തെ
നന്നായി അറിയാൻ
അപ്പൂപ്പൻ താടികളോട്
തന്നെ ചോദിക്കണം
അത്രമേൽ മനോഹരമായി
ഊരുതെണ്ടുന്ന മറ്റൊന്നിനെ
എങ്ങനെ കണ്ടെത്താൻ കഴിയും

**മുഹമ്മദ് നിഹാൽ**
രണ്ടാം ക്ലാസ് ജി യു പി എസ് പോത്താങ്കണ്ടം
പയ്യന്നൂർ ഉപജില്ല
കണ്ണൂർ

# STILL LIFE

Everything around us stopped.....Why ??
There is no crowd in the mall or theaters....Why ??
There is no people in the street.....Why ??
Why everything is frozen ??
It is to save our lives from the virus
It is for our future...
No medicine can save us
But social distancing can
Simple steps can save us
But simple mistakes can take our lives
So letus be cautious
Let us fight together
Let us keep distance between us
So that we can meet tomorrow
Although we are separated today,
We will meet one day
Eagerly waiting for that beautiful spring......

**ബേസിൽ രാജ് ബി എസ്**
6 A ഗവ യു പി എസ് വെള്ളറട
പാറശ്ശാല ഉപജില്ല
തിരുവനന്തപുരം

# TRANSITION

Those roads hustled with vehicles
Now lay as no man's land
Those malls with largest of crowds
Is now not less than a ghosthouse

For those who meant home as shelter
Now realise it as a fountain of love
Those who never bothered people next to them
Now gets enough time to mingle

This wasn't the picture of the world
It all began a hundred days ago
A predator has been set out
To wipe out the human race
Witnessing it's wrath of destruction
All we can do is to stay home!!

**മാന്യ എസ് ആർ**
6 A ഗവ യു പി എസ് വെള്ളറട
പാറശ്ശാല ഉപജില്ല
തിരുവനന്തപുരം

# LIGHT OF SHADOW

Friends are like a shadow;
but they're always with me.
Life without friends are like,
a ship without a captain .
Shadows are always behind me;
but they know all my movements.
Like friends, shadows, they are always with me.
All my sorrows and happiness;
Shadows run with me.
These are mutually inter-
related to my life.
Like friends,that also keep;
all secrets of my life.
Friends are like a shadow, very close.

**ദേവനന്ദ.ടി**
6 A ഗവ യു പി എസ് വെള്ളറട
പാറശ്ശാല ഉപജില്ല
തിരുവനന്തപുരം

# അതിജീവനം

ഒരു മഹാമാരിയുടെ തടങ്കലിലാണെങ്കിലും
എന്റെ കണ്ണുകളിപ്പോൾ തിളങ്ങുന്നു
എന്റെ കാതികളിപ്പോൾ ആസ്വദിക്കുന്നു
എന്റെ ഹൃദയമിപ്പോൾ സന്തോഷിക്കുന്നു
പ്രകൃതി അതിജീവിച്ചിരിക്കുന്നു
നൂറ്റാണ്ടുകൾക്ക് ശേഷം
യുദ്ധം, അഴിമതി, കൊലപാതകം
പീഡനം, അസഹിഷ്ണുത
എല്ലാം തത്ക്കാലത്തേക്ക് അപ്രത്യക്ഷമായിരിക്കുന്നു
ഒരു കാലത്തെത്തന്നെ അതിജീവിച്ചിരിക്കുന്നു
അതിജീവനം എന്റെ ശീലമായിക്കഴിഞ്ഞു
ആശംസിക്കാൻ ഒന്നുമാത്രം
ആളിപ്പടരുന്ന മഹാമാരി
നമുക്കൊരു സ്വപ്നം മാത്രമാകട്ടെ
നാളത്തെ പ്രഭാതം സ്വപ്നസാക്ഷാത്കാരത്തിന്റേതാകട്ടെ
പ്രതീക്ഷയുടേതാകട്ടെ അതിജീവനത്തിന്റേതും

**അഭിഷേക് മോഹൻ**
6 A ഗവൺമെന്റ്, എച്ച്.എസ്. കാലടി
തിരുവനന്തപുരം സൗത്ത് ഉപജില്ല
തിരുവനന്തപുരം

# എന്റെ നാട്

എത്ര സുന്ദരമാണന്റെ നാട്
എന്റെ മലയാളനാട്
പിന്നിലേക്കു തിരിഞ്ഞു നടക്കാൻ
ഒരു കോവിഡ്കാലം വേണ്ടി വന്നു
എങ്ങും ആളും ബഹളമില്ല
എങ്ങും ചപ്പുചവറുകൂനയില്ല
എങ്ങും ഭക്ഷണത്തിന്റെ മിച്ചമില്ല
ആഡംബര വിവാഹങ്ങളില്ല
വാഹനത്തിന്റെ കലമ്പ ലില്ല
ഉത്സവത്തിന്റെ ശബ്ദകോലാഹലങ്ങളില്ല
എല്ലാരും കൈക്കോട്ടും വിത്തുമെടുക്കുന്നു
പഴമയിലേക്ക്
തിരിഞ്ഞു നടക്കുന്നു
എന്റെ ഭൂമി ശുദ്ധമായി തീരുന്നു
എങ്ങും ശുദ്ധ വായു നിറയുന്നു

**ഫിദ റ്റി**
2 F ഗവ. എച്ച് എസ് ശ്രീകാര്യം
കണിയാപുരം ഉപജില്ല
തിരുവനന്തപുരം

# SUGANDHA - AN UNSUNG LULLABY !

Angel...!
The world calls her so...
Maybe , she deserves it...
Everyone needed her,
But no one knew what she needed...

No Matter what, she was determined to fight...,
For her extended family comprising billions...
Neither was she alone,
Nor her emotions were frozen...
Hope was her identity, Valour carved her uniqueness...

Though the universe survives on unconditional love,
It can make you endure the severest of pains...
She had many roles to play...that no one can replace ,
She had young ones to look after, to feed, to lull...
But she had to overpower a battle...,

The ultimate war against a 'pathogenic' villain...
Thousands of her clan had gave up...losing their murmuring breath...
Her mind was wounded...Her soul was bleeding...
She could sense those aching souls wandering for her,
And craving for her selfless love...

Leaving her sorrows behind a mask,
Lending the hands of warmth to the needy,
Despondently, bidding bye to her kin...,
Letting melancholy play the lullabies for her nights....
She is the toughest ever...
Not a parasite can halt the whirlwind in her...
She will be breaking those chains...

The chains of never ending dilemmas...
And certainly, we can call her the 'angel',
who emerged as a saviour of the whole globe...!!!
............................................

*(Dedicated to the health personnel like Sugandha of Belgaum, who are fearlessly firefighting the battle against the novel Coronavirus....)*

**നിരഞ്ജന എം എസ്**
+1 (Science) ഗവ.എച്ച്.എസ്.എസ് പള്ളിക്കൽ
കിളിമാനൂർ ഉപജില്ല
തിരുവനന്തപുരം

# പ്രകൃതിപാഠം

ഒരുമതൻ പാഠം പഠിപ്പിക്കുവാനിങ്ങു
പ്രളയത്തിൻ രൂപത്തിൽ പ്രകൃതി നിന്നു.
അകലങ്ങൾ പാലിച്ചു സൂക്ഷിക്കുവാനിതാ
അണുവാം കൊറോണയായ് മാറി വന്നു.

സ്നേഹിക്ക പൂവിനെ, പുൽക്കൊടിത്തുമ്പിലെ
നീഹാര വൈഡൂര്യ ചാരുതയെ,
നീലക്കടലിന്നഗാധ സംഗീതത്തെ
നൂറായിരം ജീവതാളങ്ങളെ...

പഞ്ചഭൂതങ്ങളെ പാലിക്ക,നെഞ്ചിലെ
നേരുപോൽ നാളെകൾക്കായ് നമ്മളും
നാവേറുപാടുക, നാടുണർത്തീടുക,
നല്ല ശേഷിപ്പുകൾ വാണീടുക.....

**ദേവദർശൻ എസ് ആർ**
8 ജെ ഗവ. വി എച്ച് എസ് എസ് കല്ലറ
പാലോട് ഉപജില്ല, തിരുവനന്തപുരം

# കരുതലേയുള്ളു കരുതി വയ്ക്കാൻ

ഈ മഹാമാരി പകർ
ന്നോരു പാഠങ്ങൾ
ഓർക്കണം നാമിന്നു
കൂട്ടുകാരേ
നഗ്നനേത്രങ്ങൾക്കദൃശ്യനാമീയണു
ഉലകിന്റെ ശ്വാസക്രമം
തടഞ്ഞ് ......
അതിവേഗമിന്നവൻ
പാഞ്ഞിടുമ്പോൾ ...
ശവക്കൂന പെരുകുന്നു
ലോകമെങ്ങും
കരയുന്ന ലോകമേ നിൻ
ശാന്തി മന്ത്രമായ്
'കരുതലേയുള്ളു'
കരുതി വയ്ക്കാൻ ....
കരുതലേയുള്ളു
കരുതി വയ്ക്കാൻ .
അതിജീവനത്തിന്റെ
കാലത്തിലെത്തിടാൻ
അകലങ്ങൾ പാലിച്ച്
നടന്നു നീങ്ങാം
ഭീതി വെടിഞ്ഞ്
ജാഗ്രത കാട്ടിടാം
'കണ്ണികൾ പൊട്ടിക്കാം '
വീട്ടിൽ കഴിഞ്ഞിടാം ....
'കണ്ണികൾ പൊട്ടിക്കാം'
വീട്ടിൽ കഴിഞ്ഞിടാം.

**നന്ദന ശ്രീകുമാർ**
6 E ഗവൺമെൻറ് ഗേൾസ് എച് എസ് എസ് കോട്ടൺഹിൽ
തിരുവനന്തപുരം സൗത്ത് ഉപജില്ല
തിരുവനന്തപുരം

# ഓർമ്മമുറ്റം

ഉദ്യാനപാതയിലെ പച്ചമേലാപ്പിനുള്ളിലും
ഗുൽമോഹറിന്റെ നനുത്ത തണലിലും
പിന്നെ നാം ഒന്നിച്ചു കഥ പറഞ്ഞു
നടന്നു തീർത്ത വീഥികളൊക്കെയും
ഇന്ന് അന്യമായിരിക്കുന്നുവോ??
തളിർവാകതൻ കുളിർനാമ്പേറ്റു പാടുന്നു
ഈണമിടുന്ന കണിക്കൊന്നകൾ
ചാഞ്ഞ മരച്ചുവട്ടിൽ മഴയിൽ കുതിർന്ന ബാല്യം
അല്ലലേതുമറിയാതെ ഓണത്തുമ്പിയായി പാറിപ്പറന്ന കാലം
ഇനിയെത്ര ബാക്കിയുണ്ടാകിലും ജീവിതം
ഈ ഓർമ്മകൾ തിളങ്ങിടുമെന്നും
ഇന്നിതാ ഞാൻ വീണ്ടും ഇതുവഴിയേ
ചുവന്നു ചിരിച്ച ഗുൽമോഹറില്ല
ഇടവഴിയിലെ കണിക്കൊന്നയില്ല
അതിരിട്ട് മതിലുകൾക്ക് അപ്പുറവും ഇപ്പുറവും
വഴികളടഞ്ഞു മുറികളുയർന്നു
മഴമേഘം തടഞ്ഞ തളിർവാകകൾ എവിടെ???
പൂമണം പൊഴിച്ച കുടമുല്ലയെവിടെ?
തിരികെ നടക്കാൻ വഴിമറന്നു
ആളൊഴിഞ്ഞ വേദി കണക്കെ മനസ്സൊഴിഞ്ഞു
നെഞ്ചിലെരിയുന്ന നെരിപ്പോടുണ്ട്
ഇനി തിരിച്ചു നടക്കണം
ഇരുൾ വീണ ചക്രവാളത്തിലീ ആളൊഴിഞ്ഞ നടുമുറ്റം
ചുവപ്പു പാകി നല്ലൊരു നാളേക്കായി കാത്തിരിക്കുന്നു

Sivapriya S
X1-F1 ഗവൺമെൻറ്, ഗേൾസ് വി.എച്ച്.എസ്.എസ് മണക്കാട്
തിരുവനന്തപുരം സൗത്ത് ഉപജില്ല
തിരുവനന്തപുരം

# കരുതാം നല്ല നാളേയ്ക്കായി

ഒതുങ്ങാം വീടിന്റെയുള്ളിൽ
ഒരുങ്ങാം നല്ല ശീലങ്ങളാൽ
മണ്ണിന്റെ മണമറിയാം, പിന്നെ
ചെടികൾ തൻ കിന്നാരം കേൾക്കാം
അടുക്കളലോകമറിയാം
അമ്മക്ക് തുണയായി മാറാം
ഒത്തിരി കാര്യം പഠിക്കാം
വൃത്തി ശീലങ്ങൾ പുലർത്താം
വ്യായാമം ചെയ്യാം സ്ഥിരമായ്
ചിട്ടകൾ ശീലിച്ച് വളരാം
നാളെ തൻ കരുത്തായി മാറാം
വിത്തുകൾ പാകി മുളപ്പിക്കാം
നാടിന്നു തണലായി മാറാൻ

**വിഭാവരി എസ്.,**
6A ഗവൺമെൻറ്, ഗേൾസ് വി.എച്ച്.എസ്.എസ് മണക്കാട്
തിരുവനന്തപുരം സൗത്ത് ഉപജില്ല

# GO CORONA GO

I see a man fighting cough
I see a girl changing mask
I see the people in my town and say...Hey brother
What's going on?
I see a nurse with the needle
I see a doctor putting a steth
I see a policeman stood with anxiety
I see the people in my town and say...Hey brother!
What's going on?
Doctor's ,Nurse's .....
I see a chef with mask and hand wash
I see the people in my town and I say...Hey brother !
What's going on?

**സൗമ്യ എസ് എം**
6 A ഗവ യു പി എസ് വെള്ളറട, പാറശ്ശാല ഉപജില്ല
തിരുവനന്തപുരം

# എനിക്കു ചുറ്റും

സൂര്യൻ മാനത്തുദിച്ചല്ലോ
നേരം പരപരാ വെളുത്തല്ലോ
പക്ഷികൾ കലപില പാട്ടുംപാടി
മാനത്തൂടെ പറന്നല്ലോ
അങ്കവാലൻ പൂവൻകോഴി
കൊക്കരക്കോ കൂവുമ്പോൾ
തള്ളക്കോഴിയും കുഞ്ഞുങ്ങളും
കൊത്തിക്കൊത്തി നടക്കുന്നു
.കാക്കച്ചാരും നാട്ടുമൈനയും
വിരുന്നുണ്ണാനായ് വന്നല്ലോ
കുഞ്ഞിപ്പൂച്ച കുസൃതികൾ കാട്ടി
പയ്യെപ്പയ്യെ നടക്കുന്നു.
പല വർണത്തിൻ പൂക്കൾ മെല്ലെ
കാറ്റിലാടി രസിക്കുമ്പോൾ
പൂമ്പാറ്റകളും പൂത്തുമ്പികളും
തേൻ കുടിക്കാൻ വന്നല്ലോ .
ആഹാ എന്തൊരു രസമാണ്
കാണാൻ എന്തൊരു രസമാണ്
എത്ര മനോഹര വർണങ്ങൾ
എത്ര മനോഹര ശബ്ദങ്ങൾ
കാറ്റും മഴയും വെയിലുമെല്ലാം
പ്രകൃതി നൽകിയ വരദാനം

**ഫഹ്മിദ .ആർ.**
1 B ഗവൺമെൻറ്.എച്ച്.എസ്.കണ്ടല
കാട്ടാക്കട ഉപജില്ല
തിരുവനന്തപുരം

# മഴത്തുള്ളികൾ

നിനക്ക് സൗന്ദര്യമുണ്ടെന്ന്
ആദ്യമായി എന്നോട്
പറഞ്ഞത് ആരാണെന്ന്
ഓർമ്മയില്ല.
വീർപ്പുമുട്ടലിന്റെ
തേങ്ങലിന്റെ
പൊട്ടിച്ചിരിയുടെ
പിറുപിറുക്കലിന്റെ
പിന്നെ,
നീണ്ട നിശ്ശബ്ദതയുടെ
സൗന്ദര്യമുള്ള നീ
ലോക്ക് ഡൗണിന്റെ ചൂടിൽ
ആശ്വാസത്തിന്റെ
കൗതുകത്തിന്റെ
മഞ്ഞുകട്ടകളായി
എന്നിലേയ്ക്കലിഞ്ഞുചേർന്നു .

**സിൽഫ ആന്റണി**
7 D ചെറുപുഷ്പം യു പി സ്കൂൾ ചെമ്പന്തൊട്ടി
ഇരിക്കൂർ ഉപജില്ല
കണ്ണൂർ

# ഒത്തൊരുമിക്കാം

ഒത്തു നടക്കണമെന്നു പഠിപ്പിച്ച
പാഠങ്ങൾക്കിന്നു വിലക്കിതല്ലോ
ഒന്നായിരുന്നാൽ നന്നായി എന്ന്
മുന്നേ പഠിച്ചൊരു പാഠമല്ലോ
കോവിഡിൻ കാലത്ത് പാഠങ്ങളൊക്കെയും
മാറ്റിപ്പഠിക്കാൻ നാം ശ്രദ്ധിക്കണം
ശരിയായ അകലങ്ങൾ ശരിയാക്കി
എന്നാൽ കൂട്ടരെ! പിന്നീട് കൂട്ടമാകാം
ഒക്കെ ശരിയാകും എന്നു പഠിപ്പിക്കും
ആരോഗ്യരക്ഷകർ ഇന്നു ദൈവം
മറ്റുള്ളവർക്കായി ജീവൻ ത്യജിച്ചിടും
അവരെ നമുക്ക് കൈകൂപ്പി നിൽക്കാം
മാസ്ക് ധരിക്കേണം അകലത്തിൽ ആകണം
സർക്കാർ നമുക്ക് മുന്നിലുണ്ട്
അകലത്തിൽ ആയിരുന്നൊപ്പം നടന്നാലേ
ലോകവും രോഗവും ശാന്തമാവു..

**ശാലിനി കെ എസ്**
7C ചെമ്പകശ്ശേരി യു.പി.സ്കൂൾ പൂതകുളം
ചാത്തന്നൂർ ഉപജില്ല
കൊല്ലം

# പരോൾ ദിനങ്ങൾ

കൊറോണേ...
നിനക്കു നന്ദി
എനിക്കെന്നെ പകുതിയോളം
തിരികെ തന്നതിന്....
ചീറിപ്പായുന്ന ശകടങ്ങൾ തൻ
കോലാഹലം നിലച്ചയീ
ലോക്ക്ഡൗൺദിനങ്ങളിൽ
ഞാൻ വിഷപ്പുക വിഴുങ്ങാതെ നിങ്ങളെക്കണ്ടു...
ഫാക്ടറി തുപ്പുന്ന തീപ്പുകയില്ലാതെ
നിങ്ങൾ തൻ ശ്വാസകോശത്തിൽ
തലോടലായ് എത്തി..
മഹാവിപത്താണെന്നാകിലും
കൊറോണ നീ
എനിക്കേകിയ ഈ
പരോളിനൊരു നന്ദി
എന്ന് വായു!!!

**ഷെമീമ യാസ്മീൻ**
7A ജി യു പി എസ് പാനിപ്ര
കോതമംഗലം ഉപജില്ല
എറണാകുളം

# എന്റെ അവധിക്കാലം

മാവിൻ കൊമ്പിൽ പൂത്തു നിൽക്കും
മാമ്പഴത്തിൻ രുചിയറിയാൻ
കാത്തുനിന്നു ഞാൻ
പാറിപ്പറക്കും അപ്പൂപ്പൻ താടികളെ
പറത്തിവിട്ടു രസിച്ചു ഞാൻ
പല നിറത്തിലെ പൂമ്പാറ്റകളെ
കണ്ടു രസിച്ചു ഞാൻ
രസമുള്ള കാഴ്ചകൾ
സന്തോഷിപ്പിച്ചെങ്കിലും
കൊറൊണയെ പേടിച്ച്
വീട്ടിലിരുന്നു ഞാൻ

**ശ്രീനന്ദ**
2 A ജി..എൽ.പി.സ്കൂൾ ആനപ്പടി
പരപ്പനങ്ങാടി ഉപജില്ല
മലപ്പുറം

# കരുതൽ

അസ്തമയമില്ലാതെ
പ്രാണൻ ജ്വലിക്കുന്നേയില്ല.
കനവുകളിൽ
മനുഷ്യർക്ക് മരണം
ഇല്ലാത്തതുകൊണ്ടാണല്ലോ
സ്വപ്നങ്ങൾ
ഇത്രമാത്രം സമ്പന്നമായത്

**നുസൈബ നദ്റാൻ .ഒ.എൻ**
10 B ജി.എച്ച്.എസ്.എസ് കുമരനെല്ലൂർ
തൃത്താല ഉപജില്ല
പാലക്കാട്

# വിശ്വദർശനം

കൊന്ന പൂത്തുലയേണ്ടുന്ന കാലം!
കൊറോണ പൂത്തുലഞ്ഞ കാലം !!
അമ്മേ, നാളത്തെ വിഷുക്കണി
ഒരുക്കങ്ങളൊന്നും കാണുന്നില്ലല്ലോ?

മകളേ, ലോകം രോഗമുക്തമാവുന്നത്
നമുക്ക് കണികണ്ടുണരാം.
അമ്മേ, വിഷുക്കൈനീട്ടത്തിനായ്
എന്തുണ്ട് കരുതിവച്ചിരിക്കുന്നു?

മകളേ, നന്മ നിറഞ്ഞ മനസ്സിന്റെ പ്രാർഥനയാവട്ടെ
ഇത്തവണത്തെ വിഷുക്കൈനീട്ടം.
അമ്മേ, നമുക്ക് ഇത്തവണ പൂത്തിരി
തെളിയിക്കാൻ കഴിയില്ലേ?

മകളേ, ശുഭാപ്തി വിശ്വാസത്തിന്റെ
പൂത്തിരി എങ്ങും തെളിയുന്നത് കാണൂ.
അമ്മേ, ഈ വിഷുവിന് പടക്കത്തിൻ
ശബ്ദമൊന്നും ഉയർന്നില്ലല്ലോ?

മകളേ, ഒരുമയുടെ ഒറ്റക്കെട്ടിന്റെ പടക്കം
എങ്ങും മുഴങ്ങുന്നതു കേൾക്കൂ.
ലോകാ സമസ്താ സുഖിനോ ഭവന്തു.
ഓം .. ശാന്തി.. ശാന്തി.. ശാന്തി...

**പാർവ്വതി.എം.**
4 ജി..എൽ.പി.സ്കൂൾ വള്ളിക്കുന്ന്
പരപ്പനങ്ങാടി ഉപജില്ല
മലപ്പുറം

# SONG OF DESPAIR

People hung their heads low
And covered their ears
Trying hard
Not to hear them singing.
The voices, they were so feeble
But powerful than you can imagine.
The lyrics,
They were truth in its purest form.
Something which is
Not meant to be said aloud.
The waves,
They sang and sang
Until the whole world started hearing them.
When the waves sang
The clouds drew pictures in the sky
For everyone to see.
But people were so busy with their lives
That they didn't dare look up.
The songs,
They dragged me to the unknown depths of nowhere.

**Aami Anne Ziya**
10 B ജി.എ.പി.എച്ച്.എസ്സ്.എസ്സ്.എലപ്പുള്ളി
ചിറ്റൂർ ഉപജില്ല
പാലക്കാട്

# THE CRUEL SPREAD

The clime has closed.
The flock has locked.
The doctors has assembled.
The constabulary has embarked.

The clutches are hosed.
The visage are visored.
The human race was violenced, worried, depressed.
The super heroes, the cops with their work control
the world.

The franchise amendment get distinguished.
The religious harmony get attached.

The hindu, musalman and christ has abreasted
The virus spread came like seraph and spirit.

The angels of the hospitals shriek together and treated.
Now, The world shedders together for peace...

**ഫിദ റുഷ്ദി**
9 D ജി എച്ച് എസ് എസ് ആതവനാട്
കുറ്റിപ്പുറം ഉപജില്ല
മലപ്പുറം

# നിറങ്ങൾ - ഒരന്വേഷണക്കുറിപ്പ്

നിറങ്ങൾ അപഹരിക്കപ്പെട്ടു.
ചുവപ്പ് ചോരയിൽ പോലുമില്ല
ഇലകളിൽ പച്ചയും മഞ്ഞയുമില്ല
പൂക്കളിലുമില്ല, പേരിനുപോലും.
മഴവില്ലു വിരിയാറില്ല!
പക്ഷികൾ നിറമില്ലാത്തവയായ്
നീലാകാശം 'ആകാശം' മാത്രമായ്, നീലക്കടലും.
പതാകകളിൽ നിറം മങ്ങി.
സൂര്യൻ ഉറങ്ങി.
അശോകചക്രം തിളങ്ങാതെയായ്,
മനുഷ്യർക്കും നിറം ഇല്ലാതായി.
എന്നിലും നിന്നിലും നമ്മളിലും നിറം ഒന്നായി.
നിറമില്ലാത്തതിനാൽ ആരും പുറത്തിറങ്ങാതെയായ്.
കാക്കി മാത്രം കാവലായ്,
തൂവെള്ള കരുതലായ്.
ഒടുവിൽ,
മോഷ്ടാവ് നിറങ്ങൾ തിരികെ കൊണ്ട് വച്ചു
ഒരു മാലാഖ അതിനു തിരി തെളിച്ചു
തിരയും തീരവും കരയും കടലും
മനവും മനുഷ്യനും വർണ്ണാഭമായി
വർണ്ണക്കൊടികൾ പാറിപ്പറന്നു!
നമ്മളൊന്നാകയാൽ ലോകമൊന്നാകയായ്.. !!!

അഭിരാമി K. V
11 സയൻസ് ജി.എച്ച്. എസ്.എസ്. ഹൊസ്ദുർഗ്
ഹോസ്ദുർഗ്ഗ് ഉപജില്ല
കാസർഗോഡ്

# നമ്മൾ മനുഷ്യർ

ഇടിമുഴക്കങ്ങളോ മിന്നൽപ്പിണരുകളോ ഇല്ലാതെയാണത് വന്നത്
പതിയെ.. വളരെപ്പതിയെ
ആരുമറിയാതെ
ചെറിയ കാൽവെയ്പ്പുകളുമായി..
പതുക്കെ.. പതുക്കെ അതിന്റെ വേഗത കൂടി വന്നു..
വന്മരങ്ങളുടെ ചില്ലകളിൽ കാറ്റുപിടിച്ചു തുടങ്ങി..
പഴുക്കാറായ ഇലകൾ ആദ്യം കൊഴിഞ്ഞു വീണു..
പിന്നെ ചില്ലകളോരോരോന്നായടർന്നു വീണു..
ആകാശം നരച്ചു കൊണ്ടേയിരുന്നു..
വന്മരങ്ങൾ അപ്പോൾ വേരറ്റു വീണു..
ഭൂമി, മരണം പുതച്ചു കിടന്നു..
കൊവിഡെന്നൊരു വൈറസ് ,കൊടുങ്കാറ്റുപോലാഞ്ഞു വീശി..
നമ്മൾ ഒരു വേള നിരായുധരായി..
പക്ഷെ, നമ്മൾ തോറ്റില്ല.
ശാസ്ത്രവും മനുഷ്യനും തോറ്റില്ല.
നമ്മൾ ജാതിയും മതവുമില്ലാത്തവരായി..
ഒറ്റക്കെട്ടായി..
അകന്നിരുന്നും അകത്തിരുന്നും നമ്മൾ വൈറസിനോട് കലഹിച്ചു
പനിയാൽ മരിച്ച മണ്ണിൽ
പുതുജീവനുണർന്നു..

നാമുണർന്നു..
നമ്മളൊന്നായുണർന്നു..
നമുക്കു മീതെ പുതിയ പുലരി പിറന്നു..
നമുക്ക് ജാതിയില്ല, മതമില്ല, വർഗ്ഗമില്ല..
നമ്മളൊന്നായിപ്പറഞ്ഞു..
നമ്മൾ മനുഷ്യർ..

**അമൃത സന്തോഷ്**
9A ജി എച്ച് എസ് ചെമ്പകപ്പാറ
കട്ടപ്പന ഉപജില്ല
ഇടുക്കി

# രോഗപ്രതിരോധം

അന്യനാട്ടിൽനിന്നുയർന്നുവന്ന ഭീകരൻ
ലോകമാകെ ജീവിതം തകർത്തുകൊണ്ട് ഭീകരൻ
നോക്കുവിൻ ജനങ്ങളേ കേരളത്തിലാകെയും
ഒന്നുചേർന്നു തീർത്തിടുന്ന കരുതലും കരുണയും

പദവിയല്ല പണവുമല്ല ഇന്നു നമ്മൾക്കാവശ്യം
ഒത്തൊരുമയോടുള്ള കരുതലാണ് വേണ്ടത്

കൊറോണയെന്ന ഭീകരനെ ഒരുമയോടെ
തുരത്തിടാം, മാസ്ക് കൊണ്ട് മുഖം മറച്ചും
സോപ്പുകൊണ്ട് കഴുകിയും കൊറോണയെത്തുരത്തിടാം

നിപ്പയെയും പ്രളയത്തെയും
ഒരുമയോടെ നേരിട്ടു
മഹാമാരിയായ കോവിഡിനെ ഒരുമയോടെ നേരിടാം

തുരത്തിടാം നമുക്കവനെ
ഒരുമയോടെ നിന്നിടാം

**ശ്യാംരാജ് എം.**
3 C
ജി.എച്ച്.എസ്. വടശ്ശേരി
അരീക്കോട് ഉപജില്ല, മലപ്പുറം

# ഒരു കുട്ടിക്കവിത

ഒരുനുള്ളു കണ്ണീരു വാർത്തുകൊണ്ടീ ലോക-
വ്യഥയോടു ചേരുന്നു നാമേവരും
ഭയമല്ല കരുതലാണടിയുറച്ചാൽ നാളെ
അതിജീവനത്തിൻ കഥപറയാം
സൃഷ്ടിച്ച സ്രഷ്ടാവ് പോലും പകച്ചുപോയ്
നിൻ ചെയ്തികൾ കണ്ടു കണ്ണടച്ചു
സർവവും വെട്ടിപ്പിടിക്കുവാൻ നീ തീർത്ത
സമവാക്യം ഒന്നതിൽ പിറവികൊണ്ടു
നിൻ ബന്ധനത്തിന്റെ ചുരുളഴിച്ചിന്നവൻ
അന്തകന്റെ വേഷം കെട്ടിയാടി...
ഈ മഹാമാരിയോർത്തു കരയുവാൻ
കഴിയില്ല മനുജാ നിൻ കർമ്മഫലം
വൻമതിൽ താണ്ടിയാ
കോട്ടകൾ തച്ചുടച്ചിന്നവൻ
ഇന്നെന്റെ മണ്ണിലും തേരോട്ടമായ്
ഒരു ചുംബനം പോലും നൽകാൻ കഴിയാതെ
ചത്താലും തീരാത്ത പാപിയായി.
അകന്നിരിക്കാം രക്തബന്ധങ്ങളൊക്കെയും
ഇരുളിന്റെ മറനീങ്ങുമൊരു പുലരിവരെയും
വാനോളം വാഴ്ത്തി പുകഴ്ത്തീടാം നല്ല,
ആതുരസേവകർ നീതിതൻപാലകർ

**അഞ്ജലി**
5 B
ജി.എച്ച്.എസ്.എസ്. പാളയംകുന്ന്
വർക്കല ഉപജില്ല, തിരുവനന്തപുരം

# ഓർമപ്പെടുത്തൽ

ആരുമേ കാണാത്ത ഇത്തിരിക്കുഞ്ഞന്റെ
സംഹാരതാണ്ഡവം എല്ലാടവും
ആശങ്കയായ് പിന്നെ ഭീതിയിലായപ്പോൾ
എല്ലാവരുംതന്നെ കൂട്ടിലായി
ജാതിമതവർഗവർണവിവേചനം...
ഒട്ടുമേ വൈറസിന്നില്ലെന്നു കണ്ടു.
ഇന്ദ്രജാലംകൊണ്ടു മാരികൾ മാറ്റിയോർ,
മായകൾ കാട്ടി മന്ത്രം ജപിച്ചവർ...
എല്ലാവരും തന്നെ കൂട്ടിലായി.
ക്രൂരനാം വൈറസിൻ പിടിയിലായി.

ആരുമേ കൂട്ടിനില്ലാതെ ബന്ധിച്ചൊരു
പൈങ്കിളിതന്നുടെ വ്യഥയറിഞ്ഞൂ.
വീട്ടുകാരെല്ലാരും കൂട്ടിനുണ്ടങ്കിലും
പാരതന്ത്ര്യത്തിൻ മുഷിപ്പറിഞ്ഞു.
ക്ഷണനേരംകൊണ്ടു പടർന്നൊരു വൻമാരി
പാഠങ്ങളേറേ പഠിപ്പിച്ചു നമ്മേ.

മത്സരബുദ്ധിയാൽ
ചെയ്തൊരാ ചെയ്തികൾ
എല്ലാം വെറുതെയെന്നറിയുന്നു നാം.
ഒന്നിച്ചുനിൽക്കാൻ പഠിപ്പിച്ചവർ തന്നെ
അകലമൊരിത്തിരി ഗുണമെന്നു ചൊല്ലി.
പഴമയിലേക്കു മടങ്ങീ പലരും
പഴങ്കഥ പറയാനും സമയമുണ്ടിപ്പോൾ...
വീട്ടുകാർ പലരും പരസ്പരം കണ്ടൂ.
കളിയും ചിരിയും കുശലം പറച്ചിലും...
മുറ്റവും പൂക്കളും തൊടിയും മരങ്ങളും..
അച്ഛനുമമ്മയും ഉണ്ണിയും പത്നിയും...
എല്ലാമേ കാണുവാൻ ഈശ്വരൻ തന്നുടെ
വികൃതിയോ വെറുമൊരു ഓർമ്മപ്പെടുത്തലോ?

**ഷാന**
8 E
ജി.എച്ച്.എസ്.എസ്. ഇരുമ്പുഴി,
മലപ്പുറം ഉപജില്ല

# അവൻ...

പുഞ്ചിരികൊണ്ടു വസന്തം വിടർത്തി
ചമഞ്ഞിരിക്കുന്നൊരു പൊന്നുനാട്ടിൽ

ആർത്തുല്ലസിച്ചു നടക്കുന്ന വേളയിൽ
ഒരു മഹാവൈറസ് കൊറോണയെത്തി

രോഗികൾ രണ്ടായി നാലായങ്ങനെ
നാൾക്കുനാൾ പിന്നെയവ ലക്ഷങ്ങളായ്

ചൈനയിൽ പൊട്ടിമുളച്ചൊരു ഭീകര-
മാരകരോഗം പടർന്നുപോയി
നാടായ നാടും കടലും കടന്നിട്ട്
രാജ്യങ്ങളൊക്കെയും കീഴടക്കി

ലോകം മുഴുവൻ പകച്ചും കിതച്ചും
പനിച്ചും വിറച്ചും വെറുങ്ങലിച്ചു

മാവിൻചുവട്ടിലെ ആർപ്പുവിളിയില്ല
ആൽമരച്ചോട്ടിലെ കുശലങ്ങളും

ചില്ലിട്ട കടകളുടെയുള്ളിലിരുന്നിട്ട്
മാടിവിളിക്കും മിഠായിയില്ല

പൂമ്പാറ്റയെപ്പോലെ പാറി നടന്നവർ,
ചീറ്റയെപ്പോലെ കുതിച്ചുപായുന്നവർ
താഴോട്ടു നോക്കാൻ സമയമില്ലാത്തവർ
എല്ലാരുമിന്നു ലോക്ഡൗണിലായി

കോവിഡെന്നൊരു മാരകമാരിയോ-
ടേറ്റുനിൽക്കാനൊരു സൈന്യമുണ്ട്

ഡോക്ടർമാർ നഴ്സുമാർ ആരോഗ്യ-
പാലകർ ധീരരായുള്ള പോലീസുകാരും

പിന്നെയവരെ നിയന്ത്രിക്കുവാനായി
ചങ്കുറപ്പുള്ള ഭരണക്കാരും
ഒന്നിച്ചു പോരാടും ത്യാഗികളാണവർ
ചേർത്തുപിടിക്കാം നമുക്കവരെ

വിജയത്തിൻ മാറ്റൊലികേൾക്കും

വരേയും വീട്ടിലിരിക്കുക
നമ്മളെല്ലാം

സോപ്പിട്ടു മാസ്ക്കിട്ടു ഗ്യാപ്പിട്ടു
നിൽക്കാം, ഒന്നിച്ചൊരേമനസ്സായി
നിൽക്കാം,
നാളെ പുലരി നമുക്കായ് വിരിയട്ടെ
അല്ലലില്ലാത്തൊരു വർണലോകം.

**ഹന്ന ഫാത്തിമ**
6 C
ജി.എച്ച്.എസ്.എസ്. പുല്ലങ്കോട്
വണ്ടൂർ ഉപജില്ല, മലപ്പുറം

# മഞ്ഞമന്ദാരം

പാവമാണവൾ മുറ്റത്തുകോണിലായി
വാടിയോയെന്നു തോന്നുമിലകളാൽ
മൂടിനിൽക്കുന്ന വൃക്ഷവധുവിനെയാരു
ചൂടിച്ചു പൊന്നിൻ ജിമിക്കികൾ.

കൂട്ടുകൂടുവാനെത്തുന്ന മൈനകൾ
'തുള്ളി തായോ'യെന്നു കൊഞ്ചിടുന്നു.
അമ്മയേൽപ്പിച്ച മുട്ടകൾ കാറ്റിലാടാതെ
ചേർത്തുപിടിക്കുന്നു തൻകരങ്ങളാൽ.

കുഞ്ഞുപൂമ്പാറ്റക്കുരുന്നുകൾ തന്നെ
ചേച്ചിയെന്നു വിളിക്കേ നാണിച്ചു
തലതാഴ്ത്തി നിന്നനേരം കാറ്റിൻ
സ്പർശനത്താൽ ഇളകിയാടി.

**സോന**
5 A
യു.പി.എസ്. മൈലക്കര
കാട്ടാക്കട ഉപജില്ല, തിരുവനന്തപുരം

# അന്യമാകുന്ന ജീവതാളം

മാനവരാശിയെ
കോവിഡ്
ആക്രമിച്ചപ്പോഴാണ്
സ്വത്വം നഷ്ടപ്പെട്ട ബോധം
മനുഷ്യൻ
തിരിച്ചറിഞ്ഞത്.
പണ്ട്...
കമ്പ്യൂട്ടറുകളെ മാത്രമേ
വൈറസുകൾ
ആക്രമിക്കുകയുള്ളുവെന്ന്
പഠിപ്പിച്ചുതന്നത് ഐ.ടി. ടീച്ചർ.
വീട്ടിലടച്ചിരിക്കുമ്പോഴും
'അകലങ്ങളിലെ ഇന്ത്യ'യിൽ
മാനവസംസ്കൃതിയുടെ
കോട്ടകൊത്തളങ്ങളിൽ
കരിനിഴൽ
വീഴ്ത്തിക്കൊണ്ട്
കോവിഡിന്റെ ബാക്കിപത്രം...
അരച്ചാൺവയറിന്റെ
പശിയടക്കാൻ പോലുമാകാതെ
ദൈന്യത്തിൽ കേഴുന്ന സമൂഹത്തിന്റെ
നേർസാക്ഷ്യങ്ങൾ.
ഒടുവിൽ
'എന്നു തീരുമീ ദുരിതമെ'ന്ന-
ലറിവിളിക്കാൻ പോലുമാകാതെ
നിശ്ശബ്ദമാക്കപ്പെട്ടവരുടെ കൂട്ടത്തിൽ
ഞാനും.

**അൻഷിദ പി.**
9 C
ജി.എച്ച്.എസ്.എസ്. പോരൂർ
വണ്ടൂർ ഉപജില്ല, മലപ്പുറം

# കല്ല്

കൂരിരുട്ടാമീ സന്ധ്യകളിൽ
വികാരങ്ങളില്ലാതെ നാളേറെയായ്
എല്ലാമറിയുമെന്നാകിലും
ഇന്നെല്ലാം സഹിക്കുമീ
വേളകളിൽ
കയ്പോ ചവർപ്പോ മധുരമോ,
ഇന്നൊന്നുമറിയാതെ അണയുന്നു
ഒഴുകിനടക്കുമീ പൃഥ്വിയിൽ
ഞാൻ മാത്രം നിശ്ചലപ്രതിമയായ്
കണ്ണുണ്ടെനിക്ക്; ഞാൻ
കാണുന്നുവെല്ലാം
നാവുണ്ടെനിക്ക്; ഞാൻ
മൊഴിയുന്നുവെല്ലാം
എന്നാലാരുമെൻ
സ്വരമിന്നു കേൾക്കുന്നില്ലയോ?
ഞാനെല്ലാം കേൾക്കുന്നു-
വെന്നറിയുന്നില്ലയോ?
വിതയ്ക്കുന്നുണ്ടെന്നിലും
കൊയ്യുന്നുണ്ടെന്നിലും
ആരുമറിയുന്നിലാകിലും
ഞാൻ മാത്രമറിയുന്നു.
എല്ലാരുമുണ്ടെങ്കിലും ഒന്നുമില്ലാത്തപോൽ
മറ്റുള്ളവർതൻ മിഴികളിൽ
ഒരു പാറക്കല്ലുപോൽ
കരയുന്നു ഞാനുമെന്നുള്ളിന്റെയുള്ളിലായ്
പൊട്ടിച്ചിരിക്കുന്നു
ഞാനുമെന്നഗാധതകളിൽ
എന്നെയറിയാത്തതെന്തേ
എൻ കുറ്റമോ?
വികാരങ്ങളുണ്ടെന്നാകിലും
വികാരങ്ങളിലാത്തപോൽ
മറ്റുള്ള മിഴികളിൽ കേവലം
നിശ്ചലശില്പമായ്.

ആരുടെയോ വിരൽത്തുമ്പിലെ
പാവയോ ഞാൻ?
മറ്റുള്ളവർതൻ കാൽച്ചുവട്ടിലെ
കല്ലു മാത്രമോ?
എത്രയോ ചവിട്ടിയരയ്ക്കുമെ -
ന്നാകിലുമെൻ കണ്ണീർ
പൊടിയുമെന്നാകിലും
ആരുമറിയുന്നില്ലെന്റെയീ വേദന
ഒരു പാറക്കല്ലുമാത്രമായ്
ഈ ജന്മമെന്നും....

**രുദ്ര വി.**
10 ബി
ജി.എച്ച്.എസ്. ബമ്മണൂർ
കുഴൽമന്ദം ഉപജില്ല, പാലക്കാട്

## മടക്കം

ദിനങ്ങൾ കടന്നുപോകുന്നു
കറുത്ത രാവുകൾ പോലെ ഓരോ
നിമിഷവും മനുഷ്യർ കെഞ്ചുന്നു
ജീവനുവേണ്ടി ഉറ്റവർക്കായി
മഹാമാരിയാം കൊറോണ
തട്ടിയെടുത്ത ജീവനു വേണ്ടി
ഓരോ ദിനംകൊണ്ട് നീയീ
ലോകം മുഴുവൻ നിന്റെ കീഴിലാക്കി
എന്നിരുന്നാലും ഞങ്ങൾ നിന്നെ
വശത്താക്കും, അതിനു മുൻപായി
നീ പോകൂ നിൻ ഗൃഹത്തിലേക്ക്
നിന്റെ ഭണ്ഡാരങ്ങളെടുത്ത്

**അർഫീന ഫെബിൻ കെ.**
7 B ജി.
യു.പി. സ്കൂൾ, ചീക്കോട്
കിഴിശ്ശേരി ഉപജില്ല, മലപ്പുറം

# ജയിൽവാസം

ഇതു മനുഷ്യന് പ്രകൃതി നൽകിയ ജയിൽവാസമോ?
നീയില്ലാതെ ലോകം മുന്നോട്ടുപോകുമെന്ന
താക്കീതോ?
നീ പ്രകൃതിയുടെ യജമാനനല്ല, അടിമയാണ് എന്ന മുന്നറിയിപ്പോ?
തൊട്ടുപോവരുത്, നീ ഈ പ്രകൃതിയെ, എന്ന് ദൈവം വിലക്ക്
കൽപ്പിച്ചതോ?
അറിയില്ല...
എങ്കിലും,
ദൈവത്തിന്റെ ഏറ്റവും ബുദ്ധികൂടിയ വർഗം ഇല്ലാതെയും
സൂര്യനുദിക്കും, അസ്തമിക്കും.
ഇതു മനുഷ്യനുള്ള ജയിൽവാസം.

**റസിൻ മുഹമ്മദ് പി.**
1
ജി.എം.എൽ.പി. സ്കൂൾ, ഉദിരംപൊയിൽ
വണ്ടൂർ ഉപജില്ല, മലപ്പുറം

# ജാഗ്രത

കച്ചമുറുക്കി കൊറോണ
കൈകഴുകി കാര്യസ്ഥൻ
മാസ്ക് ധരിച്ചു മുത്തശ്ശൻ
തൂവാല കെട്ടി മുത്തശ്ശി
അകലം പാലിക്കൂ കുട്ട്യോളേ,
കണ്ടത് തിന്നരുതെന്നച്ഛൻ
കറങ്ങിനടക്കരുതെന്നമ്മ
കൈകൂപ്പും സംസ്കാരം
കൈകഴുകും സംസ്കാരം
ആരോഗ്യം സമ്പത്ത്
ആർഭാടം ആപത്ത്

**ആർ.ജി. ശ്രീഗ**
3 ബി
ജി.എൽ.പി.എസ്. മുണ്ടൂർ
പറളി ഉപജില്ല, പാലക്കാട്

# പുതുപാഠങ്ങൾ

ലോക്ഡൗൺകാലത്തു വീട്ടിലിരുന്നിട്ടു
വെറിപിടിക്കുന്നുണ്ടോ കൂട്ടുകാരേ?
മുറ്റത്തിറങ്ങിട്ടു വിത്തുകൾ പാകീട്ടു
ചെടികൾ വളർത്തിടാം കൂട്ടുകാരേ
വേനലിൽ ദാഹിക്കും കിളികൾക്കു നൽകാനായി
വെള്ളമൊരുക്കിടാം കൂട്ടുകാരേ
പൂക്കളിൽ പാറുന്ന പൂമ്പാറ്റകൾക്കൊപ്പം
തുള്ളികളിച്ചിടാം കൂട്ടുകാരേ
ആകാശവീഥിയിൽ പാറിക്കളിക്കുന്ന
പട്ടങ്ങളുണ്ടാക്കാം കൂട്ടുകാരേ
ഗുണപാഠമോരോന്നും ചൊല്ലിത്തന്നീടുന്ന
പുസ്തകം വായിക്കാം കൂട്ടുകാരേ
ശാഖികളിൽ തൂങ്ങും വള്ളികളോരോന്നിൽ
ഊഞ്ഞാല് കെട്ടീടാം കൂട്ടുകാരേ

**ഐലിൻ ബ്ലസ്**
3 B
ജി.എൽ.പി.എസ്. കടങ്ങോട്
കുന്നംകുളം ഉപജില്ല, തൃശ്ശൂർ

# മാഞ്ഞിടല്ലേ...

ഒരു പച്ചപ്പുളിയിലപോൽ പാറിനടക്കവേ
കൈയിലെ കൊച്ചുതുമ്പിയെ മെല്ലെ പറത്തവേ
കേൾക്കാത്ത കഥകളെ വായിച്ചെടുക്കവേ
പ്രകൃതിയെന്ന പുസ്തകം മെല്ലെ തുറക്കവേ
പാറിപ്പറക്കും പൂമ്പാറ്റകളെ കാണവേ
കുസൃതിപറഞ്ഞും കളിചിരികൂടിയും ഓടിക്കളിക്കവേ
മായല്ലേ മാഞ്ഞിടല്ലേ എന്റെ പ്രകൃതിയേ....

**അൽഫിയ ടി.**
7 C
ജി.യു.പി.എസ്. ഭീമനാട്
മണ്ണാർക്കാട് ഉപജില്ല, പാലക്കാട്

# മാറുന്ന കാലം

ശിശിരം
വസന്തം
ഗ്രീഷ്മം
ശരത്.......
കാലചക്രം കറങ്ങി-
പ്പോവുന്നു.
പറഞ്ഞുനിൽക്കാനും
പഠിച്ചുവയ്ക്കാനും
പ്രതിരോധിച്ചുനിൽക്കാനും
ഒറ്റക്കെട്ടായി നിൽക്കാനും...
കുറേ കാലങ്ങൾ പിന്നെയും മുന്നോട്ട്...
പ്രളയകാലം...
കലാപകാലം...
ദുരിതകാലം...
ഒടുവിൽ എല്ലാവർക്കും
ഒരു കൊറോണക്കാലം.

അംന ഷെറിൻ
1 C, ജി.എൽ.പി.എസ്. കരുവാരക്കുണ്ട്
വണ്ടൂർ ഉപജില്ല, മലപ്പുറം

# പൂരം

ഇരുട്ടിന്റെ ആന
കൊമ്പുകുലുക്കി
നെറ്റിപ്പട്ടം കെട്ടിയ മേളങ്ങൾ
തമ്മിലിടഞ്ഞു
കുഴലുകളിൽനിന്ന്
സർപ്പങ്ങൾ പത്തിവിടർത്തി
മിഠായിത്തട്ടിലേക്ക്
പൊട്ടിവീണ മഴ
ഒലിച്ചുപോയ പുഴയുടെ പിന്നാലെ ഓടി
കടലെത്തിയിട്ടും നിൽക്കാതെ...

**ആതിര ആർ.**
9 സി, ജി.ജി.വി.എച്ച്.എസ്.എസ്. നെന്മാറ
കൊല്ലങ്കോട് ഉപജില്ല, പാലക്കാട്

# സ്റ്റേ ഹോം

ഇന്നു ഞാൻ എന്റെ വീട്ടിലിരിപ്പൂ...
നാളേയ്ക്കുവേണ്ടി എന്റെ നാടിനുവേണ്ടി
ഇന്നു ഞാനെൻ വീട്ടിലിരിപ്പൂ...
വീടിനുവേണ്ടി എൻ വീട്ടുകാർക്കായി.

ഇന്നു ഞാൻ വീട്ടിലിരിപ്പൂ...
എനിക്കുവേണ്ടി എന്റെ ജീവനുവേണ്ടി
പരസ്പരസ്നേഹവും വ്യക്തിതൻ അകലവും
പാലിക്കണം നാം എന്നുമേ...

ദുഷ്ടനാം കൊറോണയെ അകറ്റണം നാം
ഇങ്ങനെ വൃത്തിയും ശുചിത്വവും
പാലിക്കണം നാം എന്നുമേ
ഇന്നു ഞാനെന്റെ വീട്ടിലിരിപ്പൂ...
നാളേയ്ക്കുവേണ്ടി എൻ നാടിനുവേണ്ടി...

**അതുൽകൃഷ്ണ ഇ.കെ.**
4 A
ജി.എൽ.പി.എസ്. ശാന്തിനഗർ
വണ്ടൂർ ഉപജില്ല, മലപ്പുറം

# ഭീതി

ചൈനയെ തകർത്തെറിഞ്ഞു
പിറവികൊണ്ട രാക്ഷസൻ
ലോകരാജ്യങ്ങൾക്കു നേരെ
മരണഭാണ്ഡവുമായി വന്നു
പ്രപഞ്ചശക്തികളേ,
എന്തിനിവനെ ഭൂമിയിലേക്കയച്ചു?
സ്നേഹമാം മലർവാടിയിൽ
സ്നേഹിച്ചുകഴിയുന്ന ഞങ്ങളിന്ന്
ഭീതിയുടെ മുൾമുനയിൽ
ശാസ്ത്രയുഗമേ,
ഈ മഹാമാരിയെ തളയ്ക്കണം.
പതിനായിരങ്ങൾ മരിച്ചുവീഴുന്നു,
ഗ്രാമങ്ങൾ വിതുമ്പുന്നു,
ലോകരാജ്യങ്ങൾ നടുങ്ങുന്നു.
മനുഷ്യകുലത്തിൻ നാശത്തിനായി
പിറവികൊണ്ട രാക്ഷസൻ.
അകത്തങ്ങിരിക്കണം, അകലെ നിൽക്കണം,
ശുചിത്വം നോക്കണം,
കാക്കണം നമ്മൾ
സഹജീവിയാം മനുഷ്യനെയും
ജന്മനാടിനെയും.....

**ജ്യോതിക ഷാജി**
4 A
ജി.എൽ.പി.എസ്. പെരുമ്പുന്ന
ഇരിട്ടി ഉപജില്ല, കണ്ണൂർ

# കൊലയാളി

കാഴ്ച: ആരു കണ്ടാലും പുന്നാരിക്കാൻ തോന്നുന്ന,
ആർക്കും സ്നേഹിക്കാൻ തോന്നുന്ന തങ്കക്കുടമാണ് ഞാൻ,
കൊറോണ
സ്വഭാവം: സൂക്ഷ്മജീവിയാണവൻ,
കുഞ്ഞുഭീകരൻ! തൊടരുത്.... അപകടകാരിയവൻ,
കൊലയാളി കൊറോണ!
ന്യൂനത: പേടിയുണ്ടേൻ
സോപ്പും സാനിറ്റൈസറും അവനെന്നെന്നും പേടിസ്വപ്നം
അകലം തളർത്തുമവനെ എന്നേക്കുമായ്...

**നിയ എം.**
4 എ
ജി.എം.എൽ.പി.എസ്. പരതക്കാട്
കിഴിശ്ശേരി ഉപജില്ല, മലപ്പുറം

# മഹാമാരി

കൊക്കോ കൊക്കോ കൊറോണ
കൂവിപ്പായും കൊറോണ
ചീറിപ്പായും കൊറോണ
ചീറ്റപ്പുലിയായ് കൊറോണ
ചിന്നം വിളിക്കും കൊറോണ
ആറ്റംബോംബായ് കൊറോണ
പൊരുതിജയിക്കും നമ്മൾ
സോപ്പിൽ വിജയം കാണും

**സിനാൻ പി.**
4 ജി.
എൽ.പി.എസ്. പിലാക്കാട്ടിരി
തൃത്താല ഉപജില്ല, പാലക്കാട്